Reg No. 101, M 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നതല്ല."

| പുസ്തകം 24 | 1126 മീനം 7 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 മാർച്ച് 21 | ലക്കം 30 |
|---|---|---|

# പുനരുത്ഥാനം

## (റൈററ് റവ. മോൺ. ജോർജ് കാക്കശ്ശേരി)



മരിക്കുക മനുഷ്യനു അരോചകമാണ്. ഭൂമുഖത്തുള്ള യാതൊരു ജീവിയും ചാകുവാൻ ഇഷ്ടപ്പെടുന്നില്ല. എന്തുവന്നാലും ജീവൻ നിലനിറുത്തുവാനാണു മനുഷ്യനായാലും മൃഗമായാലും അങ്ങേഅററത്തെ പരിശ്രമം. ശാരീരികമായ രോഗങ്ങളിൽനിന്നും അപകടങ്ങളിൽനിന്നും നമ്മെ സംരക്ഷിപ്പാനുള്ള നമ്മുടെ ജാഗ്രതയും തീക്ഷ്ണതയും പ്രത്യക്ഷമാണല്ലോ. യഥാസമയം തടഞ്ഞില്ലെങ്കിൽ അവ ജീവഹാനിക്കു കാരണമായേക്കും. എത്രയെത്ര മൃഗങ്ങൾ നമ്മെ ഭയപ്പെടുകയും നമ്മിൽനിന്നു ഓടിയകലുകയും ചെയ്യുന്നു. അവയെ ദ്രോഹിപ്പാനും, കൊല്ലുവാൻപോലും നമുക്കു കെൽപുണ്ടെന്നു അവയ്ക്കു നന്നായറിയാം. ജീവനെ പുലത്തുവാനുത്സാഹിക്കുക, കേവലം സ്വാഭാവികമാണ്; എന്നാൽ കൗതുകാവഹമായിട്ടുള്ളതു മരിക്കുക എന്നതും പ്രകൃതിനിയമമാണെന്നുള്ളതത്രെ. പക്ഷെ മൃത്യുവിനു സ്വാഗതമരുളുക ആർക്കും അത്ര ആനന്ദപ്രദമല്ല. മരണചിന്ത സാധാരണ മനുഷ്യർക്കു ഭയങ്കരമാണ്; നാമൊരിക്കൽ മണ്ണിനടിയിൽ മറയേണ്ടവരാണെന്ന വിചാരം വിഷാദംനിറഞ്ഞതാണ്; പല തത്വജ്ഞരേയും കവികളേയും സന്താപസ്തബ്ധരാക്കീട്ടുള്ളതാണ്.

പുരാതനകാലത്തെ ഗ്രീക്കു തത്വജ്ഞാനികൾ യുക്തിയിൽനിന്നുതന്നെ കണ്ടെത്തി മനുഷ്യാത്മാവു അമർത്ത്യമാണെന്നു്. ഒരിക്കൽ അതിന്റെ സ്വന്തമായിരുന്ന ശരീരം നാമാവശേഷമായാലും അതു പരലോകത്തിൽ എന്നുമെന്നും ജീവിക്കുമെന്നു അവർക്കു ബോദ്ധ്യമുണ്ടായിരുന്നു. എന്നാൽ മനുഷ്യശരീരം ഉയിർത്തെഴുന്നേല്ക്കുകയും, ആത്മാവുമായി പുനരൈക്യം പ്രാപിക്കയും, അങ്ങനെ നിത്യമായി ജീവിക്കയും ചെയ്യുമെന്നുള്ള മഹാരഹസ്യം അവരുടെ വിജ്ഞാനഭണ്ഡാഗാരത്തിൽ ഉൾപ്പെട്ടിരുന്നില്ല. വിശേഷബുദ്ധിയുടെ വ്യാപാരത്താൽമാത്രം ആവിഷ്കരിക്കുവാൻ വഹിയാത്ത ഒരു നിഗൂഢസത്യമായിരുന്നു അതു്. ഈശ്വരൻതന്നെ വെളിപ്പെടുത്താതെ അതു അറിയുക വയ്യ. ശരീരം മരണമടയുക സ്വാഭാവികമാണ്; അതു പുനർജ്ജീവിക്കയും എന്നന്നേക്കും ജീവിക്കയും ചെയ്യുക എന്നതു പ്രകൃതിയെ തുലോം അതിശയിക്കുന്നതാണ്; അത്ഭുതാവഹവും സ്വഭാവാതീതവുമാണ്. ദുസ്സഹമായ പരീക്ഷണവേളയിൽ ജോബിന്റെ ഉൾത്തടത്തിൽ സമാശ്വാസകിരണങ്ങൾ വിശിയതു് ഈ മഹാസത്യമാണ്. "എന്റെ രക്ഷകൻ ജീവിച്ചിരിപ്പുണ്ടെന്നും, അവസാനദിവസം ഞാൻ ഭൂമിയിൽനിന്നെഴുന്നേല്ക്കുമെന്നും എനിക്കറിയാം; എന്റെ തൊലികൊണ്ടു ഞാൻ വീണ്ടും ആവരണംചെയ്യപ്പെടും; സശരീരനായി എന്റെ ദൈവത്തെ ഞാൻ ദർശിക്കയുംചെയ്യും." സഹോദരനായ ലാസറിന്റെ അകാലനിര്യാണത്തിൽ ദുഃഖാർത്തയായ മർത്തായും ഈ വിശ്വാസം ഏററുപറയുകയുണ്ടായി: "അവസാനദിവസം പുനരുത്ഥാനത്തിൽ അവനും ഉയിർത്തെഴുന്നേല്ക്കുമെന്നു എനിക്കും അറിവുള്ളതാണ്."

ആത്മശരീരങ്ങളോടുകൂടി നാം പുനർജ്ജന്മം പ്രാപിക്കുമെന്നുള്ള പ്രത്യാശ നമ്മെ ധൈര്യപ്പെടുത്തുകയും, മഹത്വമേറിയ പുനരുത്ഥാനത്തെ അവകാശപ്പെടുവാൻ തക്കവിധം വിരോചിതമായി പലതും പ്രവർത്തിക്കുവാൻ നമ്മെ പ്രചോദിപ്പിക്കയും ചെയ്യാതിരിക്കയില്ല. നമ്മുടെ കർത്താവീശോമിശിഹാ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററതുകൊണ്ടു മാത്രമാണു നമുക്കും ഇതു സാദ്ധ്യമായതു്. "നിദ്രചെയ്യുന്നവരിൽ ആദ്യജാതനായ ക്രിസ്തു മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻകാരണം മരണം വന്നുചേന്നു; മൃതന്മാരിൽനിന്നുള്ള ഉത്ഥാനവും ഒരു മർത്ത്യൻമൂലംതന്നെ." (1 കൊറി. 15,20,21) ഇങ്ങനെ പുനരുത്ഥാനത്തിന്റെ പ്രവർത്തനത്തിനു നിദാനഭൂതനായ മനുഷ്യൻ മാനുഷനായി അവതരിച്ച ദൈവകുമാരനാണ്. അവിടുത്തെ ഉത്ഥാനമാണു സകല മനുഷ്യരുടേയും ഉയിർത്തെഴുന്നേല്പിന്റെ അടിസ്ഥാനം. ക്രിസ്തുവിന്റെ മനുഷ്യസ്വഭാവമാണല്ലോ നമുക്കു കൈവന്ന ദൈവികമായ സമസ്തകൃപാവരങ്ങളുടേയും അക്ഷയമായ ഉറവിടം. ആകയാൽ പുനരുത്ഥാനവരം ലഭിക്കുന്നതും അവിടുത്തെ പക്കൽനിന്നുതന്നെയാണ്. പാപമാകുന്ന ആദ്ധ്യാത്മമരണത്തിൽനിന്നു പ്രസാദവരംകൂടാതെ മോചനം നേടുക സാദ്ധ്യമല്ല; അതേവിധം തന്നെ ദൈവശക്തിയാൽ നിർവ്വഹിക്കപ്പെട്ട ഒരു പുനരുത്ഥാനം വഴിക്കല്ലാതെ ശാരീരികമരണത്തെ ജയിച്ചടക്കുവാനും നമുക്കു കഴിവുണ്ടാകയില്ല. ക്രിസ്തുവിൽ മനുഷ്യസ്വഭാവം സകല കൃപാവരങ്ങളുടേയും സമ്പൂർണ്ണനിധിയായിരുന്നു. അവിടുത്തെ കൃപാവരമാണു നമ്മുടെ കൃപാവരമത്രയുടേയും മൂലകാരണം. നമ്മുടെ ഉത്ഥാനത്തിന്റെ മൂലവും അവിടുത്തെ ഉത്ഥാനമാണ്.

ക്രിസ്തു മരിച്ചവരിൽനിന്നു് ഉയിർത്തതുകൊണ്ടു്, നമ്മുടെ ശരീരങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും, അമർത്ത്യതയെ ധരിക്കയും ചെയ്യും. അവ മഹത്വം വീശിക്കൊണ്ടു ഉയിർത്തെഴുന്നേല്ക്കുവാൻ വേണ്ടിയാണു അവിടുന്നു നിഷ്ഠുരപീഡനങ്ങളനുഭവിച്ചു മരിക്കയും ഉത്ഥാനംചെയ്കയും ചെയ്തതു്. നമ്മുടെ ശരീരങ്ങളേയും അവിടുത്തെ തിരുച്ചിത്തത്തിനധീനമാക്കുവാൻ നാം സസന്തോഷം സന്നദ്ധരായാൽ മാത്രമേ മഹിമശ്രീയോടുകൂടിയ പുനരുത്ഥാനം സാദ്ധ്യമാകയുള്ളുവെന്നോർക്കണം. ഇതു അത്രമാത്രം ക്ലേശാവഹവുമല്ല. ക്രിസ്തുനാഥൻതന്നെ സ്വന്തം ശരീരം നിത്യജീവന്റെ അച്ചാരമായി നമുക്കു നല്കിട്ടുണ്ടു്. അവിടുത്തെ സ്നേഹാർദ്രമായ മഹാവാഗ്ദാനം ആരെയാണു ശക്തിയുക്തം ഉത്തേജിപ്പിക്കാതിരിക്കുക! "എന്റെ മാംസം ഭക്ഷിക്കയും, രക്തം പാനംചെയ്യുകയും ചെയ്യുന്നവനു നിത്യജീവനുണ്ടു്. അവസാനദിവസത്തിൽ അവനെ ഞാൻ ഉയിർത്തെഴുന്നേല്പിക്കയും ചെയ്യും. (യോ. 6,55.)

——

### സന്യാസസഭാസമ്മേളനത്തിന്റെ

## നിർദ്ദേശങ്ങൾ

വിശുദ്ധവത്സരത്തിൽ റോമിൽ സമ്മേളിച്ച സന്യാസസഭാംഗങ്ങളുടെ കോൺഗ്രസ്സ് താഴെ ചേർക്കുന്ന കാര്യങ്ങൾ ശുപാർശചെയ്തിരിക്കുന്നു:

1) സമസ്തരാജ്യങ്ങളിൽനിന്നുമുള്ള സന്യാസസഭാംഗങ്ങൾക്കു ലൗകികവും ആദ്ധ്യാത്മികവുമായ പരിശീലനം നൽകുന്നതിനുവേണ്ടി റോമയിൽ ഒരു കേന്ദ്രവിദ്യാലയം ആരംഭിക്കുക.

2) സന്യാസസഭാധിപന്മാർ ഇടക്കിടക്കു റോമിൽ സമ്മേളിക്കുക.

3) വിവിധരാജ്യങ്ങളിൽ സന്യാസസഭാംഗങ്ങളുടെ കോൺഗ്രസ്സുകൾ നടത്തുക.

4) "സന്യാസസഭകളുടെ തിരുസംഘ"ത്തിന്റെ ആഭിമുഖ്യത്തിൽ, റോമിലൊരു നിയമവിദ്യാലയം ഏർപ്പെടുത്തുക.

5) വിശുദ്ധവത്സരം 1951-ലേക്കും നീട്ടിയിരിക്കുന്നതിനാൽ, ആ വർഷത്തിൽ എല്ലാതരം പ്രേഷിതവൃത്തിയേയും വികസിപ്പിക്കുക.

6) സന്യാസസഭകൾ സ്ഥാപിച്ച വിശുദ്ധരുടെ ബഹുമാനാർത്ഥം കൊല്ലത്തിൽ ഒരു തിരുനാൾ ആഘോഷിക്കുക.

7) സന്യാസിനീസന്യാസികളുടെ ജീവിതക്രമത്തിൽ വരുത്തേണ്ട വ്യതിയാനം സംബന്ധിച്ചുള്ള രഹസ്യരേഖകൾ പ്രസിദ്ധപ്പെടുത്തുക.

ബനഡിക്ടിൻ, ഫ്രാൻസിസ്കൻ, ജസ്യൂട്ട്, ഡൊമിനിക്കൻ തുടങ്ങിയ സന്യാസസഭകളിലെ അംഗങ്ങൾ ഒന്നുചേർന്നു 7 വർഷക്കാലം നടത്തിയ പ്രയത്നത്തിന്റെ ഫലമായിട്ടാണ് മേൽക്കാണിച്ച നിർദ്ദേശങ്ങൾ അടങ്ങിയ പ്രായോഗികപദ്ധതികൾ സംവിധാനം ചെയ്യുവാൻ അവർക്കു സാധിച്ചതു്. "സന്യാസസഭകളുടെ തിരുസംഘ"ത്തിന്റെ പര്യാലോചനയ്ക്കു അവ സമർപ്പിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

### കർബാനകാണാൻ

## പോയതിനാൽ

1951 ജാനുവരി 21-ാംനു- ഞായറാഴ്ച വടക്കെ ഇററലിയിൽ ബൊൾസാനോയ്ക്കു സമീപമുള്ള ഒരു ഗ്രാമത്തിൽപ്പെട്ട ഒരു സാധുകുടുംബത്തിലെ അംഗങ്ങൾ ദിവ്യബലിയിൽ സംബന്ധിച്ചശേഷം മടങ്ങിവന്നപ്പോൾ തങ്ങളുടെ ഭവനം ഹിമപ്രവാഹംനിമിത്തം നാശോന്മുഖമായിരിക്കുന്നതു കണ്ടു. അവർ കുർബാനകാണാൻ പോയില്ലായിരുന്നെങ്കിൽ അവരെല്ലാവരും മൃത്യുവിനിരയാകുമായിരുന്നുവെന്നതു മിക്കവാറും തീർച്ചയാണ്.

## ധ്യാനപ്രസ്ഥാനം

അമേരിക്കൻ ഐക്യനാടുകളിൽ കഴിഞ്ഞവർഷം 250,000 പേർ ആദ്ധ്യാത്മികധ്യാനങ്ങളിൽ സംബന്ധിക്കുകയുണ്ടായി. അൽമേനികൾക്കായുള്ള ഈ ധ്യാനപ്രസ്ഥാനം ഇപ്പോൾ 42 സ്റ്റേററുകളിൽ വ്യാപിച്ചിരിക്കുന്നു. 150 ധ്യാനമന്ദിരങ്ങളാണ് ഇപ്പോൾ ഐക്യനാടുകളിലുള്ളതു്.

# ഇന്നത്തെ പേരുകൾ

(തോമസ് സെബാസ്റ്റ്യൻ ബി. എ., എൽ. റ്റി.)

ഒരാത്മസുഹൃത്തു് ഒരിക്കൽ എന്റെ കുട്ടികളുടെ പേരു ചോദിച്ചു. "ട്രീസാ, മേരി, ബേബി, സെലീൻ" എന്നെന്റെ മറുപടി കേട്ടപ്പോൾ വലിയ സഹതാപം പ്രദർശിപ്പിച്ചുകൊണ്ടു് "ഓഹോ, ഒരാൺകുട്ടിയേ ഉള്ളു അല്ലേ?" എന്നായി, "അതേ, ആ കുട്ടി കോൺവെന്റു ഹൈസ്കൂളിൽ പത്താംക്ലാസിൽ പഠിക്കുന്നു" എന്നു ഞാൻ മറുപടിയും പറഞ്ഞു.

ബേബി ആണോ പെണ്ണോ എന്നു നിശ്ചയമില്ല. ജന്തുഹിംസ ഏററവും വലിയ പാപമാണെന്നു പഠിപ്പിച്ച അശോകന്റെ പേരായിരിക്കും ഒരു മീൻകൊല്ലിക്കപ്പലിനു്. ഗ്രേസു് ഒരു ഗ്രേസുമില്ലാത്ത പെൺകുട്ടിയാണു്. ചില ലില്ലികൾ കറുത്തതാണു്. സുപ്രസിദ്ധ പാർലമെന്റു സാമാജികനാണു് ഫോക്സു്; പീററു ബ്രീ. പ്രധാനമന്ത്രിയും. ഇരട്ടി വട്ടവും പലിശയും ഈടാക്കുന്ന ഒരു ബാങ്കിന്റെ പേരാണു് സെന്റു് മേരിസ് മോഡൽ ബാങ്കു്. ചെറുപുഷ്പവിലാസം ബാങ്കു് പണാപഹരണംമൂലം വിളക്കുവച്ചു പിരിഞ്ഞു. പണ്ടൊരുകാലത്തു് എറണാകുളത്തെ ബ്രോഡ്വേ അന്വേഷിച്ചു ഞാനാപട്ടണത്തിൽ കുറെ വട്ടം കറങ്ങി. അവിടത്തെ ഏററവും ഇടുങ്ങിയ വഴിയുടെ പേരാണതെന്നു ഒടുവിൽ മനസ്സിലായി. സെവൻറിഫിററു റോഡിനു തർട്ടിഫിററാണു വീതി. ഫാത്തിമായും അൽഫോൻസായുമൊക്കെ ബോട്ടുകളാണു്. ഒരിക്കൽ സിസിലിയുടെ പുറത്തിരുന്നു ഞാൻ കായലിൽ യാത്രചെയ്തു. ബോട്ടിനും, ചുക്കാൻപിടിക്കുന്നവൎക്കും ഓവർലോഡാണെങ്കിൽ ഫാത്തിമാബോട്ടിനും അപകടം വരാം.

"ദൈവം"എന്നുപേരുള്ള ഒരു സ്നേഹിതൻ എനിക്കുണ്ടു്. മറെറാരു ദൈവത്തിന്റെ ഹോട്ടലിലാണു് മുണ്ടക്കയം യാത്രക്കാരുടെ കാപ്പികുടി. അച്ചാമ്മയും ചിന്നമ്മയും പശുക്കൾക്കും വെള്ളമ്മയും പാലമ്മയും സ്ത്രീകൾക്കും പേരായിത്തീൎന്നിരിക്കുന്നു. "സു" എന്നൊരു പെൺകുട്ടിയേയും "ങ്ക"എന്നൊരാൺകുട്ടിയേയും ഞാനറിയും. "ളാ"ഒരു പാലത്തിന്റെപേരാണു്. "കണ്ണൻവക്കി" എന്നുമുണ്ടു് ഒരു പാലം.

ഏതു പേരും എന്തിനും കൊള്ളാമെന്നുള്ള ഒരു "സാൎവ്വസാഹോദൎയ്യബോധം" നമുക്കുണ്ടായിരിക്കുകയാണു്. പരിഷ്കാരത്തിന്റെ പേരിൽ വിഭ്രാന്തരായിരിക്കുന്ന മനുഷ്യസമുദായത്തിന്റെ പോക്കു ഏതു വഴിക്കാണെന്നു ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം. സസ്യാദികളും തിൎയ്യക്കുകളും മനുഷ്യരും തമ്മിൽ തിരിച്ചറിയാൻ പാടില്ലാത്തവിധത്തിലുള്ള നാമകരണമാണു് ഇന്നു നാം സ്വീകരിച്ചിരിക്കുന്നതു്. സ്വഭാവത്തിലും വ്യത്യാസങ്ങൾ കുറഞ്ഞുവരുന്ന കാലമാണല്ലോ ഇതു്.

കളിപ്പേരുകൊടുക്കുന്ന സമ്പ്രദായവും ചിലേടങ്ങളിൽ സാധാരണമാണു്. ഒരു പക്ഷേ ആക്ഷേപസൂചകമായി ആരംഭിച്ച ഈ കളിപ്പേരു ഇന്നു ആദരണീയമായിത്തീൎന്നിട്ടുമുണ്ടു്. അധികം ഉദാഹരണങ്ങൾ കുറിക്കണമെന്നുദ്ദേശിക്കുന്നില്ല. "അമ്മയുടെ കുട്ടൻ" ഇതു ഒരാളുടെ പേരാണു്. ഔസേപ്പുചേട്ടൻ എന്നുപറഞ്ഞാൽ ആരും അറിയുകയില്ല. "അമ്മയുടെ കുട്ടൻ" ലോപിച്ചു "കുട്ടൻ", "കുട്ടൻ" എന്നൊക്കെ ആയിട്ടും ആ പേരു പറഞ്ഞാൽ എല്ലാവരും ആളിനെ അറിയും. "കൊക്കരേക്കോ" എന്നാണു് മറെറാരാളുടെ പേരു്. ചെറിയാൻ എന്നു പറഞ്ഞാൽ ആരുമറിയുകയുമില്ല. അയാൾതന്നെ സംശയിച്ചാണു് ചെറിയാൻ സ്വന്തം പേരാണെന്നു സമ്മതിക്കുന്നതു്. ഇവിടെ ഒരു കാൎയ്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഒരാൾക്കു മുറപ്രകാരം ലഭിച്ചിട്ടുള്ള പേരോ വാത്സല്യപൂൎവ്വം മാതാപിതാക്കൾ കൊടുത്തിട്ടുള്ള ഓമനപ്പേരോ അല്ലാതെ മറെറന്തുപേരു വിളിക്കുന്നതും തെററാണു്. അശ്ലീലമാണു്. അസഭ്യമാണു്. അറിവുള്ളവർ അതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണു്.

ജ്ഞാനസ്നാനപ്പേരു നിശ്ചയമില്ലാത്ത അനേകം കുഞ്ഞാമ്മമാരും ഓമനമാരും, ഓമനക്കുഞ്ഞമ്മമാരും നമ്മുടെ ഇടയിലുണ്ടു്. ഇതു ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ക്ഷന്തവ്യമല്ലാത്ത ഒരു തെററുതന്നെയാണു്. ക്രിസ്ത്യാനിക്കു ജ്ഞാനസ്നാനാവസരത്തിൽ ഒരു പേരു കൊടുത്തിട്ടുണ്ടു്. അതൊരു വിശുദ്ധന്റെ പേരാണു്. ആ പേരിനേയും അതിനു കാരണമായിരിക്കുന്ന വിശുദ്ധനേയും ബഹുമാനിച്ചുതന്നെവേണം ഒരു ക്രിസ്ത്യാനി ജീവിക്കാൻ. "സു"വിന്റേയും "ങ്ക"യുടേയും നാമകാരണർ ആരെന്നു അവൎക്കുതന്നെ നിശ്ചയമില്ല. പിന്നെ ആരെയാണവർ ആദരിക്കുന്നതു്?

ജ്ഞാനസ്നാനപ്പേരിനെക്കൂടെ അനുസ്മരിപ്പിക്കുന്ന ഓമനപ്പേരേ കുഞ്ഞുങ്ങൾക്കു മാതാപിതാക്കന്മാർ കൊടുക്കാൻ പാടുള്ളു. അല്ലെങ്കിൽ പിൽക്കാലത്തു സ്വന്തംപേരു നിശ്ചയമില്ലാത്ത അനേകം ജീവികൾ ലോകത്തിലുണ്ടായിരിക്കും. ത്രേസ്യാച്ചു്, ത്രേസ്യാക്കുട്ടി, ത്രേസ്യാമ്മ, കൊച്ചുത്രേസ്യാ, ത്രേസിക്കുട്ടി, ത്രേസ്യാക്കുഞ്ഞു്, ട്രീസാ, ഫ്ളവർ, ലിററിൽഫ്ളവർ, ലിസ്യൂ, എന്നൊക്കെ ഓമനപ്പേരാകാം. തോമസിനു, തൊമ്മൻ, തൊമ്മി (ടോമി), തൊമ്മച്ചൻ, തോമ്മാക്കുട്ടി, കുഞ്ഞുതോമൻ, എന്നിങ്ങനേയും പേരുവിളിച്ചാൽ സ്വന്തം പേരു എപ്പോഴും ഓൎമ്മയുണ്ടാകും. തോമസു് എന്ന മാമ്മോദീസാപ്പേരിനു "മുണ്ടൻ" എന്ന കളിപ്പേരാണെങ്കിൽ കാലാന്തരത്തിൽ "മുണ്ടൻ" പ്രസിദ്ധിനേടും.

ശിശുവിന്റെ ജനനശേഷം മാതാപിതാക്കളുടെ പ്രഥമചിന്ത നാമകരണമായിരിക്കണം. ജനനദിവസം അല്ലെങ്കിൽ മാമ്മോദിസാദിവസം ഏതു വിശുദ്ധന്റെ തിരുനാളാണു്; ഏതു വിശുദ്ധനെപ്പോലെ കുഞ്ഞു ജീവിക്കണം; ഇത്യാദികാൎയ്യങ്ങൾ മാതാപിതാക്കളുടെ അവഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കേണ്ടതാണു്.

FIXED DEPOSITS

2 years $4\frac{1}{2}$%
1 — 4 %
6 months 3 %

The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

ഒരു പേരു ജ്ഞാനസ്നാനത്തിലും, ആ പേരിനെ അനുസ്മരിപ്പിക്കുന്ന ഒരോമനപ്പേരു പിന്നീടും കൊടുത്തുകഴിഞ്ഞാൽ പേരിനു കാരണമായിരിക്കുന്ന വിശുദ്ധനെപ്പററി കുഞ്ഞിനു ശരിയായ ധാരണ ഉളവാക്കുക എന്നുള്ളതാണു് മാതാപിതാക്കളുടെ അടുത്ത പ്രധാനചുമതല. ഒരു ക്രിസ്ത്യാനി മറെറാരു ക്രിസ്തു ആകാൻ ശ്രമിക്കുന്നതുപോലെ, ഒരു തോമസു് മറെറാരു തോമ്മാശ്ലീഹായോ, അക്വിനാസോ ആയിത്തീരണമെന്നുള്ളതായിരിക്കണം ആ തോമസിന്റെ മാതാപിതാക്കളുടെ ലാക്കു്.

നാമകാരണനായ വിശുദ്ധന്റെ മനോഹരമായ ഒരു ചിത്രം ശിശുവിന്റെ ആദ്യകാലത്തെ ആകൎഷണവസ്തുക്കളിൽ പ്രധാനപ്പെട്ടതായിരിക്കണം. കുഞ്ഞിനു ഗ്രഹണശക്തിയും സംസാരശക്തിയും വൎദ്ധിച്ചുവരുമ്പോൾ ആ വിശുദ്ധന്റെ ജീവിതകഥകൾ തന്മയത്വത്തോടുകൂടി കുഞ്ഞിനെ പറഞ്ഞു കേൾപ്പിക്കേണ്ടതാണു്. സ്വതന്ത്രമായി സംസാരിക്കാൻ പ്രാപ്തി ഉണ്ടാകുമ്പോൾ നാമകാരണനായ വിശുദ്ധനെപ്പററി ഒരു സമൂലജ്ഞാനം ആ കുഞ്ഞിനുണ്ടാകണം. വായന പഠിച്ചുകഴിഞ്ഞാൽ വിശുദ്ധന്റെ ചിത്രങ്ങളോടുകൂടിയ ഒരു ജീവചരിത്രഗ്രന്ഥം കുഞ്ഞിനു വായിക്കാൻ കൊടുക്കണം. നന്മതിന്മ തിരിച്ചറിയുന്നതിനു പ്രാപ്തിയുണ്ടാകുന്ന കാലത്തു തന്റെ ഓരോ പ്രവൃത്തിയും വാക്കും ആ വിശുദ്ധൻ ചെയ്തിട്ടുണ്ടോ? പറഞ്ഞിട്ടുണ്ടോ? ചെയ്യുമായിരുന്നോ? പറയുമായിരുന്നോ? എന്നിങ്ങനെ ഒരു പരിശോധന നടത്തി ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിനു മാതാപിതാക്കൾ സഹായിക്കുന്നപക്ഷം പ്രായപൂൎത്തിവരുമ്പോൾ മനസ്സാ വാചാ കൎമ്മണാ നാമകാരണനായ ആ വിശുദ്ധനെ അനുകരിച്ചു് ഒരു യഥാൎത്ഥക്രിസ്ത്യാനി ആയിത്തീരുന്നതിനു ശ്രമിക്കാതിരിക്കയില്ല.

——

കുടുംബപംക്തി

# പിഞ്ചുകുഞ്ഞു്

(എൻ. ഏ. കെ.)

(III)

വീട്ടിലുള്ള ആളുകൾ ശിശുക്കളിൽ ചെലുത്തുന്ന പ്രേരണകൾ വിദൂരവ്യാപകമായ ഫലം ഉളവാക്കും. ഒരാളെ മറെറാരാളിൽനിന്നു് തിരിച്ചുപറയുവാൻ തക്ക വിവേചനാശക്തി ലഭിക്കുന്നതിനു് മുൻപുതന്നെ ശിശുക്കൾക്കു്, അമ്മ ആരു്, അച്ഛൻ ഏതു്, സഹോദരി ആരു്, സഹോദരൻ ആരു് എന്നൊക്കെ തിരിച്ചറിയാം. വീട്ടിലുള്ള രണ്ടാളുകൾ തമ്മിൽ കോപഭാവത്തിലോ അസുഖമായോ സംസാരിക്കുകയോ വൎത്തിക്കുകയോ ചെയ്താൽ അത്തരം പെരുമാററങ്ങൾപോലും ശിശുഹൃദയങ്ങളെ ദോഷകരമായി ബാധിക്കും. അതൊക്കെ ശിശുഹൃദയങ്ങളിൽ ഉളവാക്കുന്ന പ്രതിഫലനങ്ങൾ ശക്തിമത്തും അഗാധവുമാണെങ്കിൽ അതിന്റെ ഭവിഷ്യൽഫലങ്ങളും അവരുടെ ആയുഷ്കാലമത്രയും നീണ്ടുനില്ക്കും. മൃദുലമായ ശിശുഹൃദയത്തെ ക്ഷതമേല്ക്കാതെ സംരക്ഷിക്കുവാൻ തക്ക രക്ഷാകേന്ദ്രങ്ങളായിരിക്കണം നമ്മുടെ ഭവനങ്ങൾ. ഒരു ഭവനത്തിലുള്ള ആളുകൾ തമ്മിൽ സ്ഥായിയായ സ്നേഹവും പരസ്പരധാരണയും വിശ്വാസവും ഉണ്ടെങ്കിൽ മാത്രമേ ആ ഭവനം ശിശുഹൃദയങ്ങൾക്കു് ഒരു രക്ഷാകേന്ദ്രമായിത്തീരുകയുള്ളു.

ഒരു മാതാവിനുള്ള മനസ്സമാധാനവും സംതൃപ്തിയും ശിശുഹൃദയത്തെയും ബാധിക്കും. മാതാവു് മനസ്സമാധാനവും സ്വസ്ഥതയുമുള്ളവളായിരുന്നാൽ ശിശുഹൃദയവും സ്വസ്ഥതയും സ്ഥൈൎയ്യവും ഉള്ളതായിത്തീരും. മനസ്സമാധാനമില്ലാത്ത മാതൃസവിധത്തിൽ കഴിയുന്ന ശിശു അതിന്റെ ഭവിഷ്യത്തുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മുലകുടിക്കുന്ന ശിശുവുള്ള ഒരു മാതാവു് മനഃക്ലേശപീഡിതയാണെന്നുവരികിൽ ആ കാലഘട്ടത്തിൽ ശിശുവിന്റെ തൂക്കം കുറയുന്നതായി കാണാം. മാതാവിന്റെ മനഃസ്വസ്ഥതയും ശിശുവിന്റെ ആരോഗ്യവും തമ്മിലുള്ള അഭേദ്യബന്ധത്തിനൊരു തെളിവാണിതു്. മാതാവിന്റെ മനഃക്ലേശം, ശിശുവിനേയും ക്ലേശപ്പെടുത്തുന്നു. ഈ കാൎയ്യം നമ്മുടെ ഗൗരവമായ ചിന്തയ്ക്കു് വിഷയമാകേണ്ടതാണു്. ഒരു മാതാവു് ക്രമാതീതമായി ചിന്താകുലയും ആവശ്യത്തിലേറെ ആകാംക്ഷാഭരിതയും ആകുവാൻ പല കാരണങ്ങളുണ്ടു്. ശിശുസംരക്ഷണവിഷയകമായുള്ള പ്രാരബ്ധങ്ങൾ മതി ചിലർ ചിന്താകുലരാകുന്നതിനു്. എന്നാൽ ആരോഗ്യമുള്ള ശിശുക്കളെ സംബന്ധിച്ചിടത്തോളം അതിനു കാൎയ്യമില്ല. ശിശു ആരോഗ്യമുള്ളതെങ്കിലും മാതാവു് ചിലപ്പോൾ ക്ഷീണിതയും സ്വന്തം ചുമതലകളുടെ കാൎയ്യക്ഷമമായ നിൎവ്വഹണത്തിനു് അപ്രാപ്തയെന്ന ഭയം ഉള്ളവളുമായിരിക്കാം. അതിനുംപുറമേ വീട്ടിലെ മററു കാൎയ്യങ്ങളുടെ ശരിയായ ക്രമീകരണത്തിനു് പണസംബന്ധമായി നേരിടാവുന്ന പ്രയാസങ്ങളും പ്രതിബന്ധങ്ങളും അവളുടെ മനഃപ്രയാസത്തേയും ആകാംക്ഷയേയും വൎദ്ധിപ്പിക്കുന്നുണ്ടാവാം. വ്യാകുലപ്പെടുവാൻ തക്ക കാരണങ്ങൾ ഉള്ളപ്പോൾ എങ്ങനെ മനഃപ്രയാസങ്ങളിൽനിന്നു് മുക്തിനേടും. ഈ പ്രശ്നത്തിനു് ശരിയായ പരിഹാരമാൎഗ്ഗങ്ങൾ എന്തെന്നു് ക്രൈസ്തവമാതാക്കൾതന്നെ കണ്ടുപിടിക്കണം. ക്രൈസ്തവമാതാവു് എന്ന മഹനീയപദവിയുടെ ശരിയായ മാനദണ്ഡം പ്രയാസങ്ങളുടെയും പ്രാരബ്ധങ്ങളുടെയും മദ്ധ്യത്തിലും സ്വന്തം ശിശുവിനെ സമാധാനത്തോടുകൂടെ വളൎത്തത്തക്കവിധത്തിൽ സമാധാനമുള്ളവളായി വൎത്തിക്കുക എന്നുള്ളതാണു്. സ്വന്തം ശിശുവിനേയും സ്വഭവനത്തേയും പ്രയാസങ്ങളുടേയും പ്രതിബന്ധങ്ങളുടേയും മദ്ധ്യത്തിലും പ്രശാന്തവും പ്രസന്നവുമാക്കിത്തീൎക്കുവാൻ തക്ക ആത്മവീൎയ്യവും മനോധൈൎയ്യവും എങ്ങനെ എവിടെനിന്നു് ലഭിക്കും. നിശ്ചയമായും, കുറെക്കൂടെ ക്രിസ്തീയമാകുക എന്ന ഒററമാൎഗ്ഗമേ അതിനുള്ളു. ഭാരിച്ച ഉത്തരവാദിത്വങ്ങളിൽനിന്നോ പ്രതികൂലപരിതസ്ഥിതികളിൽനിന്നോ ഉണ്ടാകാവുന്ന മനഃപ്രയാസങ്ങളിൽനിന്നു് നിൎവൃതിനേടുവാൻ ഉള്ള ഏകമാൎഗ്ഗം സ്വൎഗ്ഗസ്ഥനായ നമ്മുടെ ദൈവത്തിൽ സകല ഭാരവും സമൎപ്പിച്ചു് അങ്ങിൽ അചഞ്ചലമായും പൂൎണ്ണമായും വിശ്വസിക്കുകമാത്രമാണു്.

ചില സന്ദർഭങ്ങളിൽ നമ്മുടെ മനസ്സു് വളരെ അധികം അസ്വസ്ഥമായിത്തീരാറുണ്ടു്. അതിനുള്ള കാരണം നാം തന്നെ നമ്മുടെ മനസ്സാക്ഷിയോടു് വിശ്വസ്തത പാലിക്കുന്നില്ലെന്നുള്ളതാണു്. അങ്ങനെ വരുമ്പോൾ നാം നമ്മുടെ "സ്വയ"ത്തോടുതന്നെ സമരംചെയ്തു് പരാജയം അടയുകയാണു്. ഈ വിഷമാവസ്ഥയിൽനിന്നു് വിമുക്തരാകുവാൻ ഒരു മാൎഗ്ഗമേ ഉള്ളു. ക്രിസ്തു നമ്മുടെ ഉള്ളിൽ വസിച്ചു് ശാശ്വതമായ ശാന്തി പ്രദാനംചെയ്യുവാൻ അനുവദിക്കുകയാണു് അതു്. ക്രിസ്തീയസമാധാനത്തിനായി നാം ആത്മാൎത്ഥമായി യാചിച്ചാൽ ആ സമാധാനം നമുക്കും നമ്മിൽക്കൂടി നമ്മുടെ ശിശുക്കൾക്കും ലഭിക്കും. എല്ലാ സ്നേഹത്തിന്റെയും ഉറവിടമായ ദൈവവുമായി സംസൎഗ്ഗത്തിലിരിക്കുന്ന മാതാവിന്റെ സ്നേഹം പ്രശാന്തവും ജ്ഞാനസംപൂൎണ്ണവും ഒരിക്കലും ക്ഷയിക്കാത്തതുമായിരിക്കും.

ഒരു ഭവനം ഒരു മാതാവും ഒരു ശിശുവും മാത്രമല്ല. പിതാവും മററു കുട്ടികളും ഒരു ഭവനത്തിൽ ഉണ്ടായിരിക്കും. "സ്വൎഗ്ഗരാജ്യം അങ്ങനെ ഉള്ളവരുടേതാണു്,"

ബ. അല്ഫോൻസാമ്മയുടെ സഹായത്താൽ എന്റെ കുടുംബത്തിനു ലഭിച്ച അനുഗ്രഹത്തിനു് കൃതജ്ഞത.

ഗ്രിഗറി വെട്ടിക്ക, മൂക്കന്നൂർ

എന്നത്രേ ശിശുക്കളെപ്പററി ക്രിസ്തു പറഞ്ഞിട്ടുള്ളതു്. മറെറല്ലാ കാൎയ്യങ്ങൾക്കുമുപരിയായി, ഒരു ഭവനം ദൈവരാജ്യത്തിന്റെ ഒരു ചെറിയ ഭാഗംതന്നെയായിരിക്കണം. നമ്മുടെ ഭവനം അപ്രകാരമായിരിക്കുന്നില്ലെങ്കിൽ നമ്മുടെ സ്വന്തമെന്നു് നാം അഭിമാനിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന നമ്മുടെ ശിശുക്കൾ നമ്മുടെ ഭവനത്തിൽ, നമ്മുടെ മദ്ധ്യത്തിൽ വെറും അപരിചിതരും പരദേശികളും മാത്രമായിരിക്കും. മാത്രമല്ല, വ്യത്യസ്തമായ ശീതോഷ്ണാവസ്ഥയുള്ള ഒരു അപരിചിതസ്ഥലത്തു് എത്തപ്പെടുന്ന ഒരു വൈദേശികൻ ഏതുവിധം ക്ലേശങ്ങൾ അനുഭവിക്കുന്നുവോ അതുപോലെ നമ്മുടെ ഭവനത്തിൽ നമ്മുടെ ശിശുക്കളും ക്ലേശമനുഭവിക്കാൻ ഇടയാകും. ദൈവരാജ്യത്തിൽനിന്നു് വന്ന ഒരു സ്വൎഗ്ഗീയപൗരനു് ജീവിക്കുവാൻ ഉതകുന്ന ഒരു സ്വാഭാവികസങ്കേതമായി നമ്മുടെ ഭവനങ്ങളെ രൂപാന്തരപ്പെടുത്തുന്ന ഗുരുതരമായ ഉത്തരവാദിത്വം നമ്മിൽ സ്ഥിതിചെയ്യുന്നു എന്നു് നാം വിസ്മരിക്കരുതു്. പരസ്പരം സ്നേഹിച്ചു് കുടുംബകാൎയ്യങ്ങളേയും കുടുംബാംഗങ്ങളേയും ബാധിക്കുന്ന കാൎയ്യങ്ങളെപ്പററി ഉള്ളഴിഞ്ഞു് സംസാരിക്കുന്നവൎക്കു് മേൽവിവരിച്ച രീതിയിലുള്ള ഒരു മാതൃകാഭവനം സൃഷ്ടിക്കുക അസാദ്ധ്യമായ ഒരു കാൎയ്യമല്ല. പ്രാൎത്ഥനയും പരസ്പരസ്നേഹവും ഉള്ള ഭവനങ്ങളിൽ നിശ്ചയമായും ക്രിസ്തുവിന്റെ സാന്നിദ്ധ്യവും ഉണ്ടായിരിക്കും. എന്തിന്റെ സാന്നിദ്ധ്യവും വളരെവേഗത്തിൽ ഗ്രഹിക്കുവാൻ തക്ക മൃദുലഹൃദയമുള്ള ശിശുക്കൾ ക്രിസ്തുവിന്റെ അദൃശ്യസാന്നിദ്ധ്യബോധത്തിലും ആ സ്നേഹമൂൎത്തിയുടെ കൃപയിലും വളൎന്നുവരികയും ചെയ്യും.

## മാൎപ്പാപ്പായ്ക്കു് പ്രസിഡണ്ടിന്റെ ആശംസ

പന്ത്രണ്ടാം പീയൂസ് മാൎപ്പാപ്പായുടെ കിരീടധാരണത്തിന്റെ 12 ാം വാൎഷികംപ്രമാണിച്ചു് ഇൻഡ്യൻ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദ് അയച്ച മംഗളാശംസയിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "അങ്ങയുടെ കിരീടധാരണത്തിന്റെ ഈ 12-ാം വാൎഷികത്തിൽ ഇൻഡ്യാഗവമ്മെന്റിന്റെയും ഇൻഡ്യൻ ജനതയുടെയും എന്റെയും ഭാവുകാശംസകൾ തിരുമേനിയെ അറിയിച്ചുകൊള്ളുന്നു."




# ബാറോസ് പറഞ്ഞതു്

ശാബതം കഴിഞ്ഞപ്പോൾ മഗ്ദലനാമറിയവും യാക്കോബിന്റെ അമ്മയായ മറിയവും ശാലോമുംചെന്നു അവനെ പൂശേണ്ടതിനായി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ഞായറാഴ്ച ഉഷസ്സിൽ സൂര്യൻ ഉദിച്ചപ്പോൾ അവർ പ്രേതാലയത്തിലേക്കു വന്നു. പ്രേതാലയത്തിന്റെ വാതിൽക്കൽനിന്നു കല്ലു് നമുക്കായി ആർ ഉരുട്ടി മാററും എന്നു അവർ തമ്മിൽ പറഞ്ഞിരുന്നു. അവർ നോക്കി. ആ കല്ലു് ഉരുട്ടിമാററിയിരിക്കുന്നതായി കണ്ടു. എന്തെന്നാൽ അതു വളരെ വലുതായിരുന്നു. അവർ പ്രേതാലയത്തിൽ പ്രവേശിച്ചു. വെള്ളവസ്ത്രം ധരിച്ച ഒരു യുവാവു് വലത്തുവശത്തു് ഇരിക്കുന്നതുകണ്ടു് അവർ ഭ്രമിച്ചു. അവൻ അവരോടു പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങൾ, കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ ഈശോയെ അന്വേഷിക്കുന്നുവല്ലോ. അവൻ ഉയിർത്തെഴുന്നേററു. അവൻ ഇവിടെയില്ല. ഇതാ! അവൻ വെയ്ക്കപ്പെട്ടിരുന്ന സ്ഥലം. എന്നാൽ, ഇതാ! അവൻ നിങ്ങൾക്കുമുമ്പായി ഗ്ലീലായിലേക്കു പോകുന്നു; അവൻ അരുളിച്ചെയ്തിരുന്നതുപോലെ അവിടെ അവനെ നിങ്ങൾ കാണും എന്നു അവന്റെ ശിഷ്യന്മാരോടും കേപ്പായോടുംപോയി പറയുവിൻ. (ഉയിർപ്പുഞായർ; സുവിശേഷം: മർക്കോ. XVI 1-7)

ഫ്റഞ്ചുവിപ്ലവത്തിന്റെ മാദകലഹരിയിൽ മതിമറന്നിരുന്ന റെവെയിയേർ എന്ന ഒരു തത്വചിന്തകൻ ഒരു പുതിയ മതം പ്രചരിപ്പിക്കുന്നതിനു് തീവ്രയത്നം നടത്തുകയുണ്ടായി. ഈ പുതിയ മതത്തിന്റെ പ്രചാരപ്രവാഹത്തിൽ കത്തോലിക്കാസഭ നാമാവശേഷമാകുമെന്നാണു് ഈ നവീന മതസ്ഥാപകൻ വ്യാമോഹിച്ചതു്. എന്നാൽ അയാൾ ഉദ്ദേശിച്ച ഫലമൊന്നുമുണ്ടായില്ല. അക്ഷമനും നിരാശനുമായി അയാൾ തന്റെ സ്നേഹിതൻ ബാറോസിനോടു പറഞ്ഞു: "എന്റെ മതം എന്തുകൊണ്ടാണു് അഭിവൃദ്ധി പ്രാപിക്കാത്തതു്? എനിക്കു അനുയായികളായി ആരേയും ലഭിക്കാത്തതെന്തുകൊണ്ടു്? വിശിഷ്ടങ്ങളായ സന്മാർഗ്ഗനിയമങ്ങളുടേയും തത്വചിന്തകളുടേയും ഒരു സമാഹാരമാണല്ലോ എന്റെ നവീനമതം. ഒരു ആശാരിയായിരുന്ന യേശുക്രിസ്തുവിനു് വിദ്യാവിഹീനരായിരുന്ന ഏതാനും മീൻപിടുത്തക്കാരുടെ സഹായത്തോടുകൂടി തന്റെ മതം പ്രചരിപ്പിക്കുന്നതിനു് എങ്ങനെ സാധിച്ചു എന്നോർത്തു ഞാൻ അത്ഭുതപ്പെടുന്നു." ഇതു കേട്ടു് ഒരു മതവിശ്വാസിയല്ലായിരുന്ന ബാറോസ് മറുപടി പറഞ്ഞു: "സ്നേഹിതാ, യേശുക്രിസ്തു വെള്ളിയാഴ്ച കുരിശിൽ തൂങ്ങി മരിക്കയും ഞായറാഴ്ച സ്വശക്തിയാലെ ഉയിർക്കുകയുംചെയ്തു. അതുപോലെ നിങ്ങളും ചെയ്ക. "നിങ്ങളുടെ മതത്തിനും വലിയ പ്രചാരമുണ്ടാകും." വളരെ അർത്ഥസംപുഷ്ടവും യാഥാർത്ഥ്യസ്പർശിയുമായ ഒരു മറുപടി! മതത്യാഗിയായ ജൂലിയൻ ചക്രവർത്തി അസൂയാകലുഷിതമായ നൈരാശ്യത്തോടെ ആക്രോശിച്ചു: "ഓ, ഗലീലേയൻ! നീ തന്നെ ജയിച്ചു." ലോകത്തെ കിടുകിടെ വിറപ്പിച്ച നെപ്പോളിയൻ ഒടുവിൽ പരാജിതനായി സെൻറ് ഹെലേന ദ്വീപിലേക്കു നാടുകടത്തപ്പെട്ടതിനുശേഷം ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "എന്റെ അതിനീചമായ നികൃഷ്ടാവസ്ഥയും, പ്രപഞ്ചത്തിലെങ്ങും പ്രസംഗിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ആധിപത്യവും തമ്മിൽ എത്രയോ വലിയൊരു വ്യത്യാസഗത്തമാണുള്ളതു്!" ക്രിസ്തുവിന്റെ വിജയത്തിന്റെ രഹസ്യം ഇതാണു്: അങ്ങുന്നു് വിശിഷ്ടങ്ങളായ തത്വങ്ങൾ പഠിപ്പിക്കുകയും തന്റെ കുരിശുമരണവും പുനരുത്ഥാനവും വഴിയായി അവയ്ക്കു ആത്മാർത്ഥതയുടെ ദിവ്യമായ മുദ്ര കുത്തുകയുംചെയ്തു.

കത്തോലിക്കാസഭ ക്രിസ്തുനാഥന്റെ ജീവിതംതന്നെ തുടർന്നുകൊണ്ടിരിക്കുന്നു. "മിശിഹാ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേററെന്നും, അവൻ വീണ്ടും മരിക്കയില്ലെന്നും മരണത്തിനു അവന്റെമേൽ അധികാരമില്ലെന്നും നാം അറിയുന്നു." (റോമ. VI-9.) എന്നാൽ അങ്ങേ മൗതികശരീരവും മണവാട്ടിയും പ്രതിനിധിയുമായ സഭ അങ്ങേ ജീവിതത്തിലെ വിവിധഘട്ടങ്ങളെയും പലവുരു ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്നു വിവിധരാജ്യങ്ങളിൽ കത്തോലിക്കാസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന മർദ്ദനങ്ങളേയും നിരീശ്വരത്വത്തിനും ഭൗതികത്വത്തിനും അടിസ്കൂടി ലഭിച്ചുകൊണ്ടിരിക്കുന്ന വിജയങ്ങളേയും കമ്മ്യൂണിസത്തിനു കൈവന്നുകൊണ്ടിരിക്കുന്ന പ്രചുരമായ പ്രചാരത്തേയുംപററി ഹൃദയസ്പൃക്കായ ഒരു പ്രസംഗം ശ്രവിച്ചശേഷം മദ്ധ്യവയസ്കനായ ഒരു കത്തോലിക്കൻ പറയുന്നു: "എന്തു് ആകെ പൊളിഞ്ഞകപ്പലായല്ലോ; ഇനി ഇതെല്ലാം നേരെയാകുമോ? പാറ പൊളിഞ്ഞുവെന്നാണു് തോന്നുന്നതു്. ഇനിയുണ്ടോ പിടിച്ചുനിർത്താൻ സാധിക്കുന്നു? എന്തെങ്കിലുമാകട്ടെ. വല്ലവിധേനയും ജീവിക്കുക. അത്രമാത്രം മതി." ഇത്തരത്തിലുള്ള ചിന്താഗതി പലരിലും കുടികൊണ്ടിരിക്കുന്നുണ്ടായിരിക്കും. കാൽവരിയിലെ ആ ദുരന്തനാടകത്തിനുശേഷം സൂര്യൻ കദനഭാരത്തോടെ പശ്ചിമാബ്ധിയിലാണ്ടു; ക്രിസ്തുവിന്റെ ശിഷ്യഗണം നിഗൂഢമായി സമ്മേളിച്ചു; അവരിൽ ഉദിച്ചുപൊങ്ങിയ വിചാരങ്ങളും ഇതുതന്നെയായിരുന്നു: "നമ്മുടെ ആശകളെല്ലാം തകർന്നുപോയല്ലോ. നമ്മുടെ ഗുരു ഇതാ കുരിശിൽ മരിച്ചുകഴിഞ്ഞു; വമ്പിച്ച പരാജയമാണു് നമുക്കു് വന്നുഭവിച്ചിരിക്കുന്നതു്. നമ്മുടെ പുതിയ സാമ്രാജ്യവും അതിൽ നമ്മുടെ സ്ഥാനങ്ങളും എല്ലാം ശിഥിലീകൃതമായി." താബോർമലയിലെ സ്വർഗ്ഗസൗഭാഗ്യത്തിൽ പങ്കുകൊണ്ട ശിഷ്യപ്രമുഖർ കാൽവരിയിലെ രംഗം ദർശിച്ചതോടെ മ്ലാനവദനരായി, നിരാശരായി. എമ്മാവുസിലേക്കുപോയിരുന്ന ശിഷ്യരുടേയും മനോഗതി ഇതുതന്നെയായിരുന്നു: "പ്രധാനാചാര്യന്മാരും ജനപ്രമാണികളും അവനെ മരണവിധിക്കു ഏല്പിച്ചു കുരിശിൽ തറച്ചു. ഞങ്ങളോ ഇസ്രായേലിനെ രക്ഷിക്കുവാനിരിക്കുന്നവൻ ഇവനാകുന്നു എന്നു വിചാരിച്ചിരുന്നു." (ലൂക്ക XXIV. 20, 21). എന്നാൽ സംഭവിച്ചതെല്ലാം കണ്ടപ്പോൾ അവരും നിരാശാഗർത്തത്തിൽ നിപതിച്ചു. ക്രിസ്തുവിന്റെ പുനരുത്ഥാനവാർത്ത ശ്രവിച്ചപ്പോൾ അതു വിശ്വസിക്കുവാൻതന്നെ ശിഷ്യന്മാർക്കു സാദ്ധ്യമല്ലാത്തവിധത്തിൽ അത്രയ്ക്കു പരാജയമനസ്ഥിതി അവരിൽ കുടികൊണ്ടിരുന്നു. എന്നാൽ "മിശിഹാ ഇവയെല്ലാം സഹിച്ചുകൊണ്ടു് തന്റെ മഹത്വത്തിൽ പ്രവേശിക്കേണ്ടതായിരുന്നില്ലയോ?" എന്ന വാക്യത്തിൽ സഞ്ചിതമായിരിക്കുന്ന അർത്ഥം അവർ ഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. "എന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു് അനുദിനം തന്റെ കുരിശു് വഹിച്ചുകൊണ്ടു് എന്നെ അനുഗമിക്കട്ടെ." "എനിക്കുവേണ്ടി ജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും", "സത്യം സത്യമായി ഞാൻ നിങ്ങളോടുപറയുന്നു: ഗോതമ്പുമണി നിലത്തുവീണു് അഴിയുന്നില്ല എങ്കിൽ അതു തനിയേ ഇരിക്കുന്നു; അതു് അഴിയുന്നുവെങ്കിൽ വളരെ ഫലങ്ങൾ ഉളവാക്കുന്നു. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നശിപ്പിക്കും. ഈ ലോകത്തിൽവെച്ചു് തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനുവേണ്ടി അതു പാലിക്കും." ഇവയെല്ലാം മനസ്സിലാക്കിക്കൊണ്ടാണു് പ്രേഷിതപ്രവരനായ വി. പൗലോസ് ഇപ്രകാരം ഉൽഘോഷിക്കുന്നതു്: "ഈ ചൊല്ലു് വിശ്വാസയോഗ്യമാണു്. നാം അവനോടുകൂടി മരിച്ചാൽ അവനോടുകൂടി ജീവിക്കും. നാം അവനോടുകൂടി സഹിക്കുമെങ്കിൽ അവനോടുകൂടി വാഴും." സഭയുടെ ജീവിതവും പരിശോധിച്ചാൽ ഇങ്ങനെയുള്ള മർദ്ദനവും മരണവും പുനരുത്ഥാനവും പലപ്രാവശ്യം ഉണ്ടായിട്ടുണ്ടെന്നു് കാണാവുന്നതാണു്; പുനരുത്ഥാനമെല്ലാം പൂർവ്വവൽ ഓജസ്സോടും തേജസ്സോടുംകൂടിയാണെന്നു നാം പ്രത്യേകം സ്മരിക്കയും വേണം. ആദിമശതകങ്ങളിലെ മതമർദ്ദനങ്ങൾ, അതിനുശേഷമുണ്ടായ പാഷണ്ഡമതപ്രവാഹം, കിരാതവർഗ്ഗക്കാരുടെ ആഗമനം, ഗ്രീക്കുശീശ്മ, പ്രൊട്ടസ്റ്റന്റു മതവിപ്ലവം, ഫ്റഞ്ചുവിപ്ലവം, നവ്യാപ്രസ്ഥാനം, എന്നിങ്ങനെ സഭയെ ക്രൂശിക്കുവാൻ, അവളെ ഭൂമുഖത്തുനിന്നു പാടേ വിപാടനംചെയ്യുവാൻ, പല പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ടു്. എന്നാൽ അവയെല്ലാം അതിജീവിച്ചുകൊണ്ടു സഭ ഇന്നും നിത്യയുവത്വത്തോടെ പരിലസിക്കുന്നു. ഇന്നത്തെ ഭൗതികത്വപ്രചാരവും നിർമ്മതത്വവും നിരീശ്വരത്വവും കമ്മ്യൂണിസവും സഭയെ ക്രൂശിക്കുവാൻ ശ്രമിക്കുന്നു. അതേ, അവൾ ക്രൂശിക്കപ്പെടണം. അപ്പോൾമാത്രമേ മഹത്വപ്രചുരിമയോടുകൂടിയ പുനരുത്ഥാനം സംഭവിക്കയുള്ളു. അവളുടെ മരണമണിയടിച്ചവരുടെ, അവളുടെ ശവമഞ്ചത്തിൽ അവസാനത്തെ ആണികൂടെയും അടിച്ചുകയററിയെന്നു വിജയഭേരിയടിച്ചവരുടെ, ശവസംസ്കാരം നിർവ്വഹിച്ചുകൊണ്ടും അവരെ വിസ്മൃതിയുടെ അടിത്തട്ടിലേക്കു തട്ടിമാററിക്കൊണ്ടും സഭ പുരോഗമിക്കുന്നു. അതുകൊണ്ടു് സഭ മർദ്ദിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ, അവൾ തന്റെ ദിവ്യനാഥനോടു അനുരൂപപ്പെടുകമാത്രമാണു ചെയ്യുന്നതു; ദുഃഖവെള്ളിയാഴ്ചയ്ക്കുശേഷം ഉയിർപ്പുഞായർ തീർച്ചയായും സമാഗതമാകും; നിരാശപ്പെടുവാൻ ഒട്ടും ന്യായമില്ല. പ്രത്യുത, ആനന്ദിക്കുവാനാണു് കൂടുതൽ ന്യായം. ലോകംമുഴുവൻ ദുഃഖവും ക്ലേശവും അനുഭവിക്കുമ്പോൾ—ദുഃഖവെള്ളിയെ തരണംചെയ്തുകൊണ്ടിരിക്കുമ്പോൾ—ഉത്ഥാനത്തിന്റെ ആനന്ദത്തെപ്പററി പ്രസംഗിക്കുന്നതു് വിരോധാഭാസമല്ലേ എന്നു ചിലർ സംശയിച്ചേക്കാം. അല്ലെങ്കിൽ ഉയിർപ്പിന്റെ ആനന്ദം തിരതല്ലിക്കൊണ്ടിരിക്കുമ്പോൾ അന്നും കുരിശിന്റേയുംക്ലേശങ്ങളേയും അനുസ്മരിക്കുന്നതു് അനുചിതമല്ലേയെന്നും ചിലർ വാദിച്ചേക്കാം. താബോർമലയിലെ സ്വർഗ്ഗഭാഗ്യാനുഭവത്തിനിടയിൽ മോശയും ഏലിയാസും ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചാണു സംസാരിച്ചുകൊണ്ടിരുന്നതു്. ക്ലേശിക്കുന്ന ലോകത്തോടു പുനരുത്ഥാനത്തിന്റെ ആനന്ദത്തെക്കുറിച്ചും, ആനന്ദത്തിന്റെ സുദിനത്തിൽ ക്ലേശത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചും പ്രസംഗിക്കുന്നതിൽ അനൗചിത്യമില്ല; കാരണം, ക്രിസ്തുവിനോടുകൂടി സഹിക്കുന്ന ക്ലേശങ്ങൾ മഹത്വമേറിയ പുനരുത്ഥാനത്തിൽ വിജയമകുടം ചൂടും. ഉയിർപ്പിന്റെ ആനന്ദം അനുഭവിക്കണമെങ്കിൽ ദുഃഖവെള്ളിയിലെ ക്ലേശങ്ങൾ തരണംചെയ്തേ മതിയാവു.

## കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

സഭയെക്കുറിച്ചു് പറഞ്ഞതെല്ലാം ഓരോ വ്യക്തിയെക്കുറിച്ചും അക്ഷരംപ്രതി സാർത്ഥകമായിരിക്കും. ആദ്ധ്യാത്മികമായ ഒരു പുനരുത്ഥാനം നമുക്കു് കൈവരണമെങ്കിൽ ക്ലേശപൂരിതമായ ഒരു ദുഃഖവെള്ളി നാം തരണംചെയ്തേ കഴിയൂ. ഇതിനു് ഉപോൽബലകങ്ങളായ വേദോക്തികൾ നാം ആദ്യം കണ്ടുകഴിഞ്ഞു. എന്നാൽ ആദ്ധ്യാത്മികമായ പുനരുത്ഥാനത്തിനുശേഷം നാം വീണ്ടും മരിച്ചു് സംസ്കരിക്കപ്പെടുവാൻ ഇടയാകരുതു്. ക്രിസ്തുനാഥൻ മൂന്നുപേരെ ഉയിർപ്പിച്ചതായി നാം സുവിശേഷത്തിൽ വായിക്കുന്നു: യായിരുസിന്റെ പുത്രി, വിധവയുടെ പുത്രൻ, ലാസർ. എന്നാൽ ഇവരെല്ലാവരുംതന്നെ വീണ്ടും മരിക്കയും സംസ്കരിക്കപ്പെടുകയും ചെയ്തു. ക്രിസ്തുനാഥനാകട്ടെ, തന്റെ പുനരുത്ഥാനത്തിനുശേഷം എന്നും തന്റെ മഹത്വപ്രകർഷത്തിൽ സ്ഥിതിചെയ്യുന്നു. ഇക്കാര്യത്തിൽ നാം ക്രിസ്തുവിനെ അനുകരിക്കേണ്ടിയിരിക്കുന്നു. പാപത്തേയും, മൂത്തുമുരടിച്ച ദുസ്തഴക്കങ്ങളേയും, ദൃഢമൂലമായിട്ടുള്ള ചില ദുശ്ശീലങ്ങളേയും പാപത്തിന്റെ ചില കൂട്ടുകാരേയും സാഹചര്യങ്ങളേയും വെട്ടിമാററിക്കൊണ്ടു് നാം ആദ്ധ്യാത്മികമായ പുനരുത്ഥാനം പ്രാപിച്ചതിനുശേഷം വീണ്ടും അവയ്ക്കു് അടിമപ്പെടാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ഒരു യുവതിയുമായി പാപകരമായ ബന്ധങ്ങൾ പുലർത്തിയിരുന്ന ഒരു യുവാവു് ഉയിർപ്പുതിരുനാൾ പ്രമാണിച്ചു ഒരു നല്ല കുമ്പസാരം കഴിക്കയും ജീവിതനവീകരണത്തിനായി ദൃഢപ്രതമെടുക്കയും ചെയ്തു. അയാൾ പരിഹാരാനുഷ്ഠാനങ്ങൾക്കായി വിദൂരങ്ങളായ ചില തീർത്ഥസ്ഥലങ്ങളെല്ലാം സന്ദർശിച്ചശേഷം തിരിച്ചുവന്നു. തന്റെ പഴയ കൂട്ടുകാരിയെ അയാൾ പലതവണ കണ്ടുവെങ്കിലും അവളെ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. ഒരിക്കൽ അവൾ അവനെ തടഞ്ഞുനിർത്തിക്കൊണ്ടു ചോദിച്ചു: "നിങ്ങൾക്കെന്തുപററി? നിങ്ങൾ എന്നെ അറികയില്ലേ? ഞാൻ—ഇന്നവളാണു്." അതിനു് അയാൾ ഇപ്രകാരം പ്രതിവചിച്ചു: "നീ—ഇന്നവളാണു്; ശരിതന്നെ. എന്നാൽ ഞാൻ പഴയ—ഇന്നവനല്ല. ഞാൻ ഇപ്പോൾ പുതിയ ഒരാളാണു്." ഇതുതന്നെയായിരിക്കണം നമ്മുടേയും മനസ്ഥിതി: ഒരു പുതിയ മനുഷ്യൻ, ഒരു പുതിയ ജീവിതം. വി. ശ്ലീഹാ പറയുന്നതുപോലെ: "പഴയ പുളിമാവു് നിങ്ങളിൽനിന്നു നീക്കിക്കളയുവിൻ." പാപജീവിതമാകുന്ന പുളിച്ചമാവിനെ നാം മാററിക്കളയണം; വേണ്ടിവന്നാൽ ജീവിതത്തിന്റെ അലകും പിടിയും മാററിക്കൊണ്ടു ഒരു സമൂലപരിവർത്തനംതന്നെ നാം ഉണ്ടാക്കണം. പുതിയ ജീവൻ നമ്മിൽ പ്രസരിക്കണം. എന്നാൽമാത്രമേ നമുക്കു് ആനന്ദിക്കുവാൻ അവകാശമുള്ളൂ. 'കർത്താവു സൃഷ്ടിച്ച ദിവസം ഇതാകുന്നു; ഇന്നു് നാം സന്തോഷിക്കയും ആനന്ദിക്കയുംചെയ്യുക.'

(ജെ. ചെമ്മനൂർ)

---

## ബോട്ടുലൈൻ

കുംഭം 21-ാംനു- മുതൽ സെൻറ് ജോർജ് ബോട്ടുസർവ്വീസുവകയായി രാവിലെ 7 നു് അമ്പലപ്പുഴനിന്നും പുറപ്പെട്ടു് ചമ്പക്കുളം, നെടുമുടി, മങ്കൊമ്പ്, പുളിങ്കുന്നു്, കാവാലം വഴി കോട്ടയത്തെത്തുകയും വൈകുന്നേരം 4 മണിക്കു് തിരികെപ്പോരുകയും ചെയ്യുന്ന ഒരു പുതിയ ലൈൻ ആരംഭിച്ചിരിക്കുന്നതായറിയുന്നു.

# *മെഡിക്കൽ മിഷൻ

(വെരി റവ. ഫാദർ സി. ററി. കൊട്ടാരം, ബി. എ., എൽ. ററി., എൽ. ഡി., എഫ്. ആർ. എസ്. എ.)

പ്രാചീനകാലംമുതൽ ഇന്നുവരെ സാമ്രാജ്യാധിപന്മാരായും സാമ്രാജ്യസ്ഥാപനമോഹികളായും ലോകത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള സകല ഭരണതന്ത്രജ്ഞന്മാരേയും അലട്ടിയിട്ടുള്ള ഒരു മഹാപ്രശ്നമാണു് രോഗികളെയും വൃദ്ധജനങ്ങളെയും എന്തുചെയ്യണമെന്നുള്ളതു്. രോഗികളും വൃദ്ധജനങ്ങളും രാഷ്ട്രത്തിനു് ഒരു ഭാരമാണു്; ബൈബിളിൽ പറയുന്ന ധനവാൻെറ പടിവാതില്ക്കൽ കിടന്ന ലാസറിനെപ്പോലെ ഇവർ ഒരു ഒഴിയാബാധയാണു്, ഒരു "nuissance" ആണു്. കഴിഞ്ഞകാലങ്ങളിൽ വിവിധരാജ്യങ്ങളിൽ വിവിധപ്രതിവിധികൾ ഈ പ്രശ്നപരിഹാരാർത്ഥം നിർദ്ദേശിക്കപ്പെടുകയും പരീക്ഷിക്കപ്പെടുകയും ചെയ്യുകയുണ്ടായിട്ടുണ്ടു്. തികച്ചും പരിഷ്കൃതമെന്നു കരുതപ്പെടുന്ന ആധുനികകാലത്തും ഈ പ്രശ്നത്തിനൊരു പ്രതിവിധി കാണാതെയോ, പരീക്ഷിക്കപ്പെടാതെയോ ഇരിക്കുന്നുമില്ല. രോഗികളെ ജാതിമതാദിപരിഗണനകൾ കൂടാതെ രോഗത്തിൻെറ സ്വഭാവം മാത്രം മാനദണ്ഡമാക്കി ശാസ്ത്രീയമായ രീതിയിൽ വിവിധ വകുപ്പുകളിൽ അഥവാ ക്ലാസുകളിൽ പെടുത്തി ഭാഗികമായോ പൂർണ്ണമായോ നശിപ്പിക്കപ്പെടേണ്ടവരെന്നു് ലേബൽ ഒട്ടിക്കുകയത്രെ ചില രാജ്യങ്ങളിൽ പ്രായോഗികമായി സ്വീകരിച്ചിരിക്കുന്ന പ്രതിവിധിമാർഗ്ഗം.

## ക്രിസ്തുവിൻെറ മാതൃക

എന്നാൽ ഒരു അഖില ലോക സാമ്രാജ്യ സ്ഥാപകനായി ഇരുപതുശതാബ്ദങ്ങൾക്കുമുൻപു് ഭൂമിയിൽ ദിവ്യാവതാരം ചെയ്ത യേശുക്രിസ്തുവാകട്ടെ ഈ മഹാപ്രശ്നത്തെ അഭിമുഖീകരിച്ചതു് ഏററം വ്യത്യസ്തമായ ഒരു രീതിയിലാണു്. ക്രിസ്തുനാഥൻെറ സാമ്രാജ്യസ്ഥാപനപരിപാടിയിൽ രോഗികൾക്കു് പ്രത്യേകവും പ്രധാനവുമായ ഒരു സ്ഥാനമാണു് നൽകപ്പെട്ടതു്. അവശരും ആകുലരുമായ രോഗികളുടെമേൽ അവിടുത്തേക്കുള്ള കരുണ അപാരമായിരുന്നു. സുവിശേഷം പ്രസംഗിക്കുന്നതിനോടൊപ്പം രോഗികളെ സുഖപ്പെടുത്തുവാനും അപ്പസ്തോലന്മാരോടു് ക്രിസ്തു കല്പിച്ചരുളി. ("And He sent them to preach the gospel and to heal the sick." Mat. XVI, 6). ഏതൊരു ഗ്രാമത്തിൽ പ്രവേശിച്ചാലും. അവിടെയുള്ള രോഗികളെ സ്വസ്ഥരാക്കണമെന്നുള്ള നിർദ്ദേശം അപ്പസ്തോലന്മാർക്കു നൽകപ്പെട്ടിരുന്നു. ("And into whatsoever city you enter .........heal the sick that are therein." Luke X, 8). രോഗികളെ സുഖപ്പെടുത്തണമെന്നു് തൻെറ അനുഗാമികളോടുപദേശിക്കുക മാത്രമല്ല ക്രിസ്തു ചെയ്തതു്; പ്രത്യുത, തൻെറ പരസ്യജീവിതകാലമത്രയും താൻതന്നെ രോഗികളെ സുഖപ്പെടുത്തി സന്മാതൃകയും അവർക്കു നൽകിയിരുന്നു. സുവിശേഷപാരായണത്തിൽനിന്നു നമുക്കു മനസ്സിലാക്കാം ഏതൊരു ഗ്രാമത്തിൽ രക്ഷകൻ പ്രവേശിച്ചാലും ആളുകൾ അവിടെയുള്ള രോഗികളെ അവിടുത്തെപക്കൽ കൊണ്ടുവരികയും അവിടുന്നു് അവരെ അനുഗ്രഹപൂർവ്വം സ്വസ്ഥരാക്കുകയും ചെയ്യുക പതിവായിരുന്നുവെന്നു്. ദിവ്യനാഥൻ പ്രവർത്തിച്ച അത്ഭുതങ്ങളിൽ തൊണ്ണൂറുശതമാനവും യഥാർത്ഥത്തിൽ രോഗശമനം ആയിരുന്നുവെന്നും സുവിശേഷങ്ങൾ സാക്ഷിക്കുന്നു.

ക്രൈസ്തവസഭയുടെ പ്രാരംഭദശകളിൽ അപ്പസ്തോലന്മാർ തങ്ങളുടെ ഗുരുനാഥൻ നൽകിയ മാതൃകയും ഉപദേശവും അനുസരിച്ചു് രോഗികളുടെ കാര്യത്തിൽ സവിശേഷമായ ശ്രദ്ധ പതിച്ചിരുന്നു. രോഗികളെ സ്വസ്ഥരാക്കുന്നതിനുള്ള അമൂല്യവരം ക്രിസ്തുനാഥനിൽനിന്നു് അവർക്കു ലഭിച്ചിട്ടുമുണ്ടായിരുന്നു. യഹൂദന്മാരുടെ ആരാധനാക്രമത്തിലും പാരമ്പര്യത്തിലും അടിയുറച്ചിരുന്ന ജനതയ്ക്കു് വാഗ്ദാനംചെയ്യപ്പെട്ടിരുന്ന രക്ഷകൻ വന്നുകഴിഞ്ഞുവെന്നു ബോദ്ധ്യംവരുന്നതിനും ക്രൈസ്തവവിശ്വാസത്തിലേക്കുള്ള പതിതരുടെ മനഃസാന്തരം ക്ഷിപ്രസാദ്ധ്യമാകുന്നതിനും അത്ഭുതപ്രവർത്തനശക്തി അപ്പസ്തോലന്മാർക്കാവശ്യമായിരുന്നു. എന്നാൽ ക്രൈസ്തവവിശ്വാസം റോമ്മാസാമ്രാജ്യമൊട്ടുക്കും അതിൻെറ അതിർത്തികൾ കടന്നും പ്രചരിച്ചതിനുശേഷം അത്ഭുതപ്രവർത്തനങ്ങളുടെ ആവശ്യം അത്ര അധികമായിട്ടുണ്ടായിരുന്നില്ല. സുവിശേഷത്തിൽ പറയുന്ന കടുകുമണിപോലെ സഭാവൃക്ഷം മണ്ണിൽ വേരൂന്നിക്കഴിഞ്ഞിരുന്നു, പിന്നീടു് സ്വാഭാവികമായി അതു തഴച്ചു വളരുകതന്നെ ചെയ്യുമായിരുന്നു. എന്നാൽ ആതുരസംരക്ഷണം ഒരു പിതൃസ്വത്തായി സഭയിൽ എന്നും നിലനിന്നു. രോഗികളെ പരിചരിക്കുന്നവൻ ക്രിസ്തുവിനെത്തന്നെയാണു പരിചരിക്കുന്നതെന്നുള്ള വിശ്വാസം സഭ അഭംഗമായി പാലിക്കയും ചെയ്തുപോന്നു. "As long as you did it to one of these my least ones you did it to me." Mat. XXV, 40)

## ആദിമസഭയുടെ ആതുരശുശ്രൂഷ

പ്രാരംഭഘട്ടംമുതൽ ഇന്നുവരെയും ആതുരശുശ്രൂഷ ക്രൈസ്തവസഭ വിശ്വസ്തതയോടെ നിർവ്വഹിച്ചുപോന്നുവെന്നു് ചരിത്രം സാക്ഷിക്കുന്നു. അന്ധകാരാവൃതമായിരുന്ന കാലഘട്ടങ്ങളിൽ മാനസിക—ശാരീരിക ക്ലേശങ്ങൾ അനുഭവിച്ചിരുന്ന ജനസഞ്ചയത്തിനു് ആശ്വാസവും പ്രതീക്ഷയും പ്രദാനംചെയ്തതു് ക്രൈസ്തവസഭയാണു്. ക്രിസ്ത്വബ്ദം 200-ാമാണ്ടിടയ്ക്കു് ആതുരപരിചരണവിഷയകമായി സഭ നിർവ്വഹിച്ചിരുന്ന സേവനം അക്കാലത്തു ജീവിച്ചിരുന്ന പ്രസിദ്ധപണ്ഡിതനും ഗ്രന്ഥകാരനുമായ ടെർത്തുല്യൻെറ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിരുന്നു. ആതുരശുശ്രൂഷ സഭയെസംബന്ധിച്ചിടത്തോളം കേവലം വികാരത്തിൻെറയോ സഹതാപത്തിൻെറയോ മാത്രമായ ഒരു പ്രവൃത്തിയായിരുന്നില്ലെന്നും, ആതുരപരിചരണം കടമയും ബഹുമതിയുമായി ക്രൈസ്തവർ കരുതിയിരുന്നെന്നും, ആതുരശുശ്രൂഷയോടൊപ്പം ചികിത്സാഭ്യസനവും സഭയുടെ നിയന്ത്രണത്തിൽ പുരോഗമിച്ചിരുന്നെന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ടു്. ക്രി. വ 379-ൽ വി. ബേസിൽ ബ്രഹ്മാണ്ഡമായ ഒരു ആസ്പത്രി പണികഴിപ്പിക്കുകയുണ്ടായി. ആ സ്ഥാപനത്തിൻെറ വിസ്തീർണ്ണതനിമിത്തം അതിനെ ഒരു പുതിയ പട്ടണം—"A New City"—എന്നത്രെ ജനങ്ങൾ വിളിച്ചിരുന്നതു്. സാധാരണ രോഗബാധിതർ, കുഷ്ഠരോഗികൾ, ഭ്രാന്തന്മാർ മുതലായവർക്കു് പ്രത്യേകം പ്രത്യേകം വാർഡുകൾ പ്രസ്തുതാശുപത്രിമന്ദിരത്തിലുണ്ടായിരുന്നു. ജാതിമതഭേദമോ കുബേരകുചേലപരിഗണനയോ കൂടാതെയാണു രോഗികൾക്കു് ആ സ്ഥാപനത്തിൽ പ്രവേശനവും പരിചരണവും സിദ്ധിച്ചിരുന്നതു്.

## മാർപ്പാപ്പാമാരുടെ പ്രോത്സാഹനം

മാർപ്പാപ്പാമാർ ആതുരശുശ്രൂഷയെ എന്നും പ്രോത്സാഹിപ്പിച്ചും അനുഗ്രഹിച്ചുംവന്നിരുന്നു. ഡോക്ടർമാർ മാർപ്പാപ്പാമാരായി തെരഞ്ഞെടുക്കപ്പെട്ട സംഭവങ്ങളും ചരിത്രത്തിൽ കാണുവാൻകഴിയും. റോമായിലെ ചീഫ് മെഡിക്കൽ ഓഫീസർ (C. M. O.) അഥവാ ഡർബാർ ഫിസിഷ്യൻ ആയിരുന്നപ്പോഴാണു് 22-ാമത്തെ യോഹന്നാൻ തിരുമേനി (Pope John XXII) പരിശുദ്ധസിംഹാസനാധിപനായി തെരഞ്ഞെടുക്കപ്പെട്ടതു്. അദ്ദേഹം റോമ്മായിലെ ചീഫ്മെഡിക്കൽ ആഫീസർ ആകുന്നതിനുമുമ്പു് സിയന്നായിൽവച്ചു് ചികിത്സാസംബന്ധമായി അനവധി പ്രസംഗങ്ങൾ ചെയ്യുകയും ഗ്രന്ഥങ്ങൾ രചിക്കയും ചെയ്തിട്ടുള്ള ആളായിരുന്നു. ക്രൈസ്തവമിഷനറിമാർ ആതുരസംരക്ഷണവിഷയത്തിൽ നിർവ്വഹിച്ചിട്ടുള്ള സേവനം മഹത്തായ ഒന്നാണു്. ഏതെല്ലാം രാജ്യങ്ങളിൽ മിഷനറിമാർ സുവിശേഷവേലയ്ക്കായി പോയിരുന്നുവോ അവിടങ്ങളിലെല്ലാം അവരുടെ ഉത്സാഹത്തിൻെറയും പരിശ്രമത്തിൻെറയും ഫലമായി ആശുപത്രികളും ആതുരമന്ദിരങ്ങളും ഉയർന്നുവന്നുവെന്നുള്ളതു് ചരിത്രപരമായ ഒരു പരമാർത്ഥം മാത്രമാണു്.

## ആതുരശുശ്രൂഷാസംഘങ്ങളുടെ ആവിർഭാവം

തിരുസഭയുടെ ആതുരപരിചരണപ്രേഷിതചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറക്കുന്ന കാലഘട്ടമാണു് ഒമ്പതാം ശതാബ്ദം. സഭയുടെ പ്രചോദനത്തിലും നിയന്ത്രണത്തിലും സംഘടിതമായി ആതുരസംരക്ഷണം സമാരംഭിച്ചതു് പ്രസ്തുതകാലഘട്ടത്തിലത്രെ. ക്രി.വ. 890-ൽ സിയന്നായിൽ സ്ഥാപിതമായ ആതുരശുശ്രൂഷാസംഘടനയെത്തുടർന്നു് വിവിധ ഘട്ടങ്ങളിലായി വിവിധസംഘടനകളും സന്യാസസമൂഹങ്ങളും ആതുരപരിരക്ഷണാർത്ഥം രംഗപ്രവേശംചെയ്തിട്ടുണ്ടു്. ക്രി. വ.1095-ൽ ഫ്രാൻസിൽസ്ഥാപിതമായ "Antonine Brothers" എന്ന സന്യാസസമൂഹത്തെ ഹൊണോറിയസ് മൂന്നാമൻ മാർപ്പാപ്പാ (Pope Honorius III) ഒരു ആതുരശുശ്രൂഷാസമൂഹമായി അംഗീകരിച്ചതായിക്കാണുന്നു. കുരിശുയുദ്ധങ്ങളുടെ കാലത്തു് സമരരംഗങ്ങളിലും ആശുപത്രികളിലുംരോഗികളെ പരിചരിക്കുന്നതിനായി പല സംഘങ്ങളും (Military Orders) രംഗപ്രവേശം ചെയ്യുകയുണ്ടായി. അവയിൽ ഒന്നായ (The Order of St. John) സെൻറ് ജോൺ സഭക്കാർ ജറുശലം പട്ടണത്തിൻെറവിവിധഭാഗങ്ങളിലായി ഏതാനും ആശുപത്രികൾ പണികഴിപ്പിക്കയും രോഗികളെയും മുറിവേററവരെയും സ്തുത്യർഹമായവിധം പരിചരിക്കയും ചെയ്തിരുന്നു. അവരുടെ ആശുപത്രികളിൽ മൊത്തം രണ്ടായിരത്തിലധികം കിടക്കകളുണ്ടായിരുന്നുവത്രെ. ക്രി. വ.1204-ൽ ആകുന്നു റോമാനഗരത്തിലെ സുപ്രസിദ്ധമായ "പരിശുദ്ധാത്മാവിന്റെ ആശുപത്രി" സ്ഥാപിതമായതു്. ഇന്നും റോമയിലെ ഒന്നാംകിടയിലുള്ള ഒരു സ്ഥാപനമായി അതു നിലകൊള്ളുന്നുണ്ടു്.

## വിശുദ്ധരുടെ തീക്ഷ്ണത

എന്നാൽ മററു പല കാര്യങ്ങളിലും സംഭവിക്കാറുള്ളതുപോലെ ആതുരപരിചരണവിഷയത്തിലും ഇടക്കാലത്തു് ഒരു മാന്ദ്യം നേരിടുകയുണ്ടായി. ഇതേപററി ഒരു ചരിത്രകാരൻ പ്രസ്താവിക്കുന്നതു് "Charity grew cold"—"ഉപവി തണുത്തു"വെന്നാണു്. ഈ മാന്ദ്യം നീക്കുന്നതിനു് ദൈവത്തിൻെറ വി. യോഹന്നാൻ (St. John of God), സെൻറ് വിൻസെൻറു ഡി പോൾ, സെൻറ് കമിലസ് എന്നീ വിശുദ്ധന്മാരുടെ തീക്ഷ്ണത ഒട്ടധികം ഉപകരിച്ചിട്ടുണ്ടു്. വി. കമിലസ് ഒരു സന്യാസസംഘത്തിൻെറ സ്ഥാപകൻ എന്ന നിലയിലും ഇക്കാര്യത്തിൽ വളരെയധികം പരിശ്രമിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ അനുഗാമികളായ കമിലിയൻ സഹോദരന്മാർ ചെങ്കുരിശു (Red cross) അവരുടെ ബാഡ്ജായി ധരിച്ചു ശാരീരികക്ലേശങ്ങൾക്കു വിധേയരായിരുന്ന മനുഷ്യസമുദായത്തിനുവേണ്ടി സ്തുത്യർഹവും വീരോചിതവുമായ സേവനം അനുഷ്ഠിച്ചു. രോഗങ്ങളും ക്ലേശങ്ങളും പകർച്ചവ്യാധികളും എത്ര ഭയങ്കരങ്ങളായിരുന്നാലും കമിലിയൻമാർ അവരുടെ കടമ ധീരതയോടും വിശ്വസ്തതയോടുംകൂടി നിർവ്വഹിച്ചുവന്നു. 1614-ൽ വി. കമിലസ് മരിക്കുന്നതിനുമുമ്പു് അദ്ദേഹത്തിൻെറ സംഘത്തിൽപെട്ട ഇരുനൂറു് അംഗങ്ങൾ ആതുരശുശ്രൂഷനിമിത്തം രോഗബാധിതരായി ഐഹികവാസം വെടിഞ്ഞിരുന്നു. 1556-ൽ നേപ്പിൾസിൽ പടർന്നുപിടിച്ച പ്ലേഗുബാധാവേളയിൽ നൂറിൽ തൊണ്ണൂറു വൈദികരും രോഗപരിചരണംനിമിത്തം ആ രോഗംബാധിച്ചു മരണമടയേണ്ടിവന്നുവെന്നും ബാക്കിയുണ്ടായിരുന്ന പത്തുപേരിൽ നാലുപേർക്കും രോഗം പിടിപെട്ടെങ്കിലും അവർ മരിക്കാനിടയായില്ലെന്നും കാണുന്നു.

തിരുസഭയുടെ പ്രചോദനാനുസരണം

(ശേഷം 9-ാം പേജിൽ)

*ഇക്കഴിഞ്ഞ ഫെബ്രുവരി 25-ാംനു എറണാകുളത്തു് മെഡിക്കൽമിഷൻ ആശുപത്രി ഉദ്ഘാടനം ചെയ്തതിനെത്തുടർന്നു് പാലാ മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന വമ്പിച്ച പൊതുയോഗത്തിൽ ചെയ്ത പ്രസംഗം.


## ആരംഭലക്ഷണങ്ങൾ കൂടാതെ ഉത്ഭവിക്കുന്ന രോഗമല്ല ക്ഷയം

| | | |
|---|---|---|
| ശോധനക്കുറവു് | കിതപ്പു് | നെഞ്ചു് പള്ള വേദന |
| വയറുവീക്കൽ | ഏങ്ങൽ | മലം നേർമ്മയായി പോക |
| അധികവിയർപ്പു് | കഴുത്തു് കഴപ്പു് | ഇടക്കിടെ നീർവീഴ്ച |
| വിളർപ്പു് | ദുസ്സ്വപ്നങ്ങൾ | |
| ഇടക്കു ചുമ | മൂത്രാധിക്യം | ദേഹം മെലിയുക |
| വയറുകത്ത്യാളിച്ച | നേരിയപനി | നെഞ്ചു എരിച്ചൽ |
| പുളിച്ചുതികട്ടുക | ഛർദ്ദി | വേഗം കോപം വരിക |
| മൂലക്കുരു | ഗ്യാസ്ട്രബിൾ | കീഴ്വായു തടസ്ഥം |
| ഉറക്കക്കുറവു് | മൂത്രം ചൂടും ചുവപ്പും | തൊണ്ടയിൽ കഫം തടയുക |
| ദീപനക്ഷയം | അസ്ഥിസ്രാവം | കഠിനമായി മലം വരളുക |
| ഒച്ചയടപ്പു് | നെഞ്ചിടിപ്പു് | ഹൃദയസ്പന്ദനം വർദ്ധിക്കുക |

ഇപ്രകാരമുള്ള ലക്ഷണങ്ങൾ ഓരോന്നും പഞ്ചഭൂതാത്മകമായ ദേഹത്തിലെ അഗ്നി, വായു, ആകാശം എന്നീ ഭൂതാംശങ്ങൾ (ചൂടു്) വർദ്ധിക്കയും അതുമൂലം സൗമ്യാംശങ്ങളായ ഭൂമി ജലാംശങ്ങൾക്കു് ക്ഷയം തുടങ്ങുകയും ചെയ്യുമ്പോൾ ആരംഭിക്കുന്നവകളാകുന്നു.

ദേഹത്തിലെ അഗ്ന്യാംശം (ചൂടു്) വർദ്ധിക്കുന്നതുമുതൽ രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ ശുക്ലം എന്ന ഏഴു ധാതുക്കളും കഫവും ദിനംപ്രതി ഉരുകിയും, ദുഷിച്ചും വററിയും ക്ഷയിച്ചുകൊണ്ടിരിക്കുന്നതിനാലാകുന്നു മേൽകാണുന്ന ലക്ഷണങ്ങളെ "ക്ഷയാരംഭലക്ഷണങ്ങൾ" എന്നു പറയുന്നതു്. ഈ ലക്ഷണങ്ങൾ ഉള്ളവർ എല്ലാം "ക്ഷയരോഗി"കളാകുമെന്നു് ഇതിന്നർത്ഥമില്ല. എങ്കിലും ഈ ലക്ഷണങ്ങൾക്കു് പഴക്കവും കാഠിന്യവും എണ്ണം കൂടുതലും അനുഭവപ്പെടുംതോറും ധാതുക്കളുടെ ക്ഷയവും തന്മൂലം ദേഹത്തിനു തൂക്കക്കുറവും ശ്വാസകോശങ്ങൾ ശുഷ്കിച്ചു് ശ്വാസോച്ഛ്വാസത്തിനു് തടസ്സവും, ചുമച്ചും ഛർദ്ദിച്ചും രക്തം വരിക, വിടാത്തപനി തുടങ്ങിയവകളുംകൂടി കാണുമ്പോളാണു് രോഗം ക്ഷയമായിതീർന്നു എന്നു നാം അറിയുന്നതു്.

ഈ ആപൽഘട്ടത്തിൽ എത്തുന്നതിനുമുമ്പു് (ക്ഷയാരംഭലക്ഷണങ്ങൾക്കു്) നിംബാസവം, ദ്രാക്ഷാദിഘൃതം ശാരിബാദിതൈലം എന്നീ ഔഷധങ്ങൾ ഉപയോഗിച്ചതുകൊണ്ടു് അനവധിപേർക്കും നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിനു് ഇതുവരെ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 78 അനുഭവസാക്ഷ്യങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ടു്.

18 ദിവസത്തേക്കുള്ള ഈ ഔഷധങ്ങൾ മൂന്നുംകൂടി 10 ക. വിലക്കു് കഴിഞ്ഞലക്കത്തിൽ കൊടുത്തിരുന്ന സ്റ്റോക്കിസ്റ്റുമാരുടെ പക്കൽനിന്നും ഉപയോഗക്രമങ്ങൾ തുടങ്ങിയ വിവരങ്ങളോടുകൂടി കിട്ടുന്നതാണു്. രോഗവിവരങ്ങൾ എഴുതി അറിയിക്കുന്നവർ മുകളിൽ കൊടുത്തിരിക്കുന്നവിധം ഒന്നിനുചുവടെ ഒന്നു് എന്ന ക്രമത്തിൽ എഴുതി നെല്ലായിക്കു മാത്രമെ അയക്കേണ്ടതുള്ളു എന്നും, രോഗസംബന്ധമായി ഏതെങ്കിലും സംശയങ്ങൾ തീർക്കുവാൻ ഉള്ളവരുടെ സൗകര്യത്തിനുവേണ്ടി പ്രൊപ്രൈററർ കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ കാലത്തു് 9 മുതൽ 4 മണിവരെ എറണാകുളം കാനൻഷെഡ്റോഡിലുള്ള സെയിൽസ് ഡിപ്പോവിൽ ഉണ്ടായിരിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

കാളൻ ആയുർവ്വേദിക്ഫാർമ്മസി (റെയിൽവേസ്റ്റേഷൻ സമീപം) നെല്ലായി P. O.

ചെറുകഥ

# ചുഴി

(ജി. സി. ടീലാർ)


ശനിയാഴ്ച. തോട്ടത്തിൽ കൂലികൊടുക്കുന്ന ദിവസമാണ്. ഭാസ്കരൻ അന്നു ഷാപ്പിലേക്കു നടന്നു. കിട്ടിയതു മുഴുവനും അവിടെ ചെലവാക്കി. പഴയ ചിരട്ടയുമൊന്നുമല്ല അവിടെ. നീളമുള്ള ഒരു മേശ. ഇരുവശത്തും ബെഞ്ച്. ഓരോരുത്തന്റെയും മുമ്പിൽ ഗ്ലാസ്സ്. ഒരു പെട്രോമാക്സ് വിളക്കു മുകളിൽ. ഭാസ്കരനു് ആ ഇരുപ്പ് ആനന്ദകരമായിരുന്നു. ഗ്ലാസ്സ് പലവട്ടം നിറഞ്ഞുനിന്നു അയാളുടെ മുമ്പിൽ. ഇറച്ചിക്കഷണങ്ങൾ ഒരു പിലിസിലേക്കു വീണുകൊണ്ടുമിരുന്നു. ഭാര്യയും മക്കളും കാത്തുനിൽക്കാത്ത ഒരു സ്ഥലം. സ്വാതന്ത്ര്യത്തിന്റെ കുമ്പാരം ഉയന്നുയന്നുവന്നു. പണത്തുട്ടുകൾ ഓരോന്നായി ഉരുണ്ടുമറിഞ്ഞു് ഷാപ്പുടമസ്ഥന്റെ പെട്ടിയിലേക്കും. കൂട്ടുകാർ ധാരാളമുണ്ട്. മത്സരയോട്ടത്തിനു തയ്യാറായി കളത്തിൽ ഇറങ്ങിയവരെപ്പോലുള്ള ഉന്മേഷം അവരുടെ ജോലിയിൽ അവർ പ്രദർശിപ്പിക്കുന്നു. ദുർഭാഷണങ്ങളാണ് അവരുടെ സംഗീതം. ലഹരി കൊണ്ടു് ഭാസ്കരന്റെ ഞരമ്പുകൾ അയഞ്ഞു. പാദങ്ങൾ നിലത്തുറയ്ക്കാതായി. സ്ഫുടമായി സംസാരിക്കുവാനുള്ള ശക്തിയും നഷ്ടപ്പെട്ടു. വിദ്വേഷാഗ്നി ആളിക്കത്തി.

ഒരലച്ച. വഴിവക്കത്തെ ഗൃഹങ്ങളിൽ ഉറങ്ങിക്കിടന്നവർ ഞെട്ടി എഴുന്നേററു. അവർ ജനൽ തുറന്നു് കമ്പി അഴികൾക്കിടയിൽക്കൂടി നോക്കി. രണ്ടുപേർ തമ്മിൽ അടിപിടിനടത്തുന്ന ഒരു കാഴ്ച. "ഓ, രണ്ടു കുടിയന്മാർ തമ്മിൽ വഴക്കു്" എന്നു പറഞ്ഞു പലരും ജനൽ ആഞ്ഞടച്ചു കിടന്നുറങ്ങി. പക്ഷേ ആ ശബ്ദം ഉയന്നുയന്നുവന്നു. മുമ്പോട്ടും പുറകോട്ടും നീക്കവും തുടങ്ങി. വഴിയേ നടന്നുവന്ന പാവപ്പെട്ട ഒരു മനുഷ്യനായിരുന്നു പാച്ചൻ. അയാളുടെ കൈയിലിരിക്കുന്ന പേഴ്സിനു ഭാസ്കരൻ പിടികൂടിയിരിക്കയാണു്. അയാൾക്കു പ്രോത്സാഹനം നൽകുവാൻ കുറേ കൂട്ടുകാർ ദൂരെ മാറി ഒളിച്ചിരിക്കുന്നു. പാച്ചൻ നിസ്സഹായനായി നിലവിളിച്ചു. അയാളുടെ സഹായത്തിനായി ഒററമനുഷ്യനും വെളിക്കു വന്നില്ല. മരണവക്ത്രത്തിൽ താൻ അകപ്പെട്ടിരിക്കുന്നു എന്നു പാച്ചനു ബോധ്യംവന്നു. അയാൾ കീഴടങ്ങി നിലംപററി കിടന്നുകളഞ്ഞു. കുറേ ചവിട്ടും തൊഴിയും അടിയും. പാച്ചന്റെ പേഴ്സ് ഭാസ്കരന്റെ കൈക്കുള്ളിൽ അമന്നു. അയാൾ സംതൃപ്തനായി. പിടിവിട്ടുപോകുവാൻ തിരിഞ്ഞു. അപ്പോൾ കൂട്ടുകാർ പറയുകയാണു്: "അവന്റെ കത കഴിക്കെടാ." അയാൾ ദൂരെ മാറി ഒരു കല്ലെടുത്തുകൊണ്ടുവന്നു് ഇടിതുടങ്ങി. കൂട്ടുകാരും വന്നടുത്തു കല്ലുമായി.

ഒരു ഹോൺ. എല്ലാവരും അമ്പരന്നു. ഒരു കാറിന്റെ തെളിഞ്ഞ കണ്ണുകൾ നീണ്ടുനീണ്ടു വരുന്നു. അവർ പരസ്പരം നോക്കി. അവർ അവിടെത്തന്നെ നിന്നുപോയി. കാർ നിന്നു. ദീർഘകായനായ ഒരു മനുഷ്യനാണ് അതിൽനിന്നും ഇറങ്ങിവന്നതു്. കാക്കി ഉടുപ്പും ബെൽററും ധരിച്ചിരിക്കുന്നു. കൈയിൽ വെള്ളികെട്ടിയ ഒരു ചൂരൽ. പോലീസ് ഇൻസ്പെക്ടർ സൈമന്റെ മുമ്പിൽ അവർ കിടുകിടാവിറച്ചു. മൂന്നു കാൺസ്റ്റബിൾമാർ കൂടെ പുറത്തേക്കിറങ്ങി. ഒരുത്തനും ഓടാൻ കഴിഞ്ഞിട്ടില്ല. എല്ലാവരെയും നടത്തി സ്റ്റേഷനിലേക്കു്. ഒരു സഹോദരനെ ദ്രോഹിച്ചതിനുള്ള ശിക്ഷ അവിടെ അവക്കു നൽകപ്പെട്ടു. വളരെ ദൂരത്തിൽ കേൾക്കാമായിരുന്നു ഭാസ്കരന്റെയും കൂട്ടുകാരുടെയും നിലവിളി. "അവക്കു കിട്ടേണ്ടതുകിട്ടി" എന്നു് എല്ലാവരും പറഞ്ഞു. ഇൻസ്പെക്ടർസൈമണെ എല്ലാവരും പുകഴ്ത്തി.

ഒരു മീററിംഗ്. അനേകം തോട്ടത്തൊഴിലാളികൾ അവിടെക്കൂടിയിട്ടുണ്ടു്. സഖാവു ടോമിന്റെ പ്രസംഗം. "മാന്യരേ, ജനാധിപത്യം നടക്കുന്നു എന്നു പറയുന്ന ഈ നാട്ടിൽ പോലീസ്ഭരണം നടക്കുന്നതു് ക്ഷന്തവ്യമോ? ഇന്നലെ രാത്രി, ഈ പ്രദേശത്തു്, ജനാധിപത്യത്തിന്റെ തണലിൽ സുരക്ഷിതമാണെന്നു നാം വിചാരിക്കുന്ന ഈ നാട്ടിൽ, സംഭവിച്ചതെന്താണെന്നറിഞ്ഞാൽ നിങ്ങളുടെ ചുടുരക്തം പ്രതികാരത്തിനായി തിളയ്ക്കാതിരിക്കയില്ല. നമ്മുടെ ഭാസ്കരൻ ഒരു നിരുപദ്രവിയാണ്. അതുപോലെതന്നെ അയാളുടെ കൂട്ടുകാരും. അവർ ഇന്നലെ അർദ്ധരാത്രി സമയത്തു് നമ്മുടെ തോട്ടത്തിലേക്കു വരികയായിരുന്നു. ആ സമയം മുതലാളിക്കൂട്ടുകെട്ടിൽനിന്നു താളം ചവിട്ടുന്ന സൈമൺ എന്ന പോലീസ് ഇൻസ്പെക്ടരും അയാളുടെ ആജ്ഞാനുവത്തികളായ കുറേ പോലീസ് കിങ്കരന്മാരും കൂടി വേട്ടപ്പട്ടികളെപ്പോലെ അവരുടെ മേൽ ചാടിവീണു. അവരെ സ്റ്റേഷനിലേക്കു വലിച്ചിഴച്ചുകൊണ്ടുപോയി നിർദ്ദയം മർദ്ദിക്കയുംചെയ്തു. പാവപ്പെട്ടവരെ മർദ്ദിച്ചാൽ ആളില്ല ചോദിക്കുവാൻ. നാളെ നിങ്ങളും ഇത്തരം പീഡനങ്ങൾക്കു തയാറാകേണ്ടിവരും. നിങ്ങളുടെ രക്തം ഊററിക്കുടിച്ചിട്ടു് നിങ്ങളെ ദ്രോഹിക്കുന്ന മൃഗങ്ങളെ നിങ്ങൾ ഒരു പാഠം പഠിപ്പിക്കതന്നെവേണം. നിങ്ങൾ സംഘടിച്ചാൽ നിങ്ങളെ ജയിക്കുവാൻ ലോകത്തിൽ മറെറാരുശക്തിയുമുണ്ടാകയില്ല. ഭരണക്കൂടം നിങ്ങൾക്കു പിടിച്ചെടുക്കാം. ഇപ്പോൾത്തന്നെ അതിനു തെളിവുവേണമോ? നിങ്ങൾ കുറുവടിയും എടുത്തു് പോലീസ്സ്റ്റേഷനിലേക്കുതന്നെ മാർച്ച് ചെയ്യുവിൻ. പോലീസ് ഇൻസ്പെക്ടർ നിങ്ങളുടെ മുമ്പിൽ മുട്ടുമടക്കുന്നതു നിങ്ങൾ കാണും. നിശ്ചയം." ഇങ്ക്വിലാബു്, സിന്ദാബാദു് വിളികൾ കുതിച്ചുപൊങ്ങി. തോട്ടം തൊഴിലാളികൾ കുറുവടികളും ശേഖരിച്ചു് അണിനിരന്നു. മാർച്ച് വൻ, ടു; വൻ, ടു.

ദിഗന്തങ്ങളെ ഭേദിക്കുന്ന ജയ്‌വിളികൾ. ആബാലവൃദ്ധം ജനങ്ങളും കാഴ്ച കാണുവാൻ വഴിയരുകിൽ തിക്കിക്കൂടി. പല യുവരസികന്മാക്കു് ഉന്മേഷം ജനിച്ചു. ചിലർ അവരുടെ നിരയിൽ ചേന്നുനിന്നു. ഭയം ജനിപ്പിക്കുന്ന ഒരു നീക്കം. പോലീസുദ്യോഗസ്ഥന്മാർ പരിഭ്രാന്തരായി. പലരും ഒളിച്ചുകളഞ്ഞു. വാതിലുകളും തട്ടി അടിച്ചു. ഒരു ധീരൻതന്നെ ഇൻസ്പെക്ടർ സൈമൺ. അദ്ദേഹം പ്രധാനവാതിൽക്കൽ അടഞ്ഞുനിന്നു ചോദിച്ചു ഉഗ്രസ്വരത്തിൽ: "നിങ്ങൾക്കെന്തുവേണം?" അതിനു പ്രത്യുത്തരം ഒരു കൂക്കുവിളി. സഖാവു ടോം ഒരു നേതാവിന്റെ ഭാവത്തിൽ മുമ്പോട്ടുവന്നു പറഞ്ഞു: "എന്റെ കീഴിലുള്ള ജനങ്ങളാണു് ഇവരെല്ലാം. ഇന്നലെ താൻ ഇവരിൽപെട്ട കുറേപേരെ നിർദ്ദയം മർദ്ദിച്ചു. തനിക്കു ജീവൻവേണമോ, ഇവരോടു ക്ഷമായാചനം ചെയ്യുമോ എന്നറിയുവാനാണു് ഇന്നു ഞങ്ങളുടെ നീക്കം." അവർ കരുതിക്കൂട്ടിയാണു വന്നിരിക്കുന്നതെന്നു് ഇൻസ്പെക്ടർക്കു മനസ്സിലായി. എങ്കിലും ധീരനായ സൈമൺ പ്രതിവചിച്ചു: "ഞാനെന്റെ ചുമതല നിർവ്വഹിച്ചു. പരാതിയുണ്ടെങ്കിൽ മേലാവിൽ ബോധിപ്പിച്ചുകൊള്ളണം."



"ഭരണക്കൂടം നിങ്ങൾക്കു പിടിച്ചെടുക്കാം. ഇപ്പോൾതന്നെ അതിനു തെളിവു വേണമോ? നിങ്ങൾ കുറുവടിയും എടുത്തു് പോലീസ്സ്റ്റേഷനിലേക്കു മാർച്ചുചെയ്യുവിൻ".

"ഞങ്ങൾക്കു് ഒരു മേലാവുമില്ല. ഞങ്ങളുടെ കാര്യം ചോദിക്കുവാൻ ഞങ്ങൾക്കറിയാം. ക്ഷമായാചനവും നഷ്ടപരിഹാരവും ചെയ്യുമോ ഇല്ലയോ? അഞ്ചുമിനിററു് അനുവദിക്കുന്നു." ഇൻസ്പെക്ടർ പരുങ്ങി. അദ്ദേഹം ഫോൺ കൈയിലെടുത്തു. നൂൽക്കമ്പിവഴി 70 മൈൽ ദൂരേക്കു് ഒരു സന്ദേശം.

"ഹലോ, സാർ ഞാനെന്തുചെയ്യണം. അവർ ഇതാ, വാതിൽക്കൽ വന്നു നിൽക്കുന്നു. ക്ഷമായാചനവും നഷ്ടപരിഹാരവുമാണവർ ആവശ്യപ്പെടുന്നതു്."

"ഒരു ലാത്തിച്ചാർജ്ജു നടത്തി അവരെ പിരിച്ചുവിടുവാൻ പോലീസിനു് ഓർഡർ കൊടുക്കുക"—മന്ത്രിയുടെ മറുപടി.

"പോലീസുകാരെല്ലാംതന്നെ ഒളിച്ചിരിക്കുന്നു. തൊഴിലാളികൾ ഏകദേശം മുന്നൂറുപേർ വരും, കുറുവടികളുമായിട്ടു്. അതിനാൽ ഒരുവകുപ്പു പട്ടാളത്തെ ഇങ്ങോട്ടയച്ചാലും."

"അസാദ്ധ്യം. താങ്കൾ കമ്മ്യൂണിസ്റ്റു സഖാക്കളോടാണു് ഏടപെടുന്നതെന്നു് ഓമ്മവേണം. ഗവമ്മെന്റിനു് അത്രവലിയ ശക്തിയൊന്നുമില്ല. തൽക്കാലം അവർ ആവശ്യപ്പെടുന്നതു ചെയ്തുകൊടുക്കൂ. പിന്നീടു നമുക്കു നടപടി നടത്താം."

മി. സൈമൺ പുറത്തേക്കുവന്നു. ഗൽഗദസ്വരത്തിൽ ക്ഷയിച്ച അഭിമാനത്തിന്റെ താങ്ങോടുകൂടി ക്ഷമായാചനം ചെയ്തു അദ്ദേഹം. നൂറുരൂപാ നഷ്ടപരിഹാരവും.

രൂപാ 50 സഖാവു സ്വന്തം പോക്കററിൽ തിരുകി. ശേഷിച്ച 50 കൊണ്ടു് എല്ലാവക്കുംകൂടി ഒരു കാപ്പിസല്ക്കാരം. അന്നു് ഒരു വിജയദിനമായി അവർ കൊണ്ടാടി. അന്നുമുതൽ അവക്കൊരു ചങ്കൂററം. പോലീസിനെ ഭയപ്പെടേണ്ടാ, പൊതുജനത്തെയും ഭയപ്പെടേണ്ട. ഏതക്രമവും നിർബാധം ചെയ്തുതുടങ്ങി അവർ.

"യജമാനേ"—പോലീസ് സ്റ്റേഷനിൽ വന്നുവിളിച്ചു ഒരാൾ. ഒരു കാക്കിയുടുപ്പുകാരൻ പുറത്തേക്കിറങ്ങിവന്നു "എന്താ കാര്യം?"

"ഞാനിങ്ങു പോന്നവഴി ഒരാളു് എന്റെ കൊടപിടിച്ചുപറിച്ചോണ്ടു പോയി. ഒടേറ തന്നു."

"ഏതു ഭാഗത്തുവച്ചു്?"

"ലേ ആ തോട്ടത്തിന്റെ അരികെ വച്ചു."

"അവൻ കുടയുംകൊണ്ടു് എങ്ങോട്ടു പോയി?"

"ലേ ആ ഷാപ്പിലോട്ടു കേറിട്ടോണ്ടു്."

"ഓ, ഒരു കുടയല്ലേ; സാരമില്ല. തന്റെ ആയുസ്സു പണയത്തിലാകാതിരുന്നതുതന്നെ ഭാഗ്യമെന്നോർത്തുകൊള്ളൂ. അതുകൊണ്ടു വേഗം പോയാട്ടെ."

"അപ്പം യേമാനേന്നൊന്നു ചോദിക്കേലേ?"

"ചോദിച്ചോളാം. താൻ പൊയ്ക്കോ?"

"എന്റെ കൊടയോ?"

"അതിവിടെ മേടിച്ചുവച്ചേക്കാം. അടുത്തമാസത്തിൽ വന്നേക്കു്." ആശാഭരിതനായി അയാൾ സ്ഥലംവിട്ടു ചുട്ടെരിക്കുന്ന വെയിലത്തു്.

"സർ" തൊമ്മച്ചൻ മുതലാളിയുടെ റൈട്ടർ വിളിച്ചു. "എന്താ കാര്യം?"

"സർ, ഇന്നലെ ആരോ തൊമ്മച്ചൻ മുതലാളിയെ വധിച്ചുകളഞ്ഞു."

"എപ്പോൾ?"

"എപ്പോഴെന്നറിഞ്ഞുകൂടാ. വെളുത്തപ്പോൾ പ്രേതമാണു കണ്ടതു്. കഴുത്തിൽ ഒരു മുറിവുണ്ടു്."

"എവിടെ കിടക്കുന്നു?"

"മുററത്തുനില്ക്കുന്ന തെങ്ങിന്റെ ചുവട്ടിൽ."

"അതിനു ഞാനെന്തുചെയ്യണം?"

"എന്തുചെയ്യണമെന്നോ? വന്നൊരന്വേഷണം നടത്തണം. പിന്നെ സംസ്കരിക്കുവാനുള്ള അനുവാദവും കിട്ടണം."

"അന്വേഷിക്കാനൊന്നുമില്ല. പ്രേതം മറവുചെയ്തുകൊള്ളണം."

"അയ്യോ, ഇതെന്താണു് ഈ പറയുന്നതു്? ഘാതകനെ അന്വേഷിച്ചു കണ്ടുപിടിക്കണ്ടയോ?"

"കണ്ടുപിടിച്ചാൽ?"

"അവനെ ഉചിതമായവിധത്തിൽ ശിക്ഷിക്കണം."

"അതു സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റു് സഖാക്കളുടെ വിദ്വേഷം ഞങ്ങളെന്തിനു സമ്പാദിക്കുന്നു?"

"കമ്മ്യൂണിസ്റ്റുകാരുടെ മുമ്പിൽ ഈ ഗവമ്മെന്റ് അടിയറവു പറയുവാൻ പോകയാണോ?"

"മിക്കവാറും അങ്ങനെതന്നെ."

പുതിയ ഇലക്ഷന്റെ സമയം. പെരുങ്കുൺപോലെ അനേകം പ്രസംഗകന്മാർ ഉണ്ടായി. കമ്മ്യൂണിസ്റ്റു് ആശയക്കാരായിരുന്നു മിക്കവരും. അവർ പ്രസംഗിച്ചു: "നിങ്ങൾ റഷ്യയിലേക്കു് ഒന്നു കണ്ണോടിക്കുക. അവിടെ പട്ടിണിയില്ല, പഞ്ഞമില്ല, പണക്കാരനില്ല, ദരിദ്രനില്ല. എല്ലാം സമം. എല്ലാവക്കും സുഖം. നിങ്ങളുടെ പോക്കുവരവിനു പണം കൊടുക്കേണ്ട. എല്ലാം ഗവമ്മെൻറു വഹിച്ചുകൊള്ളും. നിങ്ങളുടെ കുട്ടികളെ സംരക്ഷിക്കേണ്ട ഭാരം നിങ്ങൾക്കുണ്ടാകയില്ല. അതു ഗവമ്മെൻറു് അന്വേഷിച്ചുകൊള്ളും. ഭക്ഷണം പാകംചെയ്യുവാനുള്ള വേലക്കാരനെ നിങ്ങൾ അന്വേഷിക്കേണ്ട. യന്ത്രംവച്ചു് അതു ഗവമ്മെൻറു് നിർവ്വഹിച്ചുകൊള്ളും. ചികിത്സയ്ക്കു നിങ്ങൾ പണം ഉണ്ടാക്കേണ്ട. അതു ഗവ

(ശേഷം 8-ാം പേജിൽ)



കുറേ ചവിട്ടും തൊഴിയും അടിയും. പാച്ചന്റെ പേഴ്സ് ഭാസ്കരന്റെ കൈക്കുള്ളിൽ അമന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി., ഡി.

Vol. 24 ‖ ERNAKULAM, MARCH 21, 1951 ‖ No. 30


# സാമുദായികതത്വങ്ങൾ പഠിപ്പിക്കുവാൻ സ്ഥാപനം

എല്ലാകാലങ്ങളിലും, എല്ലാ രാജ്യങ്ങളിലും കത്തോലിക്കാ തിരുസഭയുടെ പ്രഥമലക്ഷ്യം സുവിശേഷപ്രചരണമാണെന്നു സർവസമ്മതമാണല്ലോ. ഈ പ്രേഷിതവൃത്തിയിൽ വിദ്യാഭ്യാസപരവും സാമുദായികവുമായ പ്രവർത്തനങ്ങൾ അവശ്യം ഉൾപ്പെട്ടേ കഴിയൂ. വിദ്യാഭ്യാസരംഗത്തിൽ കത്തോലിക്കർ ഭാരതത്തിൽ മഹത്തായ സേവനം നിർവഹിച്ചുകൊണ്ടാണിരിക്കുന്നതു്. ജാതിമതഭേദംകൂടാതെ സകലരും ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നുണ്ടു്. വിദ്യാഭ്യാസരംഗത്തു്, പ്രത്യേകിച്ചും ഉന്നതവിദ്യാഭ്യാസരംഗത്തിൽ, കത്തോലിക്കർ ചെയ്തിട്ടുള്ള സേവനങ്ങളിൽ പ്രമുഖവും പ്രധാനവുമായ ഭാഗം വഹിച്ചിട്ടുള്ളതു് ജസ്വീററു വൈദികരാണെന്നു കൃതജ്ഞതാപൂർവം സ്മരിക്കേണ്ടിയിരിക്കുന്നു. കൽക്കട്ടാ, ബോംബെ, മദ്രാസ്സ് മുതലായ കേന്ദ്രങ്ങളിൽ മാത്രമല്ല, തൃശ്ശിനാപ്പള്ളി, പാളയംകോട്ട, മംഗലാപുരം മുതലായ ഇതരഭാഗങ്ങളിലും ഏററവും പ്രശസ്തമായ രീതിയിൽ ഒന്നാംഗ്രേഡ് കോളെജുകൾ നടത്തിക്കൊണ്ടുപോരുന്നതു് അവരാണു്.

സാമുദായികരംഗത്തിലും കത്തോലിക്കരാണു് ഭാരതത്തിൽ മുന്നിട്ടു പ്രവർത്തിച്ചിട്ടുള്ളതു്. അധഃകൃതവർഗ്ഗക്കാരുടേയും ആദിമനിവാസികളുടേയും സമുദ്ധാരണത്തിനായി കത്തോലിക്കാ മിഷനറിമാർ ചെയ്തിട്ടുള്ള സേവനം കുറച്ചൊന്നുമല്ല. അപ്രകാരംതന്നെ ജീവകാരുണ്യപ്രവൃത്തികളും അവരുടെപരോപകാരപരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നുണ്ടു്. ഭാരതത്തിലാകെ അനേകം സ്ഥാപനങ്ങൾ ഈ രംഗത്തിൽ കത്തോലിക്കർ നടത്തിക്കൊണ്ടാണിരിക്കുന്നതു്. എന്നാൽ സമുദായരംഗത്തിലും വേറെ ചില പ്രശ്നങ്ങൾക്കു് ആധുനികകാലത്തു പ്രാധാന്യം കൂടിവരുകയാണു്. ഭരണകർത്താക്കളും ഭരണീയരും, മുതലാളികളും തൊഴിലാളികളും തമ്മിൽ ഉള്ള ബന്ധങ്ങൾക്കു് മുൻകാലങ്ങളെ അപേക്ഷിച്ചു് ഇപ്പോൾ പ്രാമുഖ്യം ലഭിച്ചിരിക്കുന്നു. ഭാരതത്തിനു സ്വാതന്ത്ര്യം കൈവന്നതോടുകൂടി, പുതിയ ഭരണഘടന രൂപവൽകൃതമായതോടുകൂടി ഈ പ്രശ്നങ്ങൾ അടിയന്തിരങ്ങളായിത്തീർന്നിരിക്കുകയാണു്. വ്യക്തികൾക്കും കുടുംബങ്ങൾക്കും സമുദായങ്ങൾക്കും സാക്ഷാൽ ക്ഷേമകരങ്ങളായ സാമുദായികതത്വങ്ങൾ ഏവയാണെന്നുള്ളതിനെക്കുറിച്ചു് ഭിന്നങ്ങളായ അഭിപ്രായങ്ങൾ നാലുപാടും മുഴങ്ങിക്കേൾക്കുന്നു. ഈ ഘട്ടത്തിൽ ശരിയേതു് തെറേറതു് എന്നു ചൂണ്ടിക്കാണിക്കുവാനുള്ള ചുമതലയും സന്ദർഭവും കത്തോലിക്കർക്കു ലഭിച്ചിരിക്കുകയാണു്. ഈ വിഷയത്തിലും ജസ്വീററുവൈദികർ മുൻകൈയെടുത്തു് പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നതു് സന്തോഷാവഹംതന്നെ.

### സോഷ്യൽ ഇൻസ്റ്റിററ്യൂട്ട്

ഇന്ത്യയിലെ ജസ്വീററു മിഷനുകളുടെ മേലധികാരികൾ സാമുദായികതത്വങ്ങൾ പഠിപ്പിക്കുന്ന ഒരു കേന്ദ്രസ്ഥാപനത്തിന്റെ ആവശ്യകതയെപ്പററി കുറെനാളായി ചിന്തിച്ചുവരുകയായിരുന്നു. പ്രസിദ്ധീകരണങ്ങളാലും പ്രായോഗികനിർദ്ദേശങ്ങളാലും ഇന്ത്യയിലെ സകല മിഷനുകൾക്കും രൂപതകൾക്കും സഹായം നൽകുവാൻ പര്യാപ്തമായ ഒരു സ്ഥാപനമായിരുന്നു അവരുടെ ആലോചനാവിഷയം. ജസ്വീററുസഭയുടെ ജനറൽ ഇക്കാര്യത്തിൽ വളരെയധികം താല്പര്യം പ്രദർശിപ്പിച്ചു. ക്രിസ്തീയ തത്വങ്ങൾക്കു് അനുരൂപമായ ഒരു സാമുദായികവ്യവസ്ഥിതി ഇന്ത്യയിൽ ഏർപ്പെടുത്തുന്നതിനു സഹായകമായിരിക്കുകയും, ലൗകായതികവും വിധ്വംസകവുമായ പ്രസ്ഥാനങ്ങളോടു ധർമ്മസമരം നടത്തുകയും ചെയ്യുന്ന ഒരു കേന്ദ്രസ്ഥാപനമാണു് ഇപ്പോൾ ആവശ്യകമെന്നു് ആ വൈദികവര്യൻ ബോദ്ധ്യമായി. തദനുസരണം ഇന്ത്യയിലെയും സിലോണിലേയും ജസ്വീററ് മിഷനുകളുടെ മേലധികാരികൾ 1950 മേയ്മാസത്തിൽ റോമയിൽ സമ്മേളിച്ചു് തീരുമാനം ചെയ്തു, ഇൻഡ്യയിൽ കാലവിളംബം കൂടാതെ ഒരു സോഷ്യൽ ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കണമെന്നു്. ഈ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കുവാൻ മദ്രാസ് ലയോളാ കോളെജിലെ പ്രിൻസിപ്പലും കേന്ദ്രപാർലമെന്റിലെ ഒരംഗവുമായ ഫാദർ ഡിസൂസാ എസ്സ്. ജെ. നിയമിക്കപ്പെടുകയും ചെയ്തു. തല്ക്കാലം പൂനായാണു് സ്ഥാപനത്തിന്റെ ആസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ടതു്. ഇക്കഴിഞ്ഞ ജാനുവരി 6-ാംനു "ഇൻസ്റ്റിററ്യൂട്ട് ഓഫ് സോഷ്യൽ ഓർഡർ" എന്ന നാമത്തിൽ സ്ഥാപനം ഉൽഘാടനംചെയ്യപ്പെട്ടു. സ്ഥാപനത്തിന്റെ പരിപാടി വിശദരൂപത്തിൽ ഇനിയും നിശ്ചയിക്കപ്പെട്ടിട്ടില്ല. അനുഭവജ്ഞാനത്തിന്റെയും, പൊതുജനങ്ങളുടെ സ്വീകരണത്തിന്റെയും വെളിച്ചത്തിൽ വേണമല്ലോ പരിപാടിയുടെ വിശദരൂപം രൂപീകരിക്കപ്പെടുവാൻ.

### തല്ക്കാലപരിപാടി

തല്ക്കാലം സ്വീകരിച്ചിട്ടുള്ള പരിപാടിയിൽ പ്രഥമസ്ഥാനം നല്കുന്നതു് നാനാതരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ വഴിയായി കത്തോലിക്കാസാമുദായികതത്വങ്ങൾ പ്രചരിപ്പിക്കുക എന്നതിനാണു്. അതിനായി പ്രത്യേകിച്ചും ഇൻസ്റ്റിററ്യൂട്ടിന്റെ നാമമായി "സോഷ്യൽ ആക്ഷൻ" എന്ന അഭിധാനത്തിൽ ഒരു മാസിക പ്രസിദ്ധപ്പെടുത്തും. രണ്ടാമതായി, ഭാരതത്തിൽ പലടങ്ങളിലും സാമുദായികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ആ സേവനം സംഘടിതവും കാര്യക്ഷമവുമായി നടത്തുവാൻവേണ്ട താത്വികവും പ്രായോഗികവുമായ ഉപദേശങ്ങൾ ഇൻസ്റ്റിററ്യൂട്ടിൽ നിന്നു് നല്കിക്കൊണ്ടിരിക്കും. ഇതിനായി പല കേന്ദ്രങ്ങളിൽ സാമുദായികപ്രവർത്തകന്മാർക്കു പരിശീലനം നല്കുവാൻ പ്രയോജനപ്പെടുന്ന സംക്ഷിപ്തമായ പാഠങ്ങൾ സംഘടിതമായ രീതിയിൽ നല്കുവാനാണു് ഉദ്ദേശിക്കുന്നതു്. ക്രമേണ സ്ഥലസൗകര്യവും അദ്ധ്യാപകന്മാരും വേണ്ടിടത്തോളം ഉണ്ടാകുന്നപക്ഷം ഇൻസ്റ്റിററ്യൂട്ടിന്റെ ആസ്ഥാനത്തിൽതന്നെ സാമുദായികപ്രവർത്തകന്മാർക്കു നിയതമേന ഉപദേശങ്ങളും പാഠങ്ങളും നല്കുവാൻ പര്യാപ്തമായ ഒരു സ്കൂൾതന്നെ ഏർപ്പെടുത്തണമെന്നുണ്ടു്. മൂന്നാമതായി തിരുസഭ ഭാരതത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാത്തരം സാമുദായികസേവനങ്ങൾക്കു് ആവശ്യകമായ സഹായങ്ങൾ നല്കുന്ന ഒരു വിജ്ഞാനകേന്ദ്രമായി ഇൻസ്റ്റിററ്യൂട്ടിനെ വിപുലീകരിക്കണമെന്നാണു് ഉദ്ദേശം. അതുവഴിയായി സാംസ്ഥാനികവും ദേശീയവുമായ തോതിൽ കത്തോലിക്കാ സാമുദായികപ്രവർത്തനങ്ങളെ വിസ്തൃതമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യാൻ കഴിയുമെന്നാണു് സ്ഥാപകന്മാരുടെ പ്രതീക്ഷ.

### മാസിക

"സോഷ്യൽ ആക്ഷൻ" എന്ന മാസികയുടെ ഒന്നാംലക്കം അടുത്ത ഏപ്രിൽ മാസത്തിൽ പുറപ്പെടുവിക്കുന്നതാണു്. സാമുദായികവിഷയങ്ങളെ പ്രതിപാദിക്കുന്നവയായിരിക്കും അതിന്റെ ഉള്ളടക്കമധികവും. ഇന്ത്യയിലെ സാമുദായികപ്രശ്നം തൊഴിലാളി മുതലാളിപ്രശ്നം മാത്രമല്ലല്ലോ. ജാതിവ്യത്യാസം, അസ്പൃശ്യത, സമുദായങ്ങൾ തമ്മിലുള്ള മത്സരങ്ങൾ, സമുദായാചാരങ്ങളുടെ പരിഷ്കരണം, മഹാത്മാഗാന്ധിയുടെ പരിപാടിയനുസരിച്ചുള്ള ദേശോദ്ധാരണം ഇവയെല്ലാം ഇൻഡ്യയിലെ സാമുദായിക പ്രശ്നത്തിൽ ഉൾപ്പെടുന്നവയാണു്. പാശ്ചാത്യരാജ്യങ്ങളിൽത്തന്നെ മുതലാളിതൊഴിലാളിപ്രശ്നം കേവലം സാമ്പത്തികപ്രശ്നമെന്ന നിലയെ കവിഞ്ഞിരിക്കുകയാണല്ലോ. പരസ്പരവിരുദ്ധങ്ങളായ തത്വസംഹിതകളോടുള്ള ബന്ധത്താൽ അതൊരു മതപ്രശ്നംതന്നെയായിരിക്കുന്നു. ഇതേവരെ സ്വീകരിക്കപ്പെട്ടുപോന്ന പ്രജായത്താദർശങ്ങളോടു് അതു വിയോജിച്ചിരിക്കുകയാണു്. മനുഷ്യജീവിതത്തിന്റെ സകലവശങ്ങളേയും നിയന്ത്രിക്കുവാൻ രാഷ്ട്രത്തിനു അവകാശമുണ്ടെന്നുള്ള വാദംനിമിത്തം അതൊരു വലിയ രാഷ്ട്രീയപ്രശ്നമായിരിക്കുന്നു. തന്മൂലം പ്രജായത്തഭരണത്തിന്റെ ശരിയായ നിർവ്വചനംപോലും പുനഃപരിശോധന ചെയ്യുകയും, പുതിയ ഭരണഘടനയിലെ "പരമാധികാര ഡെമോക്രാററിക്കു് റിപ്പബ്ലിക്കു്" എന്ന ആദർശം ഏതർത്ഥത്തിൽ മനസ്സിലാക്കേണ്ടതാണെന്നു നിർണ്ണയിക്കുകയും ആവശ്യകമാണു്. അതിനും പുറമെ രാഷ്ട്രീയവും സാമ്പത്തികവുമായ ഭാരതത്തിലെ പ്രശ്നങ്ങളെ സാർവ്വദേശീയപ്രശ്നങ്ങളോടു് സംയോജിപ്പിച്ചും, സഹകരിപ്പിച്ചുംകൊണ്ടു പോകേണ്ടിയിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യങ്ങളേയും, പ്രവർത്തനങ്ങളേയും കൺമുൻപിൽവച്ചുകൊണ്ടുവേണം ഇന്ത്യയുടെ നിലയും നയവും രൂപീകരിക്കുവാൻ. ഇപ്പറഞ്ഞ സകല വശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമുദായിക പുനസംവിധാനത്തെ സംബന്ധിച്ചുള്ള തത്വങ്ങളായിരിക്കും പ്രസ്തുത മാസികയിൽ പ്രതിപാദിക്കപ്പെടുന്നതു്.

പുതിയ സോഷ്യൽ ഇൻസ്റ്റിററ്യൂട്ട് ഭാരതത്തിലെ അടിയന്തിരമായ ഒരാവശ്യം നിവർത്തിക്കുന്ന സ്ഥാപനമാണെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അതിന്റെ നാമമായി പുറപ്പെടുന്ന "സോഷ്യൽ ആക്ഷൻ" എന്ന മാസികയും അവശ്യാവശ്യകമായ പ്രസിദ്ധീകരണമാണു്. ഈ പുതിയ പ്രസ്ഥാനത്തിനു സകല വിജയങ്ങളും ഹൃദയപൂർവ്വം ആശംസിക്കുവാൻ ഞങ്ങൾക്കു സന്തോഷമുണ്ടു്. പ്രത്യേകിച്ചു "സോഷ്യൽ ആക്ഷൻ" മാസികയ്ക്കു് ഇംഗ്ലീഷു ഭാഷാഭിജ്ഞന്മാരുടെയിടയിൽ പ്രചുരപ്രചാരം ലഭിക്കണമെന്നാണു് ഞങ്ങളുടെ പ്രാർത്ഥന.

### സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## വിജ്ഞാപനം

☞ ഈസ്റ്റർപ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്തയാഴ്ച സത്യദീപം പുറപ്പെടുന്നതല്ല.

## കൈപ്പററി

### THE IDEAL

തേവര സേക്രഡ് ഹാർട്ട് കോളെജിലെ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന The Ideal എന്ന വാർഷികപ്പതിപ്പു കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു.

## നമ്മുടെ വിദ്യാഭ്യാസ പ്രശ്നങ്ങൾ

[Published by the Third Order Bureau, Tillery, Quilon. price as. 4]

വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ചു് പ്രഫസർ ജോസഫ് പെട്ട എം. എ. സത്യദീപത്തിൽ പ്രസിദ്ധംചെയ്തിരുന്ന വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളുടെ സമാഹാരമാണു് ഈ ലഘുഗ്രന്ഥം. പ്രസാധകരെ അനുമോദിക്കയും ഗ്രന്ഥം ജനതാമദ്ധ്യത്തിൽ പ്രചരിച്ചുകാണുവാനാഗ്രഹിക്കയും ചെയ്യുന്നു.

## തിരുമേനി

### ദേവികുളത്തേക്ക്

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് വേനൽക്കാലവിശ്രമാർത്ഥം മാർച്ചു് 18-ാംനു ദേവികുളത്തേക്കെഴുന്നള്ളിയിരിക്കുന്നു.

## ഷെവലിയർ സ്ഥാനം

തൃശ്ശൂർ സെൻറ് തോമസ് കോളെജ് വൈസ്പ്രിൻസിപ്പൽ ശ്രീ ജോസഫ് പെട്ട എം. എ. അവർകൾക്കു് പരിശുദ്ധസിംഹാസനത്തിൽനിന്നും ഷെവലിയർസ്ഥാനം (കെ. എസ്. ജി.) നല്കിയിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുകയും ഷെവലിയറെ അനുമോദിക്കുകയും ചെയ്യുന്നു.

## ഷഷ്ടിപൂർത്തി

കേരളത്തിന്റെ വീരസന്താനങ്ങളിൽ ഒരുവനും സുപ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകനും മൈസൂർ സെൻറ് ഫിലോമിനാസ് കോളെജ് പ്രിൻസിപ്പാളുമായ



ഷെവലിയർ സി. ജെ. വർക്കി കെ. എസ്. ജി. എം. എ. അവർകൾക്കു് 60 വയസ്സു് പൂർത്തിയായിരിക്കുന്നതായറിയുന്നു. അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളോടും സുഹൃത്തുക്കളോടും ചേർന്നുകൊണ്ടു് സത്യദീപവും അദ്ദേഹത്തിനു് സകലവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

### ക. കോൺഗ്രസ് വാർഷികം

## ആലുവായിൽ

അഖിലകേരള കത്തോലിക്കാകോൺഗ്രസ് വർക്കിംഗ് കമ്മിററിയുടെ ഒരു യോഗം മാർച്ചു് 18-ാംനു കോട്ടയത്തുവച്ചു കൂടി ഇക്കൊല്ലത്തെ കോൺഗ്രസ് വാർഷികസമ്മേളനം ആലുവായിൽവച്ചു നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. ക്നാനായ കത്തോലിക്കാ മഹാജനസഭയെ കോൺഗ്രസിന്റെ ഒരു ഘടകസംഘടനയായി അംഗീകരിക്കുന്നതിനും തദവസരത്തിൽ തീരുമാനിക്കുകയുണ്ടായി.

### സ്വതന്ത്രറഷ്യൻ

## റേഡിയോ

ബോൾഷെവിക്കു് ഭരണത്തിനെതിരായി വിപ്ലവം നടത്തുവാനുള്ള ഒരാഹ്വാനം മാർച്ചു് 13-ാംനു സ്വതന്ത്രറഷ്യൻ റേഡിയോ എന്നറിയപ്പെടുന്ന ഒരു കേന്ദ്രത്തിൽനിന്നും പ്രക്ഷേപണം ചെയ്യുകയുണ്ടായി. ആദ്യം റഷ്യൻ ഭാഷയിലും പിന്നീടു് യുക്രേയിൻ ഭാഷയിലുമാണു് ശബ്ദം കേട്ടതു്. പ്രസ്തുത ശബ്ദം കൂടെക്കൂടെയുള്ള ശല്യപ്പെടുത്തൽ കാരണം സ്പഷ്ടമായി കേൾക്കാമായിരുന്നില്ല. ഭരണത്തിനെതിരായുള്ളവരെല്ലാം സംഘടിക്കണമെന്നും റഷ്യൻ വിപ്ലവസമിതിയാണു് വിപ്ലവത്തിനു ക്ഷണിക്കുന്നതെന്നും ഭരണം ആടിത്തുടങ്ങിയിരിക്കുകയാണെന്നും റേഡിയോ പ്രസ്താവിച്ചു. സ്വാതന്ത്ര്യപ്രേമികൾ തൽക്ഷണം പ്രവർത്തിക്കാൻ തുടങ്ങണമെന്നും, എന്നാൽ തങ്ങൾ ആരോടാണു് ഏററുമുട്ടുന്നതെന്നു് ഓർമ്മവേണമെന്നും റേഡിയോ ഉദ്ബോധിപ്പിച്ചു.

# തിരു-കൊച്ചി വിദ്യാഭ്യാസനയത്തെപ്പററി മദ്രാസിലെ "മെയിൽ" പത്രം

വിദ്യാഭ്യാസരംഗത്തു് പുതിയ തിരുവിതാംകൂർ-കൊച്ചി മന്ത്രിസഭ വളരെ വഷളായ ഒരു ആരംഭമാണുളവാക്കിയിരിക്കുന്നതു്. മുൻവിദ്യാഭ്യാസമന്ത്രി തുടന്ന അപകടപൂർണ്ണമായ നയത്തിലാണു് അതു വീണ്ടും എത്തിച്ചേർന്നിരിക്കുന്നതു്. ഏതാനും മാസങ്ങൾക്കുമുമ്പു് ആവിഷ്ക്കരിച്ച സെക്കണ്ടറിവിദ്യാലയനിയന്ത്രണപദ്ധതിക്കു തുക കൊള്ളിച്ചിട്ടുണ്ടെന്നു 1951-52 വർഷത്തിലെ ബഡ്ജററു് അവതരിപ്പിച്ചുകൊണ്ടു് ധനകാര്യമന്ത്രി ശ്രീ എ. ജെ. ജോൺ പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയാകട്ടെ ഗവമെണ്ടു കാലേക്കൂട്ടി തയ്യാറാക്കിയ ഒരു വിദ്യാഭ്യാസസമ്പ്രദായം ജനങ്ങളുടെമേൽ കെട്ടിവയ്ക്കുവാൻ സജ്ജീകരിച്ചിട്ടുള്ളതാണു്. ഈ പദ്ധതി, അനൗദ്യോഗിക ഏജൻസികളാൽ നടത്തപ്പെടുന്ന എല്ലാ സെക്കണ്ടറി വിദ്യാലയങ്ങളിലേയും അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ ഏകീകരിച്ചിട്ടുണ്ടെങ്കിലും ഫീസുപിരിവിൻെറ 80 ശതമാനം ഗവമെണ്ടു ട്രഷറിയിൽ മാനേജുമെൻറു് അടച്ചതിനുശേഷം ഗവമെണ്ടിൽനിന്നു അദ്ധ്യാപകശമ്പളംവാങ്ങി വിതരണം ചെയ്യാമെന്നാണു്. ഇതു സംബന്ധിച്ചു് എന്തെങ്കിലും കുഴപ്പം നേരിട്ടാൽ മാനേജമെൻറിൽനിന്നു അവകാശവും ഉത്തരവാദിത്വവും ഏറെറടുത്തുകൊണ്ടു് അദ്ധ്യാപകശമ്പളം വിതരണം ചെയ്യുവാൻ വിദ്യാഭ്യാസവകുപ്പിനു അധികാരമുണ്ടു്. പ്രത്യക്ഷത്തിൽ, വിദ്യാഭ്യാസവകുപ്പിൻെറ സ്വേച്ഛാപരമായ തീരുമാനങ്ങൾക്കെതിരായി മാനേജുമെൻറുകൾക്കു വേണ്ടത്ര സംരക്ഷണമില്ല.

മിക്ക വിദ്യാലയങ്ങളിലുമുള്ളതിനെക്കാൾ ഉയന്നതാണു് പുതിയ ശമ്പളസ്കെയിൽ. ഈ ശമ്പളസ്കെയിലിനു ആവശ്യമായ കൂടുതൽ തുക ഗവമെണ്ടു നൽകുമെന്നതാണു് ദോഷഭൂയിഷ്ഠമായ ഈ ഏർപ്പാടിലെ ഗുണകരമായവശം. വരവിൽ 80 ശതമാനം അധീനമാക്കുവാൻ ഗവമെണ്ടു അധികാരമുപയോഗിക്കുന്നതുവഴി വിദ്യാഭ്യാസരംഗത്തിൽനിന്നു അനൗദ്യോഗിക ഏജൻസികളെ നിഷ്കാസനം ചെയ്യുവാനും സെക്കണ്ടറി സ്കൂളുകൾ രാഷ്ട്രസാൽകരിക്കുവാനുമാണു് ഗവമെണ്ടിൻെറ ശ്രമമെന്നു മാനേജുമെൻറു് ഭയപ്പെടുന്നു. പബ്ലിക്കു് സർവ്വീസ് കമ്മീഷനും വിദ്യാഭ്യാസഡയറക്ടരും ചേന്നു് തയ്യാറാക്കുന്നതും ഗവമെണ്ടു് അംഗീകരിക്കുന്നതുമായ ഒരു ലിസ്റ്റിൽനിന്നു അദ്ധ്യാപകരെ നിയമിക്കുവാൻ നിർബന്ധിക്കുകയും യോഗ്യതയുള്ള അദ്ധ്യാപകരെ സ്വതന്ത്രമായി നിയമിക്കുന്നതിനെ നിരോധിക്കുകയും ചെയ്യുന്ന പുതിയ ഉത്തരവുകൾ അവരുടെ ആശങ്കകളെ സുശക്തമാക്കുന്നു. ഈ നിയമങ്ങൾ ഗവമെണ്ടു സ്വീകരിക്കുന്ന സാമുദായിക പ്രാതിനിദ്ധ്യതത്വത്തിനു വിധേയമായിരിക്കും. ഈ വ്യവസ്ഥകൾ സ്റ്റാഫിൻെറമേൽ മാനേജുമെൻറിനുള്ള നിയന്ത്രണം ദുർബലമാക്കുകയും അദ്ധ്യാപകനു് മാനേജുമെൻറിനോടുള്ള കൂറു് തകക്കുകയും വിദ്യാലയങ്ങളുടെ കാര്യക്ഷമതയേയും അച്ചടക്കത്തേയും വിഘാതപ്പെടുത്തുകയും ചെയ്യുന്നതാണു്.

ധനകാര്യമന്ത്രി പ്രസ്താവിക്കുന്നു:

"വിദ്യാഭ്യാസരംഗത്തിൽ ഈ സംസ്ഥാനം ഭാരതത്തിൻെറ ഇതരഭാഗങ്ങളെക്കാൾ എപ്പോഴും മുന്നണിയിലായിരുന്നു. ജനങ്ങളുടെ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സത്വര പുരോഗതി നാം തുടന്നു വരുന്നു." അതിനുശേഷം, 1577-ൽ കൊച്ചിയിൽ ഈശോസഭാംഗങ്ങൾ ഒരു പുസ്തകം മുദ്രണം ചെയ്തതുമുതൽ ഐക്യസംസ്ഥാനത്തിൻെറ പ്രദേശങ്ങളിൽ വിദ്യാഭ്യാസവും അക്ഷരജ്ഞാനവും പ്രചരിപ്പിച്ചതിനു അനൗദ്യോഗിക ഏജൻസികളോടുള്ള ബാദ്ധ്യത അദ്ദേഹം അംഗീകരിച്ചു പ്രഖ്യാപിക്കേണ്ടതായിരുന്നു. ഇന്നു സംസ്ഥാനത്തെ 4978 വിദ്യാലയങ്ങളിൽ 2432 വിദ്യാലയങ്ങൾ അനൗദ്യോഗിക ഏജൻസികളുടെ വകയാണു്. ജനങ്ങളുടെ താല്പര്യത്തെ മുൻനിത്തി അവരുടെ മഹത്തായ സംരംഭം തുടരുവാൻ പ്രോത്സാഹനം നൽകണം. ഇന്നത്തെ സ്വേച്ഛാപരമായ പദ്ധതിയിൻകീഴിൽ അപ്രകാരം അവർ പ്രവത്തിക്കുമെന്നു പ്രതീക്ഷിക്കുവാൻ നിവ്വാഹമില്ല. ഭൂരിപക്ഷമുള്ള രാഷ്ട്രീയപാർട്ടിയുടെ താല്പര്യങ്ങളിൽനിന്നു സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യങ്ങൾ പദ്ധതിയുടെ സ്വേച്ഛാപരമായ സ്വഭാവം നീക്കംചെയ്യുവാൻ ആവശ്യപ്പെടുന്നു. ജനാധിപത്യം ഭൂരിപക്ഷത്തിൻെറ അധികാരപരമായ ദുശ്ശാസനമല്ല.

[1951 മാർച്ച് 14 ാംനു-യിലെ മുഖപ്രസംഗം.]


## 'SOCIAL ACTION'

*A new Review on Social Subjects*

The Review will for the present be limited to 36 pages each month, including the supplement. We hope to enlarge it at a later date. The first number will come out in April. Annual subscription including postage will be Rs. 4. Cheques and M. O.'s may be sent to:

The Managing Editor,
"Social Action"
*Indian Institute of Social Order,*
St. Vincent Street,
Poona 1.

(കൂടുതൽ വിവരങ്ങൾ അറിയുവാൻ ഈ ലക്കത്തിലെ മുഖപ്രസംഗം നോക്കുക)



ഈശോ ഗത്സമേനിൽ

## ഏകാന്തധ്യാനം

### എൽത്തുരുത്തു്

മാർച്ച് 31-ാംനു- ശനിയാഴ്ച ആരംഭിച്ചു് ഏപ്രിൽ 4-ാംനു- ബുധനാഴ്ച കാലത്തു അവസാനിക്കത്തക്കവണ്ണം എൽത്തുരുത്തു ബോർഡിംഗ് സ്കൂളിൽവച്ചു് ഒരേകാന്തധ്യാനം നടത്തുന്നതാണു്. ധ്യാനഗുരു റവ. ഫാ. ആൻഡ്റു ടി. ഒ. സി. ഡി. ഭക്ഷണച്ചെലവു് 7 ക. 8 ണ. ശയ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണു്. ശനിയാഴ്ച ഉച്ചതിരിഞ്ഞു് 5 മണിക്കു തൃശ്ശൂർനിന്നും എൽത്തുരുത്തു് ആശ്രമത്തിലേക്കു് സ്പെഷൽ ബസ്സ് ഏപ്പെടുത്തുന്നതായിരിക്കും. അതിനായി ആവശ്യമുള്ളവർ ധ്യാനത്തിൽ ചേരുവാനുള്ള അപേക്ഷയോടുകൂടി വിവരമറിയിക്കേണ്ടതാണു്. അപേക്ഷിക്കേണ്ടും മേൽവിലാസം:

റെക്ടർ,
സെൻറ് അലോഷ്യസ് ബോർഡിംഗ്
എൽത്തുരുത്തു്.

## നവവൈദികൻ


എറണാകുളം അതിരൂപതാംഗവും തൃശ്ശിനാപ്പള്ളി സെൻറു് പോൾസ് സെമിനാരിയിലെ വിദ്യാർത്ഥിയുമായ റവ. ജോസഫ് നമ്പ്യാപറമ്പിൽ മാർച്ച് 16-ാംനു- തൃശ്ശിനാപ്പള്ളി സെൻറ് മേരീസ് കത്തീഡ്രലിൽവച്ചു് പുരോഹിതപട്ടം സ്വീകരിക്കുകയും പിറേറദിവസം സെമ്മിനരി കപ്പേളയിൽ പ്രഥമദിവ്യപൂജ അപ്പിക്കുകയും ചെയ്തിരിക്കുന്നു.

## സഭാഭ്രഷ്ടരാക്കി

കത്തോലിക്കാസഭയ്ക്കെതിരായി നടപടികളെടുത്ത ചെക്കോസ്ലോവാക്കിയായിലെ കമ്മ്യൂണിസ്റ്റ് ഗവമെൻറുദ്യോഗസ്ഥന്മാരെയും അവരോടു സഹകരിച്ചു പ്രവത്തിച്ച പുരോഹിതന്മാരെയും സഭാഭ്രഷ്ടരാക്കിയിരിക്കുന്നു.

## ശ്രീ മാളിയേക്കൽ ചുമ്മാരു് ആഗസ്തി

(കുഴൽപ്പിള്ളി)



നിര്യാതന യവിവരം ഇതര പത്രപംക്തികളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടല്ലോ. കുഴപ്പിള്ളിയിൽ മാളിയേക്കൽ കുടുംബത്തിലെ കാരണവരായ ശ്രീമാൻ ആഗസ്തി അവർകൾ 40-ൽപരം കൊല്ലത്തോളം കുഴപ്പിള്ളികാര്യത്തിൽ ബദ്ധശ്രദ്ധനായിരുന്നു. കൂടാതെ കുഴപ്പിള്ളി ഗവ. സ് ഇംഗ്ലീഷ് മെഡിസ്കൂൾ, ലോവർ കൺസ്ട്രക്ഷൻ സ്കൂൾ, ആശുപത്രി എന്നിവയുടെ സ്ഥാപനകാര്യത്തിലും പരേതൻ വളരെ പരിശ്രമിച്ചിട്ടുണ്ടു്. ശ്രീ ചുമ്മാരു് ആഗസ്തിയുടെ അദ്യവിവാഹം പൂവത്തുശ്ശേരി പറമ്പേത്തു കുടുംബത്തിൽനിന്നും, പുനർവിവാഹം പെരുമ്പ അമ്പൂക്കൻകുടുംബത്തിൽനിന്നുമാണു്. രണ്ടു വിവാഹത്തിലുംകൂടി നാലാണും അഞ്ചു പെണ്ണുമായി ഒൻപതു സന്താനങ്ങൾ ഇപ്പോൾ അദ്ദേഹത്തിനുണ്ടു്. ശ്രീ എം പി ചാക്കോ, ആഗസ്തി ചുമ്മാർ, എം. എ. വറുഗീസ് ബി. എ. (M. B. B. S. വിദ്യാർത്ഥി), എം. എ. അപ്രേം എന്നിവർ അദ്ദേഹത്തിൻെറ ആൺമക്കളാണു്.

ശവസംസ്കാരകമ്മം പെ. ബ. വികാരി ജനറാൾ മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു അനേകം വൈദികരുടെ സഹകരണത്തിലും പൊൻവെള്ളി കുരിശുകൾ മുതലായവയുടെ അകമ്പടിയോടുകൂടിയും ഒരു വലിയ ജനസംഘത്തിൻെറ സാന്നിദ്ധ്യത്തിലു നടത്തപ്പെട്ടു.

## ഇടവകവാത്തകൾ

വായ്പൂരു: മാർച്ച് 11-ാംനു- ഒരു പരിഹാരപ്രദക്ഷിണം നടത്തുകയും റവ. ഫാ. അഗസ്റ്റിൻ മണ്ണുക്കുളം അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയുംചെയ്തു. മി. എം. എം. വറുഗീസ് മേപ്രത്തു്, മി. പി. ജെ. മാത്യു പെരുഞ്ചേരിമണ്ണിൽ എന്നിവർ പ്രസംഗിച്ചു.

—പൂഞ്ഞാർ: ചെറുപുഷ്പമിഷൻ ലീഗിൻെറ ആഭിമുഖ്യത്തിൽ ഒരു മിഷൻ ബുക്സ്റ്റാൾ ആരംഭിച്ചിരിക്കുന്നു.

—സെൻറു് ജൂഡ് തദേവൂസ് അസോസ്യേഷൻെറ ആഭിമുഖ്യത്തിൽ ഫോർട്ടുകൊച്ചികടൽപ്പുറത്തുവച്ചു് മാർച്ച് 9 ാംനു- വൈകുന്നേരം 6 മുതൽ $9\frac{1}{2}$ വരെ തിരുമണിക്കൂറാരാധനായോഗവും പ്രസംഗങ്ങളും നടത്തിയിരിക്കുന്നു.

—ഇരിഞ്ഞാലക്കുട കിഴക്കേ പള്ളിയിൽ വച്ചു് മാർച്ച് 4 മുതൽ 11 വരെ തിയതികളിൽ ഫ്രാൻസിസ്കൻ വൈദികരുടെ നേതൃത്വത്തിൽ ഒരു ജ്ഞാനധ്യാനം നടത്തപ്പെട്ടു.

—എലിക്കുളം: ആണ്ടുതോറും ദുഃഖവെള്ളിയാഴ്ച അയ്യൻമലകോട്ടയിലേക്കു് നടത്തിവരാറുള്ള പ്രായശ്ചിത്തപ്രദക്ഷിണം ഇക്കൊല്ലം പൂർവ്വാധികം ഭക്തിപരമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

### പാപ്പാദിനാഘോഷങ്ങൾ

തൃപ്പൂണിത്തുറ, മേവെള്ളൂർ, പെരിഞ്ഞഴ, കരിങ്കുന്നം, നെടുങ്ങാടു്, ഇരിഞ്ഞാലക്കുട, പുതുക്കുറിച്ചി, കണ്ണങ്കര, കോക്കമംഗലം, ചാലിൽ, തണ്ണീർമുക്കം, പാലുത്തറ എന്നിവിടങ്ങളിൽ പാപ്പാദിനം സാഘോഷം കൊണ്ടാടിയതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

## ചരമം

മുണ്ടക്കയം: എലിക്കുളത്തുനിന്നു മലബാറിലേക്കു താമസം മാററിയിരിക്കുന്ന കൈതക്കുളത്തു് ഔസേപ്പു് ജോസഫ് മാർച്ച് 7-ാംനു- 34-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

— കുഴപ്പിള്ളി: മാളിക്കൽ ശ്രീ ചുമ്മാർ ആഗസ്തി അവർകൾ മാർച്ച് 13-ാംനു- 75-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## തി-കൊ. വാത്തകൾ

തിരു-കൊച്ചി സംസ്ഥാനത്തു് മന്ത്രിസഭാ രൂപവൽക്കരണം സംബന്ധിച്ചു് ആവിർഭവിച്ചിരിക്കുന്ന അഭിപ്രായഭിന്നതകൾ അവസാനിപ്പിക്കുന്നതിനായി കേന്ദ്രത്തിൽനിന്നും സ്റ്റേററ്സ് മിനിസ്ട്രി സെക്രട്ടറി ശ്രീ വി. പി. മേനോൻ, കോൺഗ്രസ് ജനറൽ സെക്രട്ടറി ശ്രീ ഗൗതം എന്നിവർ മാർച്ച് 17-ാംനു- തിരുവനന്തപുരത്തെത്തി ചർച്ചകൾ നടത്തിവരുന്നു.

*Thanksgiving*



*For favours received*

Mathai Varkey Thottakattu,
Arakuzha

—പ്രസിഡണ്ടു് രാജേന്ദ്രപ്രസാദ് തിരു-കൊച്ചി സന്ദർശനാർത്ഥം മാർച്ച് 24-ാംനു- ഡൽഹിയിൽനിന്നും പുറപ്പെടുന്നതാണെന്നറിയുന്നു.

—കോൺഗ്രസ് പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ പി. ടി. ചാക്കോ തൽസ്ഥാനം രാജിവയ്ക്കുകയാൽ പകരം ശ്രീ എ. വി. ഉദയഭാനുവിനെ സെക്രട്ടറിയായി തിരഞ്ഞെടുത്തിരിക്കുന്നു.

—ശ്രീ സി കേശവൻ മാർച്ച് 20 ാംനു- ലീഡർസ്ഥാനം രാജിവച്ചു. വീണ്ടും ലീഡറായി അദ്ദേഹം തന്നെ തിരഞ്ഞെടുക്കപ്പെട്ടു

## ചുഴി

(5-ാം പേജ് തുടർച്ച)

മെന്റു നോക്കിക്കൊള്ളും. റഷ്യയിൽ ഏതൊരു മനുഷ്യനാണു നിർഭാഗ്യനായിരിക്കുവാൻ കഴിയുക! അന്ധവിശ്വാസവും മതാചാരങ്ങളും വേണമെന്നുള്ള മൂഢന്മാർക്കുമാത്രമേ ആ പറുദീസായിൽ നിർഭാഗ്യമുള്ളു. അടുത്തകാലത്തുമാത്രം റഷ്യയുടെ കീഴിൽ അമർന്നിട്ടുള്ള ചൈന എത്രവേഗം പുരോഗമിച്ചു എന്നു് അറിയേണ്ടതുതന്നെ. നിങ്ങൾ പുരോഗമിക്കുവാൻ ആഗ്രഹിക്കുന്നുവോ, അതിനു വിലങ്ങുതടിയായിത്തീരുവാൻ ആഗ്രഹിക്കുന്നോ എന്നതാണു പ്രശ്നം. നിങ്ങൾക്കു പുരോഗതിയും സ്വാതന്ത്ര്യവുമാണു വേണ്ടതെങ്കിൽ ഞങ്ങൾക്കുവേണ്ടി വോട്ടു സമർപ്പിക്കുക നിങ്ങൾ."

അന്നു പള്ളിമൈതാനത്തു് ഒരു മഹായോഗമുണ്ടായിരുന്നു. ഒരു യഥാർത്ഥ കത്തോലിക്കനാണു് ഡോക്ടർ ജോസഫ്. അദ്ദേഹം ആദ്ധ്യക്ഷം വഹിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം: "മാന്യ സഹോദരരേ, ഇന്നു ലോകം ഭയങ്കരമായ നാശത്തിന്റെ വിജയകരമായ ഒരു ചുഴിയിൽ പെട്ടിരിക്കുന്നു. നാം ആ ചുഴിയിൽ കിടന്നു കറങ്ങുകയാണു്. കണ്ണു തുറന്നു നോക്കി ആ വിപത്തു കാണുവാൻ നമുക്കു മനസ്സില്ല. കമ്മ്യൂണിസം വന്നാൽ നമുക്കു സുഖമായിരിക്കുമെന്നു വിശ്വസിക്കുന്ന പല നല്ല കത്തോലിക്കരും ഇന്നുണ്ടു് ലോകത്തിൽ. നന്മ നമ്മുടെ കൺമുമ്പിൽ ഇരുന്നാൽ മതി, മറ്റൊരാളുടേയും പ്രേരണ കൂടാതെ നാം അതു സ്വീകരിക്കും. കമ്മ്യൂണിസം ഇത്ര നന്നാണെങ്കിൽ റഷ്യയിലേക്കു പോയി അവിടമെല്ലാം സ്വാതന്ത്ര്യമായി കാണുവാനുള്ള ഒരനുവാദം കൊടുത്താൽ മതിയാകും. മറ്റൊരുത്തന്റെയും പ്രചരണവേല കൂടാതെ മനുഷ്യർ അതു സ്വീകരിച്ചുകൊള്ളും. പക്ഷേ യാഥാർത്ഥ്യം എന്താണു്? ഇരുമ്പുകർട്ടൻകൊണ്ടു് റഷ്യയേയും റഷ്യയുടെ പിടിയിലുള്ള രാജ്യങ്ങളേയും മറച്ചിട്ടു് അതു സ്വർഗ്ഗമാണെന്നു പ്രചരണവേല നടത്തുവാൻ അവർ അനേകം കോടി റൂബിൾസ് കൊല്ലംതോറും ചെലവാക്കിക്കൊണ്ടിരിക്കുന്നു. ബുദ്ധിയുള്ള മനുഷ്യനു് ഇതിൽനിന്നും ഒരു സത്യം വിശദമാകും. കമ്മ്യൂണിസ്റ്റ് അനുഭാവികളുടെ വ്യാജപ്രസ്താവനകൾ കേട്ടു് സാധാരണക്കാർ വഞ്ചിക്കപ്പെടാതിരിക്കട്ടെ. നമ്മുടെ സ്വാതന്ത്ര്യത്തേയും വ്യക്തിത്വത്തേയും യാതൊരു രാഷ്ട്രത്തിനും വേണ്ടി നമുക്കു ബലികഴിക്കുവാൻ നിർവാഹമില്ല. അതിനാൽ മനുഷ്യന്റെ മൗലികാവകാശങ്ങളെ സംരക്ഷിക്കുമെന്നും ബഹുമാനിക്കുമെന്നും ഉറപ്പുനൽകുന്ന ഒരു കക്ഷിക്കു നിങ്ങളുടെ വോട്ടു കൊടുക്കുവിൻ."

"മുതലാളി പുരോഹിത കൂട്ടുകെട്ടു് നശിക്കട്ടെ; മുതലാളി നശിക്കട്ടെ, പുരോഹിതൻ നശിക്കട്ടെ." രണ്ടുമൂന്നുപേർ പുറകിൽ ഇരുന്നു വിളിച്ചുപറഞ്ഞു. കാര്യം ഗ്രഹിക്കുവാൻ അവിടെ ആരുമുണ്ടായില്ല. വോട്ടുകളെല്ലാം കമ്മ്യൂണിസ്റ്റുകാർക്കു തന്നെ കിട്ടി. ഒരാഴ്ച മുഴുവൻ ആ രാജ്യത്തു് അതിന്റെ ആഹ്ലാദപ്രകടനങ്ങൾ ആയിരുന്നു. പള്ളികൾക്കും അമ്പലങ്ങൾക്കും തീ കൊളുത്തലായിരുന്നു ഒരു പ്രധാന ചടങ്ങു്. മുതലാളികളുടെ മുതൽ കവർന്നെടുക്കുന്നതും സ്ത്രീകളെ അവമാനിക്കുന്നതും മറ്റൊന്നു്. തൊഴിലാളികൾ അതിരററു് ആനന്ദിച്ചു. അങ്ങനെ പല ദിവസങ്ങൾ.

"അക്രമങ്ങൾ പ്രവർത്തിച്ചും അലസരായും നടക്കുന്ന എല്ലാ തൊഴിലാളികളും 12 മണിക്കൂറിനുള്ളിൽ തോക്കിനിരയാകുന്നതാണു്—പൈലൂസ്." അന്നും അക്രമത്തിനായി ഒരുകൂട്ടം തൊഴിലാളികൾ ദേവാലയത്തെ ലാക്കാക്കി നടക്കുകയായിരുന്നു. കമ്പിത്തൂണുകളിൽ മുത്തങ്ങാ അക്ഷരത്തിൽ കണ്ട വിജ്ഞാപനത്തിൽ പതിഞ്ഞു അവരുടെ ശ്രദ്ധ. അവർ സ്തംഭിച്ചു നിന്നുപോയി. കമ്മ്യൂണിസം വന്നാൽ ഒരു ജോലിയും ചെയ്യാതെ തിന്നു കുടിച്ചാനന്ദിക്കാമെന്നായിരുന്നു അവരുടെ സ്വപ്നം. ഭാസ്കരൻ പറഞ്ഞു: "ഏതവനും തോക്കുംകൊണ്ടിങ്ങു വന്നേക്കട്ടെ. പണ്ടു പോലീസ്സ്റ്റേഷൻ വളഞ്ഞതുപോലെ എല്ലാവരും കൂട്ടംകൂടി മാർച്ചുചെയ്യണം. അപ്പോൾ ഇവന്മാരേം തകർക്കാം." ഒരാംഗ്യം കാണിച്ചു മാത്രയിൽ അവിടെയും ഇവിടെയും ചുററിപ്പററി നിന്നവർ ഭാസ്കരന്റെ അടുക്കലേക്കു വന്നു. ഭാസ്കരന്റെ കല്പന: "എല്ലാവരും കുറുവടി എടുത്തു നിരക്കുവിൻ."

"സിന്താബാദ് ഇങ്കിലാബ്" വിളികൾ. അവർ നടന്നു. ഠേ, ഠേ...15 മിനിററു് സമയത്തേക്കു് ആ മുഴക്കം. മുൻനിരയിൽ നിന്നിരുന്ന നൂറുപേർ നിലംപതിച്ചു. മററുള്ളവർ ഓടി തോട്ടങ്ങളിലേക്കു്. മൃതദേഹങ്ങൾക്കു മുകളിൽക്കൂടി ആ വാൻ നീങ്ങി. ചെങ്കുപ്പായക്കാരായ 50 പട്ടാളക്കാരാണു് അതിൽ ഇരുന്നിരുന്നതു്. വഴിയിൽ കണ്ടവരെയെല്ലാം അവർ വെടിവച്ചു വീഴ്ത്തി. കാട്ടുമൃഗങ്ങളെപ്പോലെ പലരും ചത്തു. അന്തരീക്ഷം ശുദ്ധമായി. ഉറച്ചു ശബ്ദിക്കുവാൻ പോലും ആരും ധൈര്യപ്പെട്ടില്ല.

"ഇതിനാണോ നമ്മള് ഈ പാടെല്ലാം പെട്ടതു്? ഈ സ്വർഗ്ഗത്തെക്കാൾ എത്ര നല്ലതായിരുന്നു പണ്ടത്തേതു്!" കിരിവക്കി അസംതൃപ്തനായി തന്റെ കൂട്ടുകാരനോടു പറഞ്ഞു: "മിണ്ടാതെ, മിണ്ടാതെ എന്റെ കൂട്ടാ. ഇന്നു 150 പേരു വെടികൊണ്ടു ചത്തു. തനിക്കും ചാകണോ ഇന്നു് —" അയ്യപ്പന്റെ മുന്നറിയിപ്പു്.

"അപ്പം നമുക്കെന്താ മിണ്ടാനുംകൂടെ മേലേ?" ആ ചോദ്യം അയാളുടെ അധരങ്ങളിൽ തങ്ങി നിന്നുപോയി ഒരു വെടിയുണ്ട ചിറിപ്പാഞ്ഞുവന്നപ്പോൾ. കമ്മ്യൂണിസ്റ്റ് പ്രണയി ആയിരുന്ന കിരിവക്കി നിലംപതിച്ചു. അയാളുടെ ശരീരം കാട്ടുമൃഗങ്ങൾക്കു് ആഹാരവുമായി. ഒരു രഹസ്യപ്പോലിസുകാരന്റെ കടുംകൈ. അയാൾ അവരുടെ സംഭാഷണം കേട്ടുകൊണ്ടു് ഒരു മരത്തിനു മറഞ്ഞുനില്ക്കുകയായിരുന്നു.

സഖാവു പൈലൂസിന്റെ മറെറാരു കല്പന: ആരോഗ്യമുള്ള സകല സ്ത്രീപുരുഷന്മാരും 10 മണിക്കൂർ ജോലിചെയ്തു് രാഷ്ട്രത്തെ പുഷ്ടിപ്പെടുത്തണം. രാഷ്ട്രത്തിനു വേണ്ടിയാണു് വ്യക്തികൾ. ഓരോരുത്തന്റെയും സുഖസൗകര്യാദികളും ഭക്ഷണവും രാഷ്ട്രം നിശ്ചയിക്കും. അതിനു വിസമ്മതിക്കയോ പിറുപിറുക്കയോ ചെയ്യുന്നവർ, ഈ ജീവിതത്തിൽ നിന്നും നീക്കപ്പെടുന്നതിനു് സർവാധികാരം ഉപയോഗിച്ചു് നാം കല്പിക്കുന്നു. ഗവമ്മെന്റു നയത്തിൽ അസംതൃപ്തി പ്രകടിപ്പിക്കുന്നതിനു് പണിമുടക്കോ മററു ഭീഷണികളോ ഉപയോഗിക്കുന്നവർ വിചാരണകൂടാതെ മരണശിക്ഷയ്ക്കു വിധിക്കപ്പെടും. പോലിസുവകുപ്പിനു് അനിയന്ത്രിതമായ അധികാരങ്ങൾ നാം നൽകുന്നു. അവരുടെ പ്രവൃത്തികളെ ചോദ്യംചെയ്യുവാൻ വ്യക്തികൾക്കോ പൊതുജനങ്ങൾക്കോ അവകാശമില്ല. പൊതുശാലകളിൽനിന്നും കിട്ടുന്ന ഭക്ഷണത്തിന്റെ അളവിനെപ്പററിയോ, തരത്തെപ്പററിയോ പിറുപിറുക്കുന്നവർ മരണശിക്ഷയിൽനിന്നും ഒഴിയുന്നതല്ല എന്നു സ്മരിച്ചുകൊള്ളട്ടെ.

കല്പനയിലെ ഓരോ വാക്കും ആ ജനതതിയിൽ വിവിധങ്ങളായ വികാരങ്ങൾ ഉളവാക്കി. പക്ഷേ മുഖത്തുപോലും അവരതു പ്രത്യക്ഷപ്പെടുത്തിയില്ല. തോക്കുധരിച്ച മൂന്നൂറു പട്ടാളക്കാരാണു് അവർക്കുചുററും നിന്നിരുന്നതു്. കഴിഞ്ഞ കാലത്തിലെ സൗഭാഗ്യത്തിന്റെ മധുരസ്മരണകൾ അവർ അയവിറക്കിക്കൊണ്ടിരുന്നു. അർദ്ധരാത്രിയുടെ അന്ധകാരത്തിൽ മാത്രമേ മുകളിലേക്കു നോക്കി നെടുവീർപ്പു വിടുവാൻ അവർക്കു ധൈര്യം വന്നുള്ളു. അവരുടെ സകല അവയവങ്ങളിലും ചങ്ങല വന്നുവീണു. പുറത്തു സഞ്ചരിക്കുമ്പോഴും വീട്ടിനുള്ളിൽ വിഹരിക്കുമ്പോഴും അവരെ സൂക്ഷിച്ചു വീക്ഷിക്കുന്ന കണ്ണുകൾ അടഞ്ഞിരുന്നില്ല—രഹസ്യപ്പോലീസിന്റെ കണ്ണുകൾ. ചുഴിയുടെ അടിത്തട്ടിൽ ചെന്നു നിന്നപ്പോൾ അവർ ജീവനില്ലാതെ ജീവിക്കുന്നവരായി.

## മോൺസിഞ്ഞോർ സ്ഥാനം

ഒല്ലൂർ ഫൊറോനാപള്ളി വികാരി വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരിക്കു "ഡൊമസ്റ്റിക്ക പ്രെലററ്" എന്ന ബഹുമതിസ്ഥാനം പ. സിംഹാസനത്തിൽനിന്നു കല്പിച്ചുനല്കിയതായറിയുന്നു. സത്യദീപമിത്രമായ അഭിനവ മോൺസിഞ്ഞോർക്കു് ഹാർദ്ദമായ അനുമോദനങ്ങൾ.

പള്ളിമെഴുകുതിരികൾ

പള്ളി അൾത്താരകളിൽ ഉപയോഗിക്കുന്ന മെഴുകുതിരികൾ എല്ലാ തരങ്ങളും വിശ്വാസയോഗ്യമായ മെഴുകിൽ ചെയ്തു് വിൽക്കപ്പെടുന്നു. എറണാകുളം നോത്തു റെയിൽവെസ്റ്റേഷനു് സമീപം ബസ്സ്സ്റ്റാൻറിന്റെ മുൻവശത്തുള്ള വൈദ്യശാലയിൽ അന്വേഷിക്കുക.

## ഒരു പ്രാർത്ഥന

(പൂമിയിൽമാനിട. എന്ന മട്ടു്)

ആദിപിതാവായോരാദം പിഴസ്സയാൽ
പാപികളായ്ത്തീർന്ന മർത്ത്യവംശം
ആരുടെ ജീവിതത്യാഗമഹാദിവ്യ
പൂജയാലാരുവാൻ വീണ്ടെടുത്തു?

അമ്മഹാപുണ്യപയോനിധി മേരിയാം-
മംബികയ്ക്കുയ ജനയിത്രിയാക്കി
കന്മഷം തീണ്ടാത്ത പുൽക്കൂടതിലന്നു-
ജന്മമെടുത്തതുമാരു പാരിൽ?

അദ്ധ്വാനിക്കുന്നോരെ! ഭാരംവഹിപ്പോരെ!

അദ്ധ്വഗരേ! നീങ്ങളെന്നരികിൽ
എത്തുവിൻ നിങ്ങളെയാശ്വസിപ്പിക്കാം ഞാ-

നിത്തരമോതിയതാരു ഭൂമൗ

അമ്മഹാ ദേശികൻ യേശുമഹേശന-
തൃന്നതനിശോ മിശിഹാതന്റെ
നിർമ്മല പാദപയോരുഹമെപ്പോഴും
നന്മവരുവാൻ നമിച്ചിടുന്നേൻ.

പേശലകാന്തികലർന്നകളേബരം
ക്രൂശിൽ തറച്ചോരു നേരത്തിലും
കാരുണ്യധാമമേ ഘാതകരിൽ നന്മ-
നേരുകയാണല്ലോ ചെയ്തു ഭവാൻ.

മാനുഷജന്മമെടുത്തവിടുന്നന്നി
പാപികൾക്കായെത്ര പാടുപെട്ടു.
പാരിനു ദീപമേ താവകകാരുണ്യ-
മാരിയിലാമഗ്നനാകണേ ഞാൻ.

(സി. ഗോപാലക്കയ്മൾ, തുടങ്ങനാടു)

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡു്

(9-ാം പേജ് തുടർച്ച)

ങ്ങളും ലഭിച്ചുവരുന്നു. പ്രത്യേകിച്ചും, ഗർഭിണികൾക്കു സുഖകരമായ പ്രസവത്തിനുള്ള വരം ലഭിക്കുന്നതിനു അവളുടെ മാദ്ധ്യസ്ഥ്യം ഏററവും സഹായകമായി പരിഗണിക്കപ്പെട്ടുവരുന്നു. ജീവിതകാലത്തുതന്നെ കുഞ്ഞുറോസു് സ്വന്തം സഹോദരിയുൾപ്പെടെ പലരുടേയും പ്രസവവേദന ഏറെറടുത്തു അവരെ ക്ലേശവിമുക്തരാക്കിയിട്ടുള്ളതാണു്. ഈദൃശങ്ങളായ പല കാരണങ്ങളാലും "സഹനബലി" വാങ്ങിവായിച്ചു കുഞ്ഞുറോസുമായി പരിചയപ്പെടുന്നതും, ആ കന്യകയോടു പ്രാർത്ഥിക്കുന്നതും ഏററവും അഭിലഷണീയമായിരിക്കും. കുഞ്ഞുറോസിന്റെ മാദ്ധ്യസ്ഥ്യത്താൽ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനുള്ള ഒരു നൊവേനയും ഗ്രന്ഥത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ടു്. അവളുടെ ജീവിതത്തിലെ വിവിധഘട്ടങ്ങളെ അനുസ്മരിപ്പിക്കുന്ന ചിത്രങ്ങൾ ഗ്രന്ഥത്തെ ഏറ്റം സമാകർഷകമാക്കിയിരിക്കുന്നു. ഭാഷ നിസർഗ്ഗസുന്ദരവും നിർദ്ദോഷവുമാണു്. ഒരു പരിഭാഷയാണെന്നു തോന്നാത്തവിധത്തിൽ അത്രയ്ക്കു അഴകും ഒഴുക്കും ഉള്ളതാണു് പ്രതിപാദനരീതി. പക്ഷെ അച്ചടിപ്പിശാചു് ചിലേടത്തെല്ലാം നുഴഞ്ഞുകയറാൻ ശ്രമിച്ചിട്ടുണ്ടു്. ശുദ്ധിപത്രകർത്താവിന്റെ കണ്ണിൽപ്പോലും പൊടിയിടുവാൻ അവനു സാധിച്ചിരിക്കുന്നു. ഉദാഹരണമായി, "പ്രശസ്യ" എന്ന ശബ്ദം ചിലസ്ഥലങ്ങളിൽ ശരിക്കടിച്ചിട്ടുണ്ടെങ്കിലും, ചില സ്ഥലങ്ങളിൽ അതു "പ്രശാസ്യ"യായിട്ടുണ്ടു്. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും "കുഞ്ഞുറോസി"നെ കേരളീയർക്കു പരിചയപ്പെടുത്തിയ ഗ്രന്ഥകാരനെ ഹാർദ്ദമായി അനുമോദിക്കുകയും ചെയ്യുന്നു. P. I. J.




യുവാവായ പ്രതിഭാഗം വക്കീൽ പ്രസംഗമാരംഭിച്ചു: "നിർഭാഗ്യവാനായ എന്റെ കക്ഷി."

പിന്നെ വലിയൊരു നിശ്ശബ്ദത. വാക്കു കിട്ടാഞ്ഞതുകൊണ്ടു വക്കീൽ വിയർത്തൊലിച്ചു. വീണ്ടുമാരംഭിച്ചു: "നിർഭാഗ്യവാനായ എന്റെ കക്ഷി."

മൂന്നാമത്തെ പ്രാവശ്യം ആ വാക്കുകൾ ആരംഭിച്ചപ്പോൾ ജഡ്ജി പറഞ്ഞു: "അത്രയും സമ്മതിച്ചു. നിങ്ങളുടെ കക്ഷി സാക്ഷാൽ നിർഭാഗ്യവാൻതന്നെ. ഇനി വല്ലതുമുണ്ടെങ്കിൽ പറയുക."

ഇന്നദ്ദേഹം ഒന്നാന്തരമൊരു ക്രിമിനൽ വക്കീലാണു്.

* * *

മജിസ്ട്രേററ്: തന്നെ ഇരുപതാമത്തെ പ്രാവശ്യമാണല്ലോ ഞാൻ കാണുന്നതു്.

പ്രതി: ഏമാനു് ഉദ്യോഗക്കയററം കിട്ടാതെ ഇവിടെത്തന്നെ ഇരിക്കുന്നതിനു് ഞാനെന്തുചെയ്യും?

* * *

നിയമസഭാരംഗങ്ങൾ

മി. പാച്ചുപിള്ള—എല്ലാ താലൂക്കിലും റോഡിന്റെ ഇരുവശങ്ങളിലും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു. എന്നാൽ അവ ഇപ്പോൾ കരിഞ്ഞു തലപോയി, കാറിലും മററും പോകുന്ന മന്ത്രിമാരെ നോക്കി കൊഞ്ഞനം കാണിക്കുകയാണു്.

സ്പീക്കർ— തലപോയിക്കഴിഞ്ഞിട്ടു് കൊഞ്ഞനം കാണിക്കുന്നതു് എങ്ങനെയാണു്?

* * *

മി. സി. വി. ഇയ്യു—അമ്മയെ (കൊച്ചിയെ) കൊന്ന എന്റെ സ്നേഹിതന്മാരാണു് ഇന്നു അമ്മയെ കൊന്നല്ലോ എന്നു ഖേദിക്കുന്നതു്.

സ്പീക്കർ—(പ്രസംഗത്തിനു്) ബഡ്ജററുമായി ബന്ധമുണ്ടായിരുന്നാൽ കൊള്ളാം.


മി. ഇയ്യു—ബന്ധമുണ്ടു്. അമ്മയെ കൊന്നവർ ഈ ബഡ്ജററു് തയ്യാറാക്കുന്നതിൽ ബന്ധപ്പെട്ടിട്ടില്ല.

——

## മിഡിൽസ്കൂൾ ക്ലാസുകളിൽ പ്രൈവററായി പരീക്ഷയ്ക്കു ചേരാം

മിഡിൽസ്കൂൾ ക്ലാസുകളിലെ പ്രൈവററു് വിദ്യാർത്ഥികൾക്കു് 10 க. ട്രഷറിയിൽ അടച്ചു വർഷാന്തപരീക്ഷയ്ക്കിരിക്കാവുന്നതാണെന്നു വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ കാണുന്നു. ബഡ്ജററ്ഹെഡ് 18 ഡി (3) എന്ന കണക്കിലാണു് ഈ സംഖ്യ അടയ്ക്കേണ്ടതു്. ഈ സംഖ്യ അടച്ചതിന്റെ ചലാൻസഹിതം ഇപ്രകാരം പരീക്ഷയ്ക്കുചേർന്ന പ്രൈവററ വിദ്യാർത്ഥികളുടെ ഒരു പട്ടിക ഡയറക്ടർക്കു് അയച്ചുകൊടുക്കേണ്ടതാണു്.

പ്രൈമറിക്ലാസുകളിലെ വർഷാന്ത്യപരീക്ഷയ്ക്കിരിക്കുന്ന പ്രൈവററു് വിദ്യാർത്ഥികൾ ഇപ്രകാരം പരീക്ഷാഫീസ് അടയ്ക്കേണ്ടതില്ല. വർഷാന്ത്യപരീക്ഷയ്ക്കു മുൻപു് ഒരു മാസത്തേക്കു ക്ലാസിൽ ഹാജരായി അദ്ധ്യയനം നടത്തുവാൻ അവർക്കു അനുമതി നല്കാവുന്നതാണു്.



എടക്കുന്ന നസ്രത്തു സന്യാസസഭയിലെ എട്ടു അർത്ഥിനികൾക്കു ഈ മാസം 12-ാം തീയതി എറണാകുളംമെത്രാപ്പോലീത്തൻപള്ളിയിൽവച്ചു സഭാവസ്ത്രം നൽകിയ അവസരത്തിൽ എടുത്ത ഫോട്ടോ. ഈ സന്യാസസംഘത്തിൻെറ ഒരു ശാഖാമന്ദിരം അടുത്തുതന്നെ എറണാകുളത്തു് സ്ഥാപിച്ചു് അവരുടെ ആഭിമുഖ്യത്തിൽ അബലാസങ്കേതം, ഗാർഹികശാസ്ത്ര പരിശീലനകേന്ദ്രം മുതലായവ നടത്താൻ ഉദ്ദേശിക്കുന്നതായി അറിയുന്നു.

## മെഡിക്കൽ മിഷൻ

(4-ാം പേജു് തുടർച്ച)

ആതുരസേവനം അനുഷ്ഠിച്ച അനവധി സംഘങ്ങളെയും സന്യാസസമൂഹങ്ങളെയും സംബന്ധിച്ചു് നിരവധിവസ്തുതകൾ ചരിത്രത്തിൽ കാണുവാൻ കഴിയും. ഈ സംഘങ്ങളും സന്യാസസമൂഹങ്ങളും എന്തെങ്കിലും ഭൗതികമായ പ്രതിഫലത്തെ ഉദ്ദേശിച്ചല്ലാ അവരുടെ സേവനം രോഗികൾക്കായി നല്കിയതു്. ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരുന്നവർ ഉപജീവനമാർഗ്ഗത്തിനുപോലും വളരെയധികം ക്ലേശിക്കേണ്ടിവന്നിട്ടുണ്ടു്. എന്നാൽ ക്രിസ്തുവിൻെറ ഉപവിയായിരുന്നു അവർക്കു പ്രചോദനം നല്കിയതു്; ക്രിസ്തുവിൻെറ ഉപവിയാണു് അവരെ നയിച്ചതു്; ക്രിസ്തുവിൻെറ ഉപവിയാണു് അവർക്കാശ്വാസം നല്കിയതു്; ക്രിസ്തുവിൻെറ ഉപവിയിലാണു് അവരുടെ പ്രതീക്ഷകൾ അവർ അർപ്പിച്ചതും.

### കന്യാസ്ത്രീകളുടെ ആതുരശുശ്രൂഷ

സഭയുടെ ആതുരശുശ്രൂഷാപ്രേഷിതചരിത്രത്തിൽ സുപ്രധാനമായ മറെറാരുകാലഘട്ടം സമാരംഭിച്ചതു് 17-ാം നൂററാണ്ടിലാണു്. പ്രസ്തുത ശതാബ്ദത്തിലാണു് സ്ത്രീകൾ സംഘടിച്ചു് ആതുരശുശ്രൂഷയ്ക്കായി മുമ്പോട്ടുവന്നതു്. ഫ്രാൻസിൽ സമാരംഭിച്ച "ഉപവിയുടെ സഹോദരികളു"ടെ സംഘടനയാണെന്നു തോന്നുന്നു പ്രഥമ ആതുരശുശ്രൂഷാസന്യാസിനീസമൂഹം. ഇതിനെത്തുടന്നു് അനേകം സന്യാസിനീസമൂഹങ്ങൾ ആതുരസംരക്ഷണാർത്ഥം സ്ഥാപിതങ്ങളായിട്ടുണ്ടു്. ഇക്കഴിഞ്ഞ ഒരു ശതാബ്ദകാലത്തിലേക്കു നാമൊന്നു കണ്ണോടിച്ചാൽ നമുക്കു കാണുവാൻകഴിയും കന്യാസ്ത്രീകൾ നിർവ്വഹിക്കുന്ന ആതുരശുശ്രൂഷയുടെ വൈപുല്യവും മാഹാത്മ്യവും എത്ര വലുതാണെന്നു്. ലോകത്തിൻെറ വിവിധഭാഗങ്ങളിലായി അനവധി ആശുപത്രികളും ആതുരമന്ദിരങ്ങളും ഇന്നു് കന്യാസ്ത്രീകളുടെ ഉത്തരവാദിത്വത്തിലും നിയന്ത്രണത്തിലും സ്ഥിതിചെയ്യുന്നുണ്ടു്. വേറെ അനവധി ഹോസ്പിററലുകളിൽ അവർസ്തുത്യർഹമായി നഴ്സിങ്ങുജോലി നിർവ്വഹിച്ചുംവരുന്നു.

### മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്

ആതുരസേവനം അനുഷ്ഠിച്ചുവരുന്ന സന്യാസിനീസമൂഹങ്ങളുടെ ലിസ്റ്റിൽ ഈ അടുത്തകാലത്തു സ്ഥലംപിടിച്ചിട്ടുള്ള ഒരു സന്യാസിനീസമൂഹമാണു് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ്. ഇതിൻെറ സ്ഥാപക ആസ്ത്രിയാ സ്വദേശിനിയായ സിസ്റ്റർ അന്ന ഡെങ്കൽ (Sister Anna Dengal) ആകുന്നു. ഉൽകൃഷ്ടമായ നഴ്സിങ്ങുവേല ചെയ്യുന്ന മെഡിക്കൽ മിഷൻ സൊസൈററി സ്ഥാപിക്കുന്നതിനു് ഒരു ആസ്ത്രിയൻ വനിതയെ ദൈവം ഉപകരണമാക്കിയ ചരിത്രം രസാവഹമാണു്. ഒരു ഡോക്ടരായിത്തീന്നു് ക്രൈസ്തവസ്നേഹത്തിൻെറ മാഹാത്മ്യം ആതുരശുശ്രൂഷാമാർഗ്ഗേണ മിഷൻരാജ്യങ്ങളിൽ പോയി പ്രകടിപ്പിക്കുവാൻ യുവതിയായ അന്ന ഡെങ്കൽ ആഗ്രഹിച്ചു. അവളുടെ ആഗ്രഹം സഫലമാകുന്നതിനു രണ്ടു പ്രതിബന്ധങ്ങൾ അവൾക്കു തരണംചെയ്യേണ്ടിയിരുന്നു. ഒന്നു് പണദൗർല്ലഭ്യം, മറേറതു് മെഡിക്കൽ കോളെജുകളിൽ അക്കാലത്തു സ്ത്രീകൾക്കു പ്രവേശനം ലഭിക്കുവാനുണ്ടായിരുന്ന പ്രയാസം. എന്നാൽ ദൈവപരിപാലന അവളെ നയിച്ചു. ഒരു സഹവിദ്യാർത്ഥിനിമൂലം അന്ന ഡെങ്കൽ ഒരു ധനാഢ്യയുംകൂടിയായിരുന്ന ഡോക്ടർ ആഗ്നസ് മാക്ലാറനുമായി (Dr. Agnes McLaren) കത്തിടപാടിലേർപ്പെടുകയും തൽഫലമായി ഐർലണ്ടിലെ കോർക്കു് സർവകലാശാലയിൽ പ്രവേശനവും വിദ്യാഭ്യാസച്ചെലവിനുള്ള പണവും ഡെങ്കലിനു നിഷ്പ്രയാസം ലഭിക്കുകയും ചെയ്തു. ഡോക്ടർമാക്ലാറൻ കത്തോലിക്കാസഭയിലേക്കു് മാനസാന്തരപ്പെട്ട ഒരു പ്രോട്ടസ്റ്റൻറു് വനിതയായിരുന്നെന്നും ഒരു മെഡിക്കൽ മിഷൻ സൊസൈററി സ്ഥാപിക്കുന്നതിനു് തിരുസിംഹാസനവുമായി സമ്പക്കത്തിലേർപ്പെട്ടിരിക്കയിലാണു് ഡെങ്കലുമായി പരിചയപ്പെട്ടതെന്നും പ്രകൃതത്തിൽ സ്മരണീയമാണു്. ഡെങ്കൽ വിജയപൂർവ്വം മെഡിക്കൽ കോഴ്സ് തുടന്നു് 1920-ൽ എം.ഡി. ഡിഗ്രി കരസ്ഥമാക്കി. ഉടൻതന്നെ ആ മഹതി ഇൻഡ്യയിലേക്കു പുറപ്പെട്ടു. വടക്കേ ഇൻഡ്യയിൽ മതപരവും മാമൂൽസംബന്ധവുമായ കാരണങ്ങളാൽ പുരുഷന്മാരായ ഡോക്ടർമാരെ സമീപിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്ന മഹമ്മദീയ സ്ത്രീകളുടെ ഇടയിലാണു് ഡെങ്കൽ മെഡിക്കൽസേവനം ആരംഭിച്ചതു്. അക്കാലത്തത്രെ ഒരു മെഡിക്കൽ മിഷൻ സൊസൈററി സ്ഥാപിക്കുന്നതിനുള്ള ഡോക്ടർ മാക്ലാറൻെറ പരിശ്രമങ്ങൾ തുടരണമെന്നു ഡോക്ടർ ഡെങ്കലിനു ആഗ്രഹം ജനിച്ചതും. ഏറെത്താമസിയാതെ ഡോക്ടർ ഡെങ്കൽ അമേരിക്കയിലെത്തി വാഷിംഗ്ടണിൽ ആസ്ഥാനമുറപ്പിക്കയും ഹോളിക്രോസ് ഫാദേഴ്സിൻെറ സഹായസഹകരണങ്ങളോടുകൂടി (Medical Mission Society) മെഡിക്കൽ മിഷൻ സൊസൈററി സ്ഥാപിക്കയും ചെയ്തു. കന്യാസ്ത്രീകളെ ഉൾപ്പെടുത്തിയുള്ള സൊസൈററിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പായി മറെറാരു പ്രതിബന്ധംകൂടി ഡോക്ടർ ഡെങ്കൽ തരണംചെയ്യേണ്ടിയിരുന്നു. കന്യാസ്ത്രീകൾ ഡോക്ടർമാരാകുന്നതിനെയും ശസ്ത്രക്രിയ മുതലായവ നിർവ്വഹിക്കുന്നതിനെയും നിരുത്സാഹപ്പെടുത്തുന്ന ഒരു നയമാണു് തിരുസിംഹാസനം സ്വീകരിച്ചിരുന്നതു്. ഈ നയം വ്യത്യാസപ്പെടുത്തുവാൻ ഡോക്ടർമാക്ലാറൻ തിരുസിംഹാസനത്തോടു നേരത്തെതന്നെ അപേക്ഷിച്ചിരുന്നു. ഡോക്ടർ ഡെങ്കൽ പ്രസ്തുതനിവേദനത്തെത്തുടർന്നു് വളരെയധികം പരിശ്രമിച്ചതിൻെറ ഫലമായി 1936-ൽ പീയൂസ് പതിനൊന്നാമൻ തിരുമനസ്സുകൊണ്ടു് ഒരു കല്പനമൂലം നിലവിലിരുന്ന നയത്തിനു് അയവുവരുത്തുകയും കന്യാസ്ത്രീകളെഡോക്ടർമാരായും നഴ്സുമാരായും ജോലി ചെയ്യുന്നതിനനുവദിക്കയും ചെയ്തു. ഇതിനെത്തുടർന്നു് മെഡിക്കൽ മിഷൻ സൊസൈററിക്കുണ്ടായ വളർച്ചയും പുരോഗതിയും വിസ്മയാവഹമായിരുന്നു.

മെഡിക്കൽ മിഷൻ സൊസൈററിവക ഒന്നാമത്തെ ഹോസ്പിററൽ റാവൽപ്പിണ്ടിയിലാണു് സ്ഥാപിതമായതു്. 1939-ൽ പാററ്നായിലെ ഹോളിഫാമിലി ഹോസ്പിററൽ സൊസൈററിയിൽ നിന്നു സ്ഥാപിച്ചു. ഇന്നു് ഇൻഡ്യയിലും പാക്കിസ്ഥാനിലുമായി ആറു് മെഡിക്കൽ മിഷൻ ആശുപത്രികളും അവിടെ സേവനം നിർവഹിക്കുന്ന അമ്പതോളം കന്യാസ്ത്രീകളും ഉണ്ടു്. ഇതിനുപുറമെ ഇൻഡൊനേഷ്യായിലും ആഫ്രിക്കായിലും സൊസൈററിവക ആശുപത്രികളുണ്ടു്. ഈ സൊസൈററിയുടെ മാതൃമഠവും നൊവിഷ്യേററുഗൃഹവും അമേരിക്കയിൽ ഫിലാഡെൽഫിയായിലാണു്. മറെറാരു നൊവിഷ്യേററുമന്ദിരവും സ്കൂളും ഒട്ടേറെ കന്യാസ്ത്രീകളും ഹോളൻറിലുണ്ടു്. ഏതാനും കന്യാസ്ത്രീകൾമെഡിക്കൽ കോളെജുകളിൽ പഠിക്കുന്നുണ്ടു്. ഡോക്ടർ ബിരുദനേടിയ എട്ടു പേരുൾപ്പെടെ മുന്നൂറോളം കന്യാസ്ത്രീകൾ ഇപ്പോൾസൊസൈററിയിലുള്ളതായി അറിയുന്നു.

ഏതൊരു സന്യാസിനീസമൂഹത്തിനും അതിനെ മററുള്ളവയിൽനിന്നു തിരിച്ചറിയത്തക്ക ചില ലക്ഷണങ്ങൾ നിയമാവലി, പ്രവർത്തനരീതി, പാരമ്പര്യം മുതലായവയിൽനിന്നും സ്വാഭാവികമായി ലഭിക്കാറുണ്ടു്. യഥാർത്ഥമായ ഭക്തിയുടെ അരൂപിയെ സേവനത്തോടുകൂടി ഘടിപ്പിക്കയത്രെ മെഡിക്കൽ മിഷൻ സൊസൈററിക്കാർ ചെയ്യുന്നതു്. സന്യാസിനീസമൂഹത്തിൻെറ—സാഹോദര്യത്തിൻെറ — മാധുര്യത്തെ ഡോക്ടരുടെ അഥവാ നഴ്സിൻെറ കാര്യക്ഷമതയോടുകൂടി സംഘടിപ്പിച്ചാലുണ്ടാകുന്ന മാഹാത്മ്യമാണു് ഈ സൊസൈററിയിൽ ഞാൻ കാണുന്നതു്. മെഡിക്കൽ മിഷൻ സഹോദരികളുടെ സേവനം പൊതുജനങ്ങളുടേയും ഗവമ്മെൻറധികൃതരുടേയും പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടു്. കറാച്ചിയിലുള്ള ഇവരുടെ ഹോളിഫാമിലി ഹോസ്പിററൽ സന്ദർശിച്ച ലേഡി ലിയാക്കത്തു് (പാക്കിസ്ഥാൻ പ്രധാനമന്ത്രിയുടെ പത്നി) ആ സ്ഥാപനത്തിൽ നഴ്സിംഗ് ഡിപ്പാർട്ടുമെൻറിൽ പ്രവർത്തനം നടത്തുന്ന കന്യാസ്ത്രീകളുടെ സേവനങ്ങളെ അഭിനന്ദിച്ചുകൊണ്ടു് ഈയിടെ പ്രസ്താവിച്ചതിപ്രകാരമാണു്: "നിങ്ങളുടെ നിയോഗമനോഭാവത്തിൻെറയും സഹോദരസ്നേഹത്താൽ പ്രേരിതമായുള്ള സേവനസന്നദ്ധതയുടെയും ആറിലൊരംശം ഞങ്ങൾക്കുണ്ടെങ്കിൽ ഞങ്ങളുടെ പുരോഗതി അതിവേഗത്തിലായിരിക്കും. നിങ്ങളിൽനിന്നു ഞങ്ങൾക്കു പഠിക്കുവാൻ വളരെയുണ്ടു്. നിങ്ങളുടെ സഹായം ഏററവും കൂടുതലായി ആവശ്യപ്പെട്ട കാലത്തു് നിങ്ങൾ നൽകിയ സേവനങ്ങൾ ഞങ്ങൾ ഒരു കാലത്തും വിസ്മരിക്കുന്നതല്ല."

### ഭരണങ്ങാനത്തെ സ്ഥാപനം

കാലംചെയ്ത കാളാശ്ശേരിൽ മെത്രാനച്ചൻ തിരുമനസ്സിലെ നിശ്ചയദാർഢ്യം, ബ. പിണക്കാട്ടച്ചൻെറ സേവനസന്നദ്ധത, മെഡിക്കൽ മിഷൻ സഹോദരികളുടെ സഹകരണം എന്നിവ ഒത്തിണങ്ങിയതിൻെറ ഫലമാണു് ഭരണങ്ങാനത്തെ പുതിയ സന്യാസിനീസമൂഹം. (Sisters of the Immaculate Heart of Mary) മറിയത്തിൻെറ വിമലഹൃദയത്തിൻെറ സഹോദരികൾ എന്നാണു് പുതിയ മെഡിക്കൽമിഷൻ സന്യാസിനീ സമൂഹത്തിൻെറ പേരു്. "മേരിഗിരി"സഹോദരികൾ എന്നും ഇവരെ വിളിക്കാറുണ്ടു്. നാട്ടുകാരായ നമ്മുടെ സഹോദരികൾക്കു് പരിശീലനം നൽകുക എന്ന ജോലിയാണു് അമേരിക്കൻ മെഡിക്കൽ മിഷൻ സഹോദരികൾ ഇവിടെ നിർവഹിച്ചുകൊണ്ടിരിക്കുന്നതു്. നമ്മുടെ ഈ ദേശത്തു് ആതുരശുശ്രൂഷാർത്ഥം സംസ്ഥാപിതമായ ഈ സന്യാസിനീസമൂഹംവക പ്രഥമഹോസ്പിററൽ വാർഡാണു് ഇപ്പോൾ ഉൽഘാടിതമായിരിക്കുന്നതു്. ഈ വാർഡു് പണികഴിപ്പിക്കുന്നതിലേക്കു് ഉദാരമായ സംഭാവന ചെയ്ത സകലമാനപേരേയും ക്രിസ്തുനാഥൻ തൻെറ പരിശുദ്ധ മാതാവുവഴി അനുഗ്രഹിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ഇതുപോലെ ഏതാനും വാർഡുകൾകൂടി പണികഴിപ്പിക്കുവാനും വാർഡുകൾ വേണ്ടവിധം സജ്ജീകൃതമാകുവാനും ഉദാരമായ സംഭാവനകൾ നൽകണമെന്നു പൊതുജനങ്ങളോടു് ഞാൻ അഭ്യർത്ഥിക്കയും ചെയ്തുകൊള്ളട്ടെ.



## പുസ്തകാഭിപ്രായം

### സഹനബലി

(ഗ്രന്ഥകർത്താ: ഫാദർ ജോസഫ് തേക്കനാടി, സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം. പക്ഷം XXXIX + 211. വില 1 രു. 4 ണ.)

പോപ്പുരാജൻ, ലോകമതങ്ങളിലെ യേശുക്രിസ്തു, സ്റ്റെപ്പിനാക്ക്, രക്തസാക്ഷി വിജയം, അഗ്നിപരീക്ഷണം, ത്യാഗാദർശം, ഫാത്തിമാമാതാവു്, ഭക്തദാസ്യം, ആർസിലേ വികാരി, ടിറേറാഭരണം എന്നീ ഗ്രന്ഥങ്ങളുടെ കർത്താവെന്ന നിലയിൽ കേരളീയർക്കു സുപരിചിതനായ റവ. ഫാദർ ജോസഫ് തേക്കനാടിയുടെ വിദഗ്ദ്ധതൂലികയിൽനിന്നു പുറപ്പെട്ടിട്ടുള്ള ഒരഭിനവഗ്രന്ഥമാണു "സഹനബലി". 1902 മേയ് 24-ാംനു ജനിച്ചു്, 1936 മേയ് 11-ാംനു മൃതിയടഞ്ഞ ഒരമേരിക്കൻ മിസ്റ്റിക്കായ കുഞ്ഞുറോസിൻെറ ജീവചരിത്രമാണു ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. യാതനകളും വേദനകളുമാകുന്ന അഗ്നിപരീക്ഷണങ്ങൾ തരണംചെയ്തു ജന്മസാഫല്യമടഞ്ഞ ഒരു കന്യകാരത്നമാണു് കുഞ്ഞുറോസ്. നമ്മുടെ കർത്താവിൻെറ തിരുമുറിവുകൾ സ്വദേഹത്തിൽ വഹിക്കുന്നതിനുള്ള ഭാഗ്യവും അവൾക്കുണ്ടായിട്ടുണ്ടു്. ഹർഷപാരവശ്യങ്ങൾക്കും (Ecstasies) ഈ കന്യക പലപ്പോഴും അധീനയായിരുന്നു. കൂടാതെ, ദർശനങ്ങൾ, പരഹൃദയജ്ഞാനം, വിവിധഭാഷാവൈഭവം, പ്രവചനശക്തി എന്നിത്യാദി വരവിശേഷങ്ങളാലും കുഞ്ഞുറോസ് അനുഗൃഹീതയായിരുന്നു. ഈ മിസ്റ്റിക്കിൻെറ ജീവിതം ബവേറിയായിലെ അത്ഭുതകന്യകയായ തെരേസ ന്യൂമൻെറ ജീവിതത്തോടു സാധർമ്മ്യംവഹിക്കുന്ന ഒന്നായിരുന്നുവെന്നതിനു സംശയമില്ല. ഒരിക്കൽ ഏതാനും അമേരിക്കൻ സന്ദർശകരുമായി സംസാരിക്കയിൽ, കുഞ്ഞുറോസിനെപ്പററി "എൻെറ അനുജത്തി" എന്നു തെരേസ ന്യൂമൻ പറകയുണ്ടായി. കുഞ്ഞുറോസിൻെറ ഉററമിത്രങ്ങളിൽ ഒരാളായിരുന്നു പുണ്യചരിതനായ ആൻഡ്റെ സഹോദരൻ എന്നതും പ്രസ്താവ്യമത്രെ.

കുഞ്ഞുറോസിൻെറ മരണാനന്തരം അവൾവഴി പലർക്കും പല അനുഗ്രഹ

(ശേഷം 8-ാം പേജിൽ)

ഫാത്തിമാബാലസമിതി

# പെസഹാദിനങ്ങൾ

പ്രിയകുഞ്ഞുങ്ങളേ,

അടുത്ത വ്യാഴം, വെള്ളി, ഞായർ എന്നീ ദിവസങ്ങൾ ഏററവും പ്രാധാന്യം അർഹിക്കുന്നവയാണ്. സ്നേഹവും കൃതജ്ഞതയും പ്രതീക്ഷയും തുളുമ്പുന്ന ഹൃദയങ്ങളോടുകൂടിയല്ലാതെ ആ ദിവസങ്ങൾ കടത്തിവിടുന്നതിന് സാമാന്യവിശ്വാസമെങ്കിലും ഉള്ളവർക്ക് കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യനു ലഭിക്കാവുന്നതിൽ സർവ്വപ്രധാനവും അത്യുച്ചവുമായ ഭാഗ്യങ്ങൾ അവനു കൈവന്നതിൻെറ സ്മരണയാണ് പ്രസ്തുതദിവസങ്ങൾ നമ്മുടെ മനസ്സിൽ കൊണ്ടുവരുന്നത്.

പെസഹാവ്യാഴാഴ്ച! അപരിമിതവും സ്നേഹംതന്നെയുമായ ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹം എത്രമാത്രമെന്ന് ഈ ദിവസം നമ്മെ അനുസ്മരിപ്പിക്കുന്നു. വല്യച്ചൻെറ ഓർമ്മയിൽ വരുന്ന ഒരു കഥ നിങ്ങളോടു പറയാം. കഥയല്ല, ഒരുപക്ഷെ ഒരു സംഭവംതന്നെ ആയിരിക്കാം. പണ്ട് ഒരു രാജാവ് യുദ്ധത്തിനു പോയി. ശത്രുവിൻെറ രാജ്യം വളരെ ദൂരത്തായിരുന്നു. യുദ്ധത്തിൽ രാജാവ് എതിരാളികളാൽ വധിക്കപ്പെട്ടു. മൃതദേഹം സ്വരാജ്യത്തേക്ക് വഹിച്ചുകൊണ്ടുവരുന്നതിനുള്ള പ്രയാസംനിമിത്തം അവിടെത്തന്നെ സംസ്കരിക്കപ്പെട്ടു. വധിക്കപ്പെട്ട രാജാവിൻെറ പട്ടമഹിഷി ഭർത്താവിനെ വളരെയധികം സ്നേഹിച്ചിരുന്നു. അതുകൊണ്ട് രാജാവിൻെറ മരണം രാജ്ഞിക്ക് അപാരമായ ദുഃഖത്തിനു കാരണമായി; അവൾക്കു ഊണും ഉറക്കവും ഇല്ലാതായി. മരിച്ചുപോയ പ്രാണനെങ്കിലും തൻെറ ഭർത്താവിനോട് എങ്ങനെയെങ്കിലും ഒന്നിച്ചുവസിക്കണമെന്നുതന്നെ അവർ തീർച്ചപ്പെടുത്തി. ഭടന്മാരെ അയച്ച് രാജാവിൻെറ അവശേഷിച്ചിരുന്ന അസ്ഥികൾ എടുപ്പിച്ച് അവ ഹോമിപ്പിച്ച് ഭസ്മമാക്കി ഏതോ പാനീയത്തിൽ കലക്കി കുടിച്ചു. സ്വഭർത്താവുമായി ഏകീകരിക്കപ്പെടണമെന്നുണ്ടായിരുന്ന ആഗ്രഹം രാജ്ഞി ഏതാണ്ട് ഇപ്രകാരം സഫലമാക്കി. എന്നാൽ ഇതിലും വലുതായ ഒരു പ്രേമഭ്രാന്താണ് നമ്മുടെ സ്നേഹനാഥൻ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളത്. മനുഷ്യനോടുള്ള സ്നേഹംനിമിത്തം ഉള്ളായ്മതന്നെയാകുന്ന ദൈവം ഇല്ലായ്മമാത്രമാകുന്ന മനുഷ്യൻെറ രൂപം സ്വീകരിച്ച് മനുഷ്യനായിത്തീർന്നു. പക്ഷെ അതു മാത്രം അങ്ങയുടെ സ്നേഹത്തിനു മതിയായില്ല. തന്നിമിത്തം മനുഷ്യനെക്കാൾ വളരെ താഴ്ന്ന ഒരു നിർജ്ജീവവസ്തുവിൻെറ രൂപം അവിടുന്നു സ്വീകരിച്ചു. നമ്മോടു ചേർന്ന് ഒന്നായിത്തീരുന്നതിനുവേണ്ടി ഒരു ഭക്ഷണസാധനമായി ഭവിക്കുവാനാണ് അങ്ങയുടെ അപരിമിതസ്നേഹം തീരുമാനിച്ചത്. നമ്മുടെ ദിവ്യനാഥൻെറ ഈ സ്നേഹം, എന്നും, പ്രത്യേകിച്ച് പെസഹാതിരുനാൾ ദിവസത്തിലും, നിങ്ങളുടെ ഓർമ്മയിൽ കൊണ്ടുവരണം. പ്രതിസ്നേഹത്താൽ നിങ്ങളുടെ ഹൃദയം തുടിക്കണം. സ്നേഹാദരവുകളോടുകൂടി നിങ്ങളെല്ലാവരും പരി. കുർബ്ബാന വഴിയായി അങ്ങയെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കണം. മനുഷ്യർ ഇന്നു ഈ സ്നേഹനാഥൻെറ സ്നേഹം വേണ്ടപ്പോലെ മനസ്സിലാക്കിയിട്ടില്ല. മനസ്സിലാക്കിയിട്ടുള്ളവരും പലവിധത്തിൽ അങ്ങയെ ആക്ഷേപിക്കുന്നുണ്ട്. ഇതിനെല്ലാം പരിഹാരം നിങ്ങൾ ചെയ്യണം. നിങ്ങളുടെ സ്നേഹത്തെ പ്രകടിപ്പിക്കുന്നതിനും, നിങ്ങൾ ഓരോരുത്തരും മററുള്ളവരും കർത്താവിനോടു പ്രത്യക്ഷപ്പെടുത്തിയിട്ടുള്ള സ്നേഹാദരവുകൾക്കും ആക്ഷേപങ്ങൾക്കും പരിഹാരം ചെയ്യുന്നതിനും, ദിവ്യസക്രാരിയിൽ എഴുന്നെള്ളി വസിക്കുന്ന നമ്മുടെ ദിവ്യസ്നേഹിതനെ പെസഹാദിവസം നിങ്ങൾ സന്ദർശിക്കണം. കഴിയുന്നിടത്തോളം കൂടുതൽ സമയം, പകലും രാത്രിയും, ആരാധന കഴിക്കുന്നതിനു ശ്രമിക്കണം.

ദുഃഖവെള്ളിയാഴ്ച! സ്നേഹത്തെപ്പോലെതന്നെ മഹാ കൃതജ്ഞതയുടെ വികാരപരമ്പരകളോടുംകൂടി കഴിക്കേണ്ട ഒരു ദിനമാണ് ഇത്. പാപത്തിൽനിന്നും, നരകത്തിൽനിന്നും, പിശാചിൻെറ ക്രൂരമായ ദാസ്യാവസ്ഥയിൽനിന്നും നാം സമുദ്ധരിക്കപ്പെട്ടതിൻെറ ഓർമ്മയാണ് അന്നു ഉണ്ടാകേണ്ടത്. ഒരു വാക്കുകൊണ്ട്, അഥവാ ഒരുതുള്ളി രക്തംമാത്രം ചിന്തിക്കൊണ്ട്, നമ്മുടെ രക്ഷകനു നമ്മെ സമുദ്ധരിക്കാമായിരുന്നു. പക്ഷെ ഔദാര്യപൂർണ്ണമായ അവിടുത്തെ സ്നേഹത്തിനു അതു മതിയായില്ല. രക്തം മുഴുവൻ നമുക്കുവേണ്ടി ത്യജിച്ചു. മാത്രമല്ല സ്വജീവനും. ഇപ്രകാരം നമുക്കുവേണ്ടി പരിഹാരം ചെയ്തുകൊണ്ട് നമ്മെ സ്വർഗ്ഗത്തിനു അവകാശികളുമാക്കിത്തീർത്തിരിക്കുന്നു. ഈ സംഭവങ്ങൾ അനുസ്മരിക്കപ്പെടുന്ന അന്നു നിങ്ങളുടെ കഴിഞ്ഞജീവിതത്തിലെ എല്ലാ പാപങ്ങളേയും കുറിച്ച് ഉത്തമമായ മനസ്താപം ഉളവാക്കുവാൻ ശ്രമിക്കണം. മാത്രമല്ല അങ്ങയുടെ പീഡകൾക്കു കാരണമായ പാപങ്ങൾ ആവർത്തിച്ചുകൊണ്ട് അങ്ങേ പീഡകൾക്കു നിങ്ങൾ ഇനിയും കാരണമാകുകയില്ല എന്നു ദൃഢമായ പ്രതിജ്ഞ ചെയ്യണം. വ്യാകുലമാതാവുവഴി നിങ്ങളുടെ പ്രതിജ്ഞകൾ ക്രൂശിതനായ ഈശോയുടെ രക്താങ്കിതമായ പാദത്തിങ്കൽ സമർപ്പിക്കണം.

ഉയിർപ്പുഞായർ! പ്രതീക്ഷ ഉദ്ദീപിപ്പിക്കപ്പെടുന്ന ഒരു ദിവസം. തങ്ങൾ ജയിച്ചുപോയി എന്നു ഉൽഘോഷിച്ചിരുന്ന യഹൂദന്മാരുടെ സകല പ്രതീക്ഷകൾക്കും കടകവിരുദ്ധമായി പ്രേതാലയത്തിൽനിന്നും മരണത്തെ അതിജീവിച്ചുകൊണ്ട് ഈശോ ഉയിർത്തെഴുന്നേൽക്കുന്നു. രക്തവും മാംസവും ഏതാണ്ട് മുഴുവനും നഷ്ടപ്പെട്ട അങ്ങ് സൂര്യനെ വെല്ലുന്ന ശരീരകാന്തിയോടും മററു ഗുണവിശേഷങ്ങളോടുംകൂടിയാണ് ഇന്നു സജീവനായിത്തീരുന്നത്. അങ്ങയുടെ ദൈവത്വം അനിഷേധ്യമായി തെളിയിക്കുന്ന ഒരു സംഭവമാണിത്. നമ്മുടെ വിശ്വാസത്തിനു ചാഞ്ചല്യം ഉണ്ടായാൽ അതിനെ ജയിക്കുന്നതിനു ഈശോയുടെ ഉയിർപ്പ് നമ്മെ പ്രാപ്തരാക്കണം. മാത്രമല്ല എന്തെല്ലാം ക്ലേശങ്ങൾ സഹിക്കേണ്ടിവന്നാലും അവ ക്ഷമയോടും സന്തോഷത്തോടുംകൂടി സഹിക്കുന്നതിനു മിശിഹായുടെ പുനരുത്ഥാനം നമുക്കു ശക്തി നൽകണം. എന്തുകൊണ്ടെന്നാൽ നാമോരോരുത്തരും നമ്മുടെ ദിവ്യരക്ഷകനെപ്പോലെ ആത്മശരീരങ്ങളോടുകൂടി ഉയിർത്തെഴുന്നേൽക്കുവാനുള്ളവരാകുന്നു.

നമ്മുടെ കർത്താവിൻെറ ഉയിർപ്പുതിരുനാളിൻെറ മംഗളങ്ങൾ കുഞ്ഞുമക്കൾക്കെല്ലാവർക്കും ആശംസിച്ചുകൊള്ളുന്നു.

എന്നു്, സ്വന്തം വല്യച്ചൻ

---

രോഗശാന്തി പ്രാപിച്ചതിൻെറ സ്മരണ



Mrs. K. U. John

---

## നിങ്ങൾക്കറിയാമോ?

1) ഇന്ത്യയുടെ വിസ്തീർണ്ണത എത്ര ചതുരശ്രമൈലാണ്?

2) ജനസംഖ്യ എത്രമാത്രം?

3) ഇൻഡ്യയുടെ തലസ്ഥാനമേതാണ്? അവിടത്തെ ജനസംഖ്യ എത്ര?

4) ഇൻഡ്യയിലെ പ്രധാനപ്പെട്ട പട്ടണങ്ങൾ ഏവ?

5) ഇൻഡ്യയിലെ പ്രധാനപ്പെട്ട ഭാഷകൾ ഏവ?

6) ഇൻഡ്യയിലെ പ്രധാനപ്പെട്ട സമുദായങ്ങൾ ഏവ?

ഉത്തരം

1) 10,55,561

2) 35,00,00,000 (1950-ൽ)

3) ന്യൂഡൽഹി. ജനസംഖ്യ ഉദ്ദേശം 15,00,000.

4) കൽക്കട്ട, അമൃതസർ, ബോംബെ, ആഗ്ര, അലഹബാദ്, മദ്രാസ്, ഹൈദ്രബാദ്, അഹമ്മദബാദ്, കോൺപൂർ, ബാംഗളൂർ, ലക്നൊ.

5) ഹിന്ദി, ആസ്സാമീസ്, ഉർദ്ദു, കർണ്ണാടകം, കാഷ്മീറി, ബംഗാളി, തമിഴ്, മറാത്തി, തെലുങ്ക്, ഗുജറാത്തി, മലയാളം, പഞ്ചാബി.

6) ഭൂരിഭാഗം: ഹിന്ദുക്കൾ. ന്യൂനപക്ഷങ്ങൾ: മുസ്ലീമുകൾ, ക്രിസ്ത്യാനികൾ, പാർസികൾ, സിക്കുകാർ, യഹൂദർ.

---

## അറിയിപ്പ്

ശ്രീ. കെ. പി. തോമസ്, കുന്നപ്പള്ളിൽ അവർകളെ കുറവാമൂഴി ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

---

## യുവതികൾക്കു ഏകാന്തധ്യാനം

ആലുവാ

ചുണങ്ങംവേലി അഗതികളുടെ സഹോദരിമാരുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും നടത്താറുള്ള യുവതികളുടെ ഏകാന്തധ്യാനം ഈ ആണ്ടിലും ആലുവാ സെൻറു മേരീസ് ഇംഗ്ലീഷ് ഹൈസ്കൂളിൽവച്ച് ഏപ്രിൽമാസം 18-ാം തീയതി ബുധനാഴ്ച വൈകുന്നേരം തുടങ്ങുന്നതും 22-ാം തീയതി ഞായറാഴ്ച കാലത്തു അവസാനിക്കുന്നതുമാണ്. ധ്യാനഗുരു റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി. ഡി. ആയിരിക്കുന്നതാണ്.

ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരേണ്ടതും ചെലവുകൾക്കായി 8 രൂപാ കൊടുക്കേണ്ടതുമാണ്.

ഇതിൽ സംബന്ധിക്കുവാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 11-ാംതീയതിക്കകം വിവരം അറിയിക്കേണ്ടതാണ്.

Mother Superior S. D.,
Chunangamvely,
Alwaye.

## വേദോപദേശപരീക്ഷാഫലം

എറണാകുളം അതിരൂപതയിൽ 1951 ജനുവരി 14-ാംനു നടത്തിയ വേദോപദേശപൊതുപരീക്ഷയുടെ ഫലം ഏപ്രിൽലക്കം എറണാകുളം മിസ്സത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിരൂപതയിൽ ഹൈസ്കൂൾ വിഭാഗത്തിലെ ഒന്നാംസമ്മാനം (50 ക.) കെ. കെ. ജോസഫിനും (മൂക്കന്നൂർ അനാഥശാല, സെൻറ് ജോസഫ്സ് ഹൈസ്കൂൾ അങ്കമാലി) രണ്ടാംസമ്മാനം (30 ക.) വന്ന്യാമ്പറമ്പിൽ ജോസഫ് അന്നത്തിനും (മുട്ടം ഇടവക). മൂന്നാംസമ്മാനം (15 ക.) കണ്ടത്തിൽ ചാക്കൊ ഡെയിസിക്കും (ചെമ്പിൽ ഇടവക സെൻറ് മേരീസ് ഹൈസ്കൂൾ, എറണാകുളം) ലഭിച്ചിരിക്കുന്നു.

ലോവർസെക്കണ്ടറിവിഭാഗം: 1-ാം സമ്മാനം (30 ക.) കൊററമ്പേരിൽ വർക്കി ത്രേസ്യ (ലിററിൽ തെരേസാസ് ഹൈസ്കൂൾ, വാഴക്കുളം) 2-ാം സമ്മാനം (20 ക.) നമ്പേലിൽ തോമസ് സിസിലി (ലിററിൽ തെരേസാസ് ഹൈസ്കൂൾ വാഴക്കുളം). 3-ാംസമ്മാനം (10 ക.) പുതുശേരി പൗലൊറോസി (മൂക്കന്നൂർ ഇടവക, സെൻറ് ജോസഫ്സ് ഹൈസ്കൂൾ കറുകുററി.)

പ്രൈമറിവിഭാഗം: 1-ാം സമ്മാനം (20 ക.) വടക്കഞ്ചേരി വറീതു കത്രീന (സെൻറ് മേരീസ് എം. പി. സ്കൂൾ, മഞ്ഞപ്ര) 2-ാംസമ്മാനം (10 ക.) മയിപ്പാൻ ദേവസ്സി മറിയാമ്മ (എടക്കുന്നു ഇടവക, സെൻറ് ജോസഫ്സ് എം. പി. ജി. സ്കൂൾ, വടക്കേക്കര) 3-ാംസമ്മാനം (5 ക.) പുതിയേടത്തു് പൈലി മറിയക്കുട്ടി (മഞ്ഞള്ളൂർ, ലിററിൽ തെരേസാസ് പ്രൈമറിസ്കൂൾ, വാഴക്കുളം.)

## സാദേവ കഥകൾ

സ്വാർത്ഥചിന്ത

അമേരിക്കയിലെ പ്രസിഡൻറായിരുന്ന എബ്രാഹം ലിങ്കൻെറ കുട്ടികൾ കരയുന്നതുകേട്ട അടുത്തവീട്ടിൽ വസിച്ചിരുന്ന ഒരാൾ കയറിച്ചെന്നു കാരണമന്വേഷിച്ചു. ലിങ്കൺ മറുപടി പറഞ്ഞു: "എൻെറ കൈയിൽ 3 വാൾനട്ടുകൾ (ഒരുതരം കായ്) ഉണ്ട്. ഇവർ രണ്ടുപേർക്കും വേണം ഇരട്ടി."

ഇതാണ് ലോകത്തിലെ മിക്ക ദുരിതങ്ങൾക്കും കാരണം: സ്വാർത്ഥചിന്ത.

ഉത്തമസ്നേഹിതർ!

ഫാദർ ഫിലി എന്ന വൈദികൻ ഒരു ഫലിതപ്രിയനായിരുന്നു. ഒരിക്കൽ അദ്ദേഹം തൻെറയൊരു സ്നേഹിതനെ സന്ദർശിച്ചു. സംഭാഷണമദ്ധ്യേ ആതിഥേയൻ തൻെറ ഗ്രന്ഥശേഖരം ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "അവരാണ് എൻെറ ഉത്തമസ്നേഹിതന്മാർ." ഫാദർ ഫിലിയാകട്ടെ, ഒരു പുസ്തകം വലിച്ചെടുത്തു നോക്കിയശേഷം സുസ്മേരവദനനായി പറഞ്ഞു: "നിങ്ങളുടെ സ്നേഹിതരെ നിങ്ങളൊരിക്കലും കീറിമുറിക്കയില്ലെന്നുള്ളതു ചാരിതാർത്ഥ്യജനകമായിരിക്കുന്നു."

"പെരുങ്കള്ളനും" സമ്മതിച്ചു

തട്ടിപ്പറിയും മോഷണവുംകൊണ്ട് 1 ലക്ഷം പവൻ സമ്പാദിച്ച ഒരു പെരുങ്കള്ളനായിരുന്നു ജോണിവുഡ്. യോർക്കുഷയറിലെ ഒരു കർഷകൻെറ പുത്രനായിരുന്ന ഇയാൾ ലണ്ടൻസമീപം പ്രതിവാരം 7 പവൻ ശമ്പളത്തിൽ ജോലി നോക്കിവരവെയാണ് ഈ ദുർവൃത്തികളിൽ ഏർപ്പെട്ടിരുന്നത്. എന്നാൽ ജീവിതത്തിൻെറ അവസാനഘട്ടത്തിൽ അയാൾ അവയെല്ലാം ഉപേക്ഷിച്ച് നല്ല ജീവിതം കഴിപ്പാനാരംഭിക്കയും തദവസരത്തിൽ താഴെപറയുംപ്രകാരം രേഖപ്പെടുത്തുകയുംചെയ്തു: "എൻെറ ജീവിതകാലത്തു ഞാൻ വളരെയധികം ധനം സമ്പാദിക്കയുണ്ടായി. എന്നാലതുകൊണ്ട് എനിക്കു യാതൊരു പ്രയോജനവുമുണ്ടായില്ല. തെററായവഴിക്കാണു ആ ധനമെല്ലാം വന്നുചേർന്നതു്. വന്നതുപോലെതന്നെ അതു പോകയുംചെയ്തു. പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ ഞാനൊരു സംഗതി സ്പഷ്ടമായി കാണുന്നു: സത്യസന്ധതയോടെ ഞാൻ ജോലിചെയ്തിരുന്നപ്പോഴാണ് എനിക്കേററവും ആനന്ദംതോന്നിയിരുന്നതു്. അക്രമപ്രവൃത്തികൾമുഖേന ഞാനൊരു വലിയ ധനവാനായി ഭവിച്ചെങ്കിലും, എൻെറ ജീവിതത്തിലെ ഈ അവസാനവരികൾ ഞാനെഴുതുന്നതു കൊടിയ ദാരിദ്ര്യത്തിൻെറ യാതനകൾ അനുഭവിച്ചുകൊണ്ടാണ്." ഏതാനും മാസങ്ങൾക്കുമുമ്പ് ഇയാൾ സമാധാനചിത്തനായി ഇഹലോകവാസം വെടിഞ്ഞു. (Globe)

---

## സഭയുടെ സാമൂഹ്യനയം

കത്തോലിക്കാസഭ സാമൂഹ്യവിഷയങ്ങളിൽ സ്വീകരിച്ചിരിക്കുന്ന നയം മാർപ്പാപ്പാ തിരുമേനി മാർച്ച് 12-ാംനു നടത്തിയ ഒരു പ്രക്ഷേപിണിപ്രസംഗത്തിൽ വിവരിക്കുകയുണ്ടായി. സഭയെക്കൂടാതെ സാമൂഹ്യപ്രശ്നം പരിഹാര്യമല്ല എന്നാണു തിരുമേനി പ്രസ്താവിച്ചതു്. അവിടുന്നു തുടർന്നു: "എന്നാൽ സഭപോലും ഏകമായി ഈ പ്രശ്നം പരിഹരിക്കുവാൻ സാധ്യമല്ല. ഭൗതികാധികാരികളുടെ ബുദ്ധിശക്തിയും സാമ്പത്തികവും സാങ്കേതികവുമായ കഴിവുകളും സഭയോടു സഹകരിച്ചു പ്രവർത്തിക്കേണ്ടതു അത്യന്താപേക്ഷിതമാണ്.

"ലോകത്തിലെ വിവിധരാഷ്ട്രങ്ങളിലെ സാമൂഹ്യപ്രശ്നസംബന്ധമായ നിയമങ്ങളിൽ കാണുന്ന ഗുണങ്ങളെല്ലാം സഭയുടെ തത്വങ്ങൾ പ്രാവർത്തികമാക്കിയതിൽനിന്നുൽഭൂതമായതാണ്. സാങ്കേതികമായ ആനുകൂല്യങ്ങളെക്കാൾ വ്യക്തിക്കു കൂടുതൽ പരിഗണന നല്കുന്നതിനും ആത്മാർത്ഥമായി പ്രയത്നിക്കുന്നവർക്കു മനുഷ്യോചിതവും ക്രിസ്ത്യൻ തത്വങ്ങൾക്കനുസൃതവുമായ ജീവിതത്തോതു നല്കുന്നതിനും അനേകവർഷങ്ങളായി കത്തോലിക്കാസഭ അനുസ്യൂതം പ്രയത്നിച്ചുകൊണ്ടിരിക്കുന്നു."

വിമർശനവീഥി

# "ക്രിസ്തു – ചരിത്രദൃഷ്ടിയിൽ"

## സുവിശേഷങ്ങളുടെ വിശ്വാസ്യതയ്ക്ക് ആഭ്യന്തരമായ തെളിവുകൾ

സുവിശേഷഗ്രന്ഥങ്ങൾ വിശ്വാസ്യങ്ങളായ ചരിത്രഗ്രന്ഥങ്ങളാണെന്ന്— അവയിൽ വിവരിച്ചിട്ടുള്ള സംഗതികൾ ശരിയായി ഗ്രഹിച്ചവരും ഗ്രഹിച്ചവയെ ശരിയായി രേഖപ്പെടുത്തുവാൻ തക്ക കഴിവും സത്യസന്ധതയുമുള്ളവരും എഴുതിയിട്ടുള്ളതും സാരമായ ഭേദഗതികൾ കൂടാതെ നമുക്കു കൈവന്നിട്ടുള്ളവയുമാണെന്ന്—ബാഹ്യമായ തെളിവുകൾ ചൂണ്ടിക്കാണിച്ചു കഴിഞ്ഞ ലേഖനത്തിൽ സമർത്ഥിച്ചിരുന്നല്ലോ. സുവിശേഷങ്ങളുടെ ഉള്ളടക്കത്തിൽ ചില പ്രത്യേകതകൾ പരിശോധിച്ചാൽ കാണാം, ക്രിസ്തുവിന്റെ സമകാലീനരും ക്രിസ്തുവിനോടു ഏററവുമടുത്തു പെരുമാറിയിരുന്നവരും ക്രിസ്തുവിന്റെകാലത്തെ പലസ്തീനായിലെ സ്ഥിതിഗതികളെപ്പററി നേരിട്ടറിവുള്ളവരുമായ ആളുകളാണ് സുവിശേഷഗ്രന്ഥങ്ങൾ രചിച്ചതെന്ന്. ഈ തെളിവിനെയാണ് ആഭ്യന്തരമായ തെളിവെന്നു ഞങ്ങൾ വിവക്ഷിക്കുന്നത്.

### ക്രിസ്തുവിന്റെ കാലത്തെ പലസ്തീനാലോകം

എ. ഡി. 70 ഒന്നാംനൂററാണ്ടിലെ യഹൂദന്മാരുടെ ചരിത്രത്തിൽ ഏററവും പ്രധാനപ്പെട്ടകാലഘട്ടമാകുന്നു. ആ തിയതിക്കുമുമ്പുള്ള പലസ്തീനാലോകവും പിമ്പുള്ള പലസ്തീനാലോകവും പരിഛേദം വ്യത്യസ്തങ്ങളായ സ്ഥിതികളോടു കൂടിയതാണ്. ആ തിയതിക്കുമുമ്പുള്ള പലസ്തീനാലോകത്തിൽ രണ്ടു ഭരണശക്തികളാണ് പരസ്പരം അഭിമുഖീകരിച്ചുകൊണ്ട് അവരവരുടെ സ്വാധീനബലം പ്രയോഗിച്ചിരുന്നത്. ഒന്ന്, അധിശക്തിയായ റോമായിലെ ഭരണകർത്താക്കൾ; മറേറത്, സാമന്തശക്തിയായ സൻഹെഡ്റിം (Sanhedrim) എന്ന യഹൂദഭരണാധികാരികൾ. ഈ രണ്ടു ഭരണശക്തികളും വ്യത്യസ്തങ്ങളായ രണ്ടു സംസ്കാരങ്ങളുടെ പ്രാതിനിധ്യമാണു വഹിച്ചിരുന്നത്. രണ്ടു സംസ്കാരങ്ങളും ഒരേ കാലത്തും ഒരേ സ്ഥലത്തും അടുത്തടുത്തു നിലകൊണ്ടിരുന്നെങ്കിലും ഒരിക്കലും പരസ്പരം സമ്മേളിച്ചിരുന്നില്ല. ജറുശലേം പട്ടണം ഇവയിലൊന്നിന്റെ കേന്ദ്രസ്ഥാനം വഹിച്ചിരുന്നു. വൈദികവും അവൈദികവുമായ തന്റെ ചരിത്രത്തെ വിളിച്ചറിയിക്കുന്ന സ്മാരകങ്ങളായി പ്രശോഭിച്ചിരുന്ന എടുപ്പുകളിൽ, ഹേറോദേസിനാൽ പുനരുദ്ധരിക്കപ്പെട്ട മഹത്തമവുംമനോഹരവുമായ ദേവാലയത്തിൽ പ്രത്യേകിച്ചും, അവൾ അഭിമാനംകൊണ്ടിരുന്നു. ഫാരിസീസ്, സ്ക്രൈബ്സ് മുതലായ പണ്ഡിതന്മാരും ഉൽകൃഷ്ടവർഗ്ഗക്കാരും അവിടെ സംഖ്യയിലും പ്രാബല്യത്തിലും പ്രാധാന്യം വഹിച്ചിരുന്നു. അവരെല്ലാവരുടേയും അധിശനായി വളരെ സ്വാധീനബലമുള്ള പ്രധാനാചാര്യൻ ഉണ്ടായിരുന്നു. ഇങ്ങനെ റോമൻ സമ്പ്രദായത്തിൽനിന്ന് ഏററവും വ്യത്യസ്തമായ സമ്പ്രദായങ്ങളോടുകൂടിയ പലസ്തീനാലോകം എ. ഡി. 70-ൽ പൊടുന്നനവേ അപ്രത്യക്ഷമായി. എങ്ങനെയെന്നാൽ, റോമാസൈന്യങ്ങൾവന്നു പലസ്തീനായെ ആക്രമിച്ചു പിടിച്ചടക്കി; അനേകം പട്ടണങ്ങൾ ശൂന്യമാക്കപ്പെട്ടു; ജറുശലേം പട്ടണംതന്നെയും സുദീർഘമായ പ്രതിരോധനത്തിനുശേഷം അഗ്നിക്കിരയായി സമൂലം നശിപ്പിക്കപ്പെട്ടു; അതിന്റെ അഭിമാനവിഷയമായിരുന്ന ദൈവാലയം നഷ്ടശിഷ്ടങ്ങളുടെ കൂമ്പാരമായിത്തീർന്നു; യഹൂദന്മാർ ലോകത്തിലെങ്ങും ചിതറിക്കപ്പെടുകയുംചെയ്തു.

### സുവിശേഷത്തിലെ പലസ്തീനാലോകം

വ്യത്യസ്തങ്ങളായ പലസ്തീനാലോകങ്ങളിൽ എ. ഡി. 70-തിനുമുമ്പുള്ള രണ്ടാമത്തേതാണ് സുവിശേഷഗ്രന്ഥങ്ങളിൽ ഏററവും ചില്ലറയായ വിവരങ്ങളോടുകൂടിതന്നെയും ചിത്രീകരിച്ചുകാണുന്നത്. ക്രിസ്തുവിന്റെ കാലത്തു പലസ്തീനായിൽ നിലവിലിരുന്നതെന്ന്, ആധുനികചരിത്രഗവേഷണങ്ങളുടെ ഫലമായി; കണ്ടുപിടിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയവും സാമുദായികവും മതപരവുമായ സ്ഥിതിഗതികളാണ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. റോമൻ ഭരണാധികാരികളും യഹൂദഭരണാധികാരികളും തമ്മിലുള്ള അസുഖകരങ്ങളായ ബന്ധങ്ങൾ, റോമൻ ഗവർണ്ണരുടേയും സൻഹെഡ്റിം സംഘത്തിന്റേയും അധികാരപരിധികൾ സംബന്ധിച്ചുള്ള മത്സരങ്ങൾ, മോശയുടെ അദ്ധ്യാപനാസനത്തിൽ ഉപവിഷ്ടരാണെന്നു സ്വയം അഹങ്കരിച്ചിരുന്ന ഫാരിസിസിന്റേയും സ്ക്രൈബ്സിന്റേയും വിതണ്ഡാവാദങ്ങൾ, മോശയുടെ നിയമവാക്യങ്ങളടങ്ങിയ ഏടുകൾ നെഞ്ചോടുചേർത്തുകെട്ടി നടക്കുന്ന അവരുടെ പ്രകടനസമ്പ്രദായങ്ങൾ, സിനഗോഗുകളിൽ (പ്രാർത്ഥനാലയങ്ങൾ) അഗ്രിമസ്ഥാനങ്ങൾ കൈക്കലാക്കുവാനുള്ള അവരുടെ താല്പര്യങ്ങൾ, വെള്ളയടിച്ച പ്രേതമണ്ഡപങ്ങൾപോലെ അവരിൽ കാണപ്പെട്ടിരുന്ന കാപട്യങ്ങൾ—ഇവയെല്ലാം ക്രിസ്തുവിന്റെ കാലത്തെ പലസ്തീനാലോകത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നപോലെ, അത്ര വിശദമായും സൂക്ഷ്മമായും സുവിശേഷങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരണങ്ങൾ മനഃപൂർവ്വമായ ലക്ഷ്യംവച്ചോ, ക്രമീകൃതമായ പ്ലാൻ അനുസരിച്ചോ അല്ല അവയിൽ രേഖപ്പെടുത്തിക്കാണുന്നത്. അനേകം സംഭവങ്ങളെ വിവരിക്കുന്നതിനിടയിൽ അവയോടു സംബന്ധമുള്ള പരിതസ്ഥിതികളെ സന്ദർഭോചിതം രേഖപ്പെടുത്തുകമാത്രമാണ് ഗ്രന്ഥകാരന്മാർ ചെയ്തിട്ടുള്ളത്. സംഭവരചനയിൽ ചലിച്ചുകൊണ്ടിരുന്ന അവരുടെ പേനകൾ അവിടവിടെ നിരുദ്ദിഷ്ടമായി കുറിച്ചിട്ടുള്ള അനേകശതം വിവരങ്ങൾ ഒന്നിച്ചുകൂട്ടി വിഭാവനം ചെയ്യുമ്പോൾ ഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന പലസ്തീനാലോകത്തിന്റെ ചിത്രം വായനക്കാരുടെ മുൻപിൽ ദൃശ്യമാകുന്നു. സുവിശേഷഗ്രന്ഥങ്ങളിലെ ഏതാദൃശവിവരണം അവയുടെ കർത്താക്കളേയും രചനാകാലത്തേയും സംബന്ധിച്ച് ഒരേ ഒരനുമാനത്തിനു മാത്രമേ നിദാനമായിരിക്കുന്നുള്ളു. അതായത്, എ. ഡി. 70-നുമുമ്പു പലസ്തീനായിലെ യഹൂദസമ്പ്രദായങ്ങൾ അടുത്തു പരിചയിച്ചറിഞ്ഞവരും തന്മൂലം ക്രിസ്തുവിന്റെ സമകാലികരുമാണ് സുവിശേഷഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളത്. കുറഞ്ഞപക്ഷം, ക്രിസ്തുവിന്റെ സമകാലികരിൽനിന്നു വാമൊഴിയായോ വരമൊഴിയായോ സംഗതികൾ നേരിട്ടറിഞ്ഞിട്ടുള്ളവരാണ് ആ ഗ്രന്ഥങ്ങളെഴുതിയിട്ടുള്ളത്. ക്രിസ്തുവിന്റെ കാലത്തിന് അടുത്തുവന്ന പുരുഷാന്തരത്തിനുശേഷം ജീവിച്ചവർ പരിഛേദം പുതിയതായ പലസ്തീനാലോകം ദർശിച്ചിരുന്നവരായതുകൊണ്ട്, ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്നതും ജറുശലേമിന്റെ നാശത്തോടുകൂടി പൊടുന്നനവേ അപ്രത്യക്ഷപ്പെട്ടതുമായ ഏററവും സങ്കീർണ്ണനിലയിലിരുന്ന പലസ്തീനാലോകത്തെപ്പററി സുവിശേഷഗ്രന്ഥങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നവിധം അത്ര വിശദവും താദാത്മ്യത്തോടുകൂടിയതുമായ വിവരണമെഴുതാൻ അവർക്കു സാധിക്കുമായിരുന്നില്ല. ഒരു സംഗതി ഇവിടെ പ്രത്യേകം സൂചിക്കേണ്ടതുണ്ട്. സുവിശേഷഗ്രന്ഥങ്ങളുടെ കർത്താക്കൾ തീർച്ചയായും പുരാണചരിത്രഗവേഷകന്മാർ അല്ലായിരുന്നു. ഭൂതകാലത്തെ നഷ്ടശിഷ്ടങ്ങളിൽനിന്ന് അന്നത്തെ സ്ഥിതിഗതികളെ പുനരുദ്ധരിച്ച് ആധുനികർക്കു ദർശനീയമാക്കുന്ന നവീനശാസ്ത്രമാർഗ്ഗങ്ങളൊന്നും അവർക്കുണ്ടായിരുന്നില്ല. ഭൂതകാലത്തെ സംഭവങ്ങളാണ് തങ്ങൾ വിവരിക്കുന്നതെന്ന ഒരു സൂചനപോലും സുവിശേഷകർത്താക്കൾ നൽകുന്നുമില്ല.

### ചില ഉദാഹരണങ്ങൾ

പൊതുവായ ഈ നിഗമനത്തെ സ്ഥിരീകരിക്കുന്ന അസന്നിഗ്ദ്ധങ്ങളായ വേറെ പല സൂചനങ്ങളും സുവിശേഷങ്ങളിൽ കാണുന്നുണ്ട്.

1. റോമാ ചക്രവർത്തിയായ സീസറിനു യഹൂദന്മാർ കരം കൊടുക്കണമോ വേണ്ടയോ എന്ന പ്രശ്നം സുവിശേഷകന്മാരുടെ വിവരണങ്ങൾക്കിടയിൽ വന്നിട്ടുണ്ടല്ലോ. (മത്താ. XXII-17). ഈ പ്രശ്നത്തിന് എ. ഡി. 70-ലുണ്ടായ ജറുശലേമിന്റെ നാശത്തിനുശേഷം യാതൊരു പ്രസക്തിയുമില്ല. ആ തിയതിമുതൽ പലസ്തീന മുഴുവനും അധിശക്തിയായ റോമായുടെ നേരിട്ടുള്ള ഭരണത്തിലായിത്തീർന്നു. യഹൂദന്മാർക്ക് അവിടെ യാതൊരു സ്ഥാനവുമില്ലാത്തവണ്ണം അവർ ചിതറിക്കപ്പെടുകയും ചെയ്തു. അതിനാൽ ആ പ്രശ്നം സംബന്ധിച്ചുള്ള സംവാദങ്ങൾക്ക് ആ തിയതിക്കുശേഷം യാതൊരു സ്ഥാനവുമില്ല. അവയെ രേഖപ്പെടുത്തുന്നതു സമുചിതമാണെന്നു പിൽക്കാലത്തെഴുതുന്ന ഗ്രന്ഥകാരനു തോന്നുവാനും യാതൊരു ന്യായവും കാണുന്നില്ല. നേരെമറിച്ച് എ. ഡി. 70-തിനു മുമ്പെഴുതുന്ന ഗ്രന്ഥത്തിൽ ആ പ്രശ്നത്തിനും അതു സംബന്ധിച്ച സംവാദങ്ങൾക്കും സമുചിതമായ സ്ഥാനവും പ്രസക്തിയുമുണ്ട്.

2. ദേവാലയത്തിൽ കാണിക്കകളർപ്പിക്കാൻ വരുന്നവരുടെ മനസ്ഥിതി എന്തായിരിക്കണമെന്നുള്ള ക്രിസ്തുവിന്റെ നിർദ്ദേശങ്ങൾ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. (മത്തായി V-24). ഈ നിർദ്ദേശങ്ങൾക്കും എ. ഡി. 70-നുശേഷം പ്രസക്തിയില്ല. ആ തിയതിയിൽ ദേവാലയവും, അതിൽ കാണിക്കകൾ വെക്കുന്ന അൾത്താരയും അതിനോടു സംബന്ധമുള്ള സമസ്തവും നശിപ്പിക്കപ്പെട്ടുകഴിഞ്ഞു. നേരെ മറിച്ച് എ. ഡി. 70-തിനുമുമ്പ് ആ നിർദ്ദേശങ്ങൾക്ക് സ്ഥാനമുണ്ട്. അന്നുള്ളവരെ ഉദ്ദേശിച്ച് ആ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നത് ഗ്രന്ഥത്തിന്റെ ലക്ഷ്യത്തിന് ആവശ്യവുമായിരിക്കും. വിശുദ്ധ മത്തായിയുടെ സുവിശേഷം പലസ്തീനായിലെ യഹൂദക്രിസ്ത്യാനികൾക്കുവേണ്ടി രചിക്കപ്പെട്ടതാണെന്ന പണ്ഡിതാഭിപ്രായം ഇവിടെ പ്രത്യേകം ചിന്തനീയമാണ്. ആ വസ്തുതയുംകൂടി കൺമുൻപിൽ വച്ചുകൊണ്ടാലോചിച്ചാൽ പ്രസ്തുത രണ്ടു വിവരണങ്ങൾക്കും എ. ഡി. 70 തിനു ശേഷമെഴുതിയ ഗ്രന്ഥത്തിൽ സമുചിതമായ സ്ഥാനവും പ്രസക്തിയുമില്ലെന്നു സ്പഷ്ടമാകും.

3. ക്രിസ്തുവിന്റെ ഉപമാകഥകൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവ എല്ലാംതന്നെ പലസ്തീനായിലെ പ്രകൃതിവിലാസത്തോടും ആചാരാനുഷ്ഠാനങ്ങളോടും വളരെ ആനുരൂപ്യം വഹിക്കുന്നവയാണ്. ആദിമക്രിസ്തീയസാഹിത്യത്തിൽ മറെറാന്നിലും ഇത്തരം ഉപമാപ്രയോഗങ്ങൾ കാണുന്നില്ല. അതുകൊണ്ട്, ആദിമകാലത്തെ മററു ക്രിസ്തീയഗ്രന്ഥങ്ങൾ രചിച്ചവർക്ക് ഈ ഉപമാപ്രയോഗങ്ങൾ സ്വതേ സ്വീകാര്യമായിരുന്നില്ലെന്നു സിദ്ധം. അങ്ങനെയെങ്കിൽ ആ ഗ്രന്ഥങ്ങൾ എഴുതിയകാലത്ത് എഴുതിയ സുവിശേഷങ്ങളിലും അവയ്ക്ക് ഇത്ര സർവസാധാരണമായ സ്ഥാനം ലഭിക്കുകയില്ലായിരുന്നു. ആകയാൽ ക്രിസ്തുവിന്റെ ഉപമാകഥകൾ കേട്ടവർ അവരുടെ സ്മൃതിപഥത്തിൽനിന്നു മാഞ്ഞുപോകുന്നതിനുമുൻപ് അവയെ രേഖപ്പെടുത്തിയതായിരിക്കണം. സുവിശേഷഗ്രന്ഥങ്ങൾ ക്രിസ്തുവിന്റെ സമകാലികന്മാരാൽ രചിക്കപ്പെട്ടതാണെന്നല്ലയോ ഇതിന്റെ അർത്ഥം?

4. യൂദാസ് സ്കറിയോത്താ ദിവ്യരക്ഷകനെ ഒററിക്കൊടുത്തതിനു പ്രതിഫലമായി വാങ്ങിയ വെള്ളിനാണയങ്ങൾ അവൻ തിരിയെ കൊണ്ടുപോയി പ്രധാനപുരോഹിതന്മാർക്കു കൊടുത്തപ്പോൾ അവർ അതുകൊണ്ടു വാങ്ങിയ സ്ഥലത്തിന് "ഇന്നേവരെയും രക്തത്തിന്റെ പറമ്പ്" എന്നു പേരു പറയപ്പെട്ടിരിക്കുന്നു എന്നു സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. (മത്തായി XXVII-8). ഇന്നേവരെയും എന്നു പറഞ്ഞിരിക്കുന്നതു ഗ്രന്ഥമെഴുതിയ കാലത്തെപ്പററിയാണെന്നു സ്പഷ്ടം. ഇതിൽനിന്നു ഗ്രന്ഥമെഴുതിയതു എ. ഡി. 70-തിനു മുമ്പാണെന്നു നിസ്സംശയം അനുമാനിക്കാം. എന്തുകൊണ്ടെന്നാൽ ആ തിയതിക്കുശേഷം ജറുശലേം പട്ടണം മുഴുവനും നഷ്ടശിഷ്ടങ്ങളുടെ കൂമ്പാരമായിത്തീർന്നിരുന്നതുകൊണ്ട് പ്രസ്തുതസ്ഥലവും അതിനു കൊടുക്കപ്പെട്ട പേരും തദനുസരണം ശൂന്യമായിത്തീർന്നിരിക്കണം. മാത്രമല്ല "ഇന്നേവരെയും" എന്നപ്രയോഗത്തിൽ ആ സംഭവം നടന്നു കുറെക്കൊല്ലങ്ങൾമാത്രം കഴിഞ്ഞതിനുശേഷമാണ് ഗ്രന്ഥമെഴുതിയതെന്നുള്ള സൂചനയും അടങ്ങിയിട്ടുണ്ട്.

5. എ. ഡി. 70-തിൽ നടന്ന ജറുശലേമിന്റെ നാശത്തെപ്പററിയുള്ള ക്രിസ്തുവിന്റെ പ്രവചനം മൂന്നു സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. (മത്തായി XXIV; മാർക്കോസ് XIII; ലൂക്കാ XXI). ഈ പ്രവചനങ്ങൾ ലോകാവസാനത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രവചനത്തോടു കൂട്ടിച്ചേർത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടു പ്രവചനങ്ങളും കൂടിക്കുഴഞ്ഞ് അവ്യക്തമായിക്കിടക്കുന്നു. എ. ഡി. 70 തിൽ ജറുശലേമിന്റെ നാശം നടന്നുകഴിഞ്ഞതിനാൽ അതിനെപ്പററിയുള്ള പ്രവചനം അക്കാലത്തിനുശേഷം രേഖപ്പെടുത്തുന്നവർക്കു കൂടുതൽ വ്യക്തമായി രേഖപ്പെടുത്തുവാൻ തീർച്ചയായും കഴിയുമായിരുന്നല്ലോ. ആ കഴിവിന്റെ യാതൊരു ലക്ഷണവും സുവിശേഷകന്മാരിൽ കാണുന്നില്ല. അതിന്റെ ഏകകാരണം അവരെഴുതിയകാലത്തു ജറുശലേമിന്റെ നാശം നടന്നിട്ടില്ലായിരുന്നുവെന്നുള്ളതായിരിക്കണം.

6. എ. ഡി. 1-ാം നൂററാണ്ടിന്റെ അവസാനഘട്ടത്തിനുശേഷം നടന്നിട്ടുള്ള യാതൊരു സംഭവത്തെപ്പററിയും ഈ മൂന്നു സുവിശേഷങ്ങളിലും യാതൊരു പ്രസ്താവമോ സൂചനപോലുമോ കാണുന്നില്ല. സുവിശേഷങ്ങളിൽ കാണുന്ന ഈ മൗനവും അവ ഒന്നാംനൂററാണ്ടിന്റെ അവസാനഘട്ടത്തിനു മുൻപ് രചിച്ചതാണെന്നുള്ള നിഗമനത്തെ സ്ഥിരീകരിക്കുന്നു.

### സുവിശേഷഭാഷ

സുവിശേഷങ്ങൾ രചിക്കപ്പെട്ടിരിക്കുന്ന ഭാഷയുടെ രീതി ഒന്നു പ്രത്യേകമാണ്. ഭാഷാശാസ്ത്രജ്ഞന്മാർ ഏററവും ആഴമായും വിശദമായും അതു പഠിച്ചിട്ടുണ്ട്. ഓരോ വാചകവും പ്രത്യേകം എടുത്തു പരിശോധിക്കുകയും, ഓരോന്നിന്റേയും ഘടന നിഷ്കർഷമായി അന്വയിക്കുകയും, സകല ശബ്ദങ്ങളും തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. സുവിശേഷഭാഷയ്ക്കു പ്രത്യേകം അകാരാദികളും വ്യാകരണങ്ങളും നിർമ്മിക്കുകയും, ആദിമക്രിസ്തീയശതാബ്ദങ്ങളിലെ ഇതരഗ്രന്ഥങ്ങൾക്കായി നിർമ്മിക്കപ്പെട്ടിട്ടുള്ള അകാരാദികളോടും വ്യാകരണങ്ങളോടും അവയെ ഒത്തുനോക്കുകയും ചെയ്തിട്ടുണ്ട്. അശ്രാന്തങ്ങളായ ഈ പരിശ്രമങ്ങളിൽനിന്നു പണ്ഡിതന്മാർക്കു ബോദ്ധ്യംവന്നിട്ടുള്ള പ്രധാനസംഗതിയെന്തെന്നാൽ, സുവിശേഷഗ്രന്ഥങ്ങൾ ഗ്രീക്കുഭാഷയുടെ രൂപം ധരിക്കുന്നുവെങ്കിലും ആശയഗതിയിൽ അവ ഹീബ്രൂ, സുറിയാനി എന്നീ സെമിററിക്ഭാഷകളുടെ പ്രകൃതിയോടുകൂടിയവയാണെന്നാണ്. ബാററിഫോൾ എന്ന പണ്ഡിതവിമർശകന്റെ വാക്കുകളിൽ പറഞ്ഞാൽ "സുവിശേഷങ്ങളിൽ അറമായിക് ഭാഷാരീതി ഗ്രീക്കു വസ്ത്രമണിഞ്ഞിരിക്കുന്നതാണ്." "റാക്കാ", "എഫേത്താ", "താലിത്താകുമി" മുതലായ അറമായിക്ഭാഷയിലെ ശബ്ദങ്ങളും ശബ്ദഗണങ്ങളും സുവിശേഷഗ്രന്ഥങ്ങളിൽ അടങ്ങിയിരിക്കുന്നുണ്ടെന്നുമാത്രമല്ല, അവയിൽ പ്രയോഗിച്ചിരിക്കുന്ന അനേകം ശൈലികൾ ശരിയായി മനസ്സിലാക്കണമെങ്കിൽ ഹീബ്രൂ, അറമായിക് എന്നീ ഭാഷകളുടെ സഹായം ആവശ്യകവുമായിരിക്കുന്നു. ആകയാൽ സുവിശേഷഗ്രന്ഥങ്ങളുടെ കർത്താക്കൾ പ്രസ്തുതഭാഷകളിൽ സുപരിചിതന്മാരായിരുന്നുവെന്നു തെളിയുന്നുണ്ട്. 4 സുവിശേഷകന്മാരിൽ 3 പേരും യഹൂദന്മാരായിരുന്നുവെന്നും അവരുടെ മാതൃഭാഷ അറമായിക് ആയിരുന്നുവെന്നും മററു വഴിക്കു നമുക്കറിയുകയും ചെയ്യാം. ലൂക്കായാകട്ടെ സിറിയായുടെ തലസ്ഥാനമായ അന്ത്യോക്യായിലെ നിവാസിയായിരുന്നതിനാൽ മാതൃഭാഷയായ ഗ്രീക്കിലും, അതുപോലെതന്നെ അറമായിക് ഭാഷയിലും നല്ല പരിചയം സമ്പാദിച്ചവനായിരുന്നുവെന്നും നമുക്കറിയാം. ഇങ്ങനെ സുവിശേഷഗ്രന്ഥങ്ങളുടെ ഭാഷാരീതിയിൽനിന്നുതന്നെയും അനുമാനിക്കാൻ കഴിയും, അവയുടെ കർത്താക്കൾ അറമായിക്ഭാഷ മാതൃഭാഷയായിരുന്നവരോ അതിൽ നല്ല പരിചയം സിദ്ധിച്ചിരുന്നവരോ ആയ 1-ാം നൂററാണ്ടിലെ ക്രിസ്ത്യാനികളാണെന്ന്.

# Sathya Deepam

Vol. 24 Ernakulam March 21, 1951 No. 30


## കാൽവരിയിലെ കനകബലി

(ജെ. കെ. സി, മണിമല)

അന്ന് — അംബരവീഥിയിലെ തേജോമയദീപം പടിഞ്ഞാറോട്ടു ചാഞ്ഞുതുടങ്ങിയപ്പോൾ കാൽവരിയിലെ മഹായജ്ഞത്തിന്റെ മാറ്റൊലിയായ ചുറ്റികയടി മുഴങ്ങി. കാര്യവ്യഗ്രതയിൽ ലീനമായ ലോകം ഞെട്ടലോടെ തല ഉയർത്തി നോക്കി. ജീവന്റെ തൂലിക ഹൃദയരക്തത്തിൽ മുക്കിയെടുത്ത് എഴുതിത്തീർത്ത സ്നേഹത്തിന്റെ ഒരു മഹനീയ ചിത്രം അതാ അവിടെ ഉയർന്നുകാണുന്നു.

മുൾക്കിരീടത്താൽ ക്ഷതനിർഭരമായി ദക്ഷിണാംസത്തിലേക്കു തളർന്നുവീണ ശിരസ്സ്—ആണിപ്പഴുതുകളുടെ തീവ്രതയിൽനിന്നു ചുടുനിണം വമിച്ചുകൊണ്ടിരിക്കുന്ന പാദപാണികൾ; നിണധാരയിൽ ഇഴുകിച്ചേർന്നു ജടാഭമായ കേശപടലം; രക്തപ്പശയിൽ ഒട്ടിച്ചേർന്ന വസ്ത്രഖണ്ഡത്താൽ അർദ്ധനഗ്നമായി, മർദ്ദനത്തിന്റെ ഭയങ്കരതയാൽ തുടുത്തുതളർന്നു വിരൂപമായ തങ്കത്താമരക്കളേബരം!!! ഹാ നാഥാ! കണ്ണീരിന്റെ മറവിൽക്കൂടെയല്ലാതെ എങ്ങനെയാണ് അങ്ങേ ക്രൂശിതഗാത്രത്തെ ഒരു നോക്കു കാണുന്നത്?

* * *

സുഖലോലുപതയേ! നീ ആ വഴിത്താരയിൽക്കൂടെ അങ്ങോട്ടൊന്നു നടന്നുചെല്ലൂ. ഹംസതൂലശയ്യയിൽപ്പോലും സുഖനിദ്ര ലഭിക്കാത്ത നീ ആത്മനാഥന്റെ "പള്ളിമെത്ത"യെ ഒന്നു വീക്ഷിക്കണം. ഹാ! പരുപരുത്തമരക്കുരിശിൽച്ചേർത്തു കാരിരുമ്പാണികൾ അടിച്ചുകയറ്റിയാണ് അങ്ങയെ ദീർഘനിദ്രയ്ക്കൊരുക്കിയിരിക്കുന്നത്.... തലയ്ക്കുമീതെ അനസ്യൂതം കറങ്ങിക്കൊണ്ടിരിക്കുന്ന വൈദ്യുതവീജനയന്ത്രത്തിന്റെ കീഴിലും "ഉഷ്ണം ശമിക്കാത്ത" നീ ആ എരിഞ്ഞുപൊരിയുന്ന വെയിലത്ത് അവിടെ അല്പമൊന്നു നില്ക്കുമോ? പട്ടുടുപ്പും രത്നാഭരണവും തേടി വിരണ്ടുപായുന്ന നിനക്കു സമയമുണ്ടോ, ആ നഗ്നഗാത്രത്തിലെ ക്ഷതശ്രേണികൾ ഒന്നുറ്റുനോക്കുവാൻ?

ഹാ! ജീവിതത്തിന്റെ നാല്ക്കവലയിൽനിന്നു ചരിത്രം അതാ പിന്നെയും പിന്നെയും ആ രംഗം ചൂണ്ടിക്കാണിക്കുകയാണ്.

* * *

കാലത്തിന്റെ കരിഞ്ചുരുളുകൾക്കു മൂടിവയ്ക്കാൻ സാധിക്കാത്ത ഒരു മഹാസംഭവം;—മറവികൊണ്ടു മായ്ക്കാനാവാത്ത ഹൃദയസ്പൃക്കായ ഒരു ചിത്രം;—മഹാത്മാക്കൾക്കു വ്യാഖ്യാനിക്കാൻ കഴിയാത്ത ഒരുൽകൃഷ്ടസിദ്ധാന്തം—അതാ കപാലഗിരിയിൽ ഉടലെടുത്തു നില്ക്കുന്നു.

അന്നു ലോകം വിചാരിച്ചു, അതൊരു വലിയ നേട്ടമാണെന്ന്; കുറ്റമറ്റ ഒരു ജീവിതത്തെ ശിക്ഷിക്കുവാൻ അന്നത്തെ നിയമസംഹിതകൾക്കു സാധിച്ചു;—ശാന്തിപ്രദായകനെ മഹാവിപ്ലവകാരിയായി ചിത്രീകരിച്ചതു്—അതുമല്ല, ആഴിയുടെ അപാരതയിലും അന്തരീക്ഷത്തിന്റെ അമേയതയിലുമൊതുങ്ങാത്ത മഹോന്നതവ്യക്തിത്വത്തെ വെറുമൊരു മരക്കുരിശിൽ ബന്ധിച്ചു നിറുത്തിയതു്!!!

എന്തിന്!—അധർമ്മത്തേയും അനീതിയേയും വെല്ലുവിളിച്ചതിന്—അന്ധമായ ആചാരങ്ങളുടെ അർത്ഥശൂന്യതയെ ചോദ്യംചെയ്തതിന്— ധർമ്മനിഷ്ഠയുടെ ലേബലൊട്ടിച്ച നേതൃമണ്ഡലത്തിലെ "കള്ളനാണയങ്ങൾ" ഒന്നൊന്നായി മാറ്റിക്കാണിച്ചതിന്—സമ്പന്നന്റെ നേരെ "ഒട്ടകവും സൂചിക്കുഴയും" ചൂണ്ടിക്കാണിച്ചതിന്—അത്രയുമല്ല "വെള്ളയടിച്ച കുഴിമാട"ങ്ങളുടെ തനിനിറം തുറന്നു കാണിച്ചതിന്........

എന്നിട്ടോ?— എന്നിട്ട് ആ വിദ്വേഷവിഭ്രാന്തന്മാർ മാറിനിന്ന് കൈകൊട്ടിച്ചിരിക്കുകയാണ്. അവർ ചോദിക്കുന്നു, "നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നിറങ്ങിവരിക; നിന്നെത്തന്നെ രക്ഷിക്കുക."

മൗഢ്യാതിരേകമേ! മുഖസ്തുതികേട്ടു മദിക്കാത്ത—വെല്ലുവിളിയുടെമുമ്പിൽ വിജൃംഭിതമാകാത്ത ആ സത്യത്തിന്റെ സൂക്ഷ്മസുഷമയെ ഇനിയും നീ ഗ്രഹിച്ചില്ലല്ലോ.

* * *

രക്തദാഹത്തിനലംഭാവമില്ല. ആ ഹൃദയത്തിലെ നേരിയ ഉറവുകൾ കുത്തിത്തുറക്കുവാൻ പിന്നെയും ഒരു ശൂലധാരി അങ്ങോട്ടു സമീപിക്കുന്നു. നിമിഷങ്ങൾ...... ഒന്ന്......രണ്ട്... ...മൂന്ന്.. ...അതാ തുറക്കപ്പെട്ടു. സ്നേഹത്തിന്റെ അവസാനനിണബിന്ദുവും ആ ബലിപീഠത്തിൽനിന്ന് ഒഴുകിയിറങ്ങുന്നു. കാൽവരിയിലെ കഠിനതമമായ പാറക്കെട്ടുകളിൽ ചൈതന്യമറ്റ ശവകോടങ്ങളിൽപ്പോലും ഇറങ്ങിച്ചെന്ന് അവയ്ക്ക് ഉണർവ്വൂറ്റി, ഉയിരേകുന്നതാണ് ആ ദിവ്യാമൃതധാര! — നരഹൃദയമേ!



ആ പരമപരിത്യാഗത്തിന്റെ സന്നിധിയിൽ തകർന്നു നിപതിക്കാത്ത നിന്റെ കാഠിന്യമാണു പ്രപഞ്ചത്തിലെ ഒരു ദുർഗ്രഹരഹസ്യം.

കഴിഞ്ഞു—ആ ദുരന്തനാടകത്തിന്റെ ഭരതവാക്യം മുഴങ്ങുന്നു. "പിതാവേ! അവരോടു ക്ഷമിക്കേണമെ; എന്തുകൊണ്ടെന്നാൽ തങ്ങളിച്ചെയ്യുന്നതെന്താണെന്ന് അവരറിയുന്നില്ല." ഹാ! ആ വിശാലഹൃദയത്തിന്റെ മുമ്പിൽ സമർപ്പിക്കാനെങ്കിലും ഒരു തുള്ളിക്കണ്ണുനീർ യഹൂദജനതയ്ക്കില്ല.

* * *

മാപ്പ്! നാഥാ! ക്ഷമിക്കണേ!—ഒന്നല്ല; അനേകമനേകം കാൽവരിക്കുന്നുകൾ ഇന്നു ഞങ്ങളുടെ മദ്ധ്യത്തിലുണ്ട്. ചീഞ്ഞളിഞ്ഞ് മലിമസമായ അന്തഃസ്ഥലത്തെ വെള്ളപൂശി മൂടിപ്പൊതിഞ്ഞിരിക്കുന്ന ഈ "ശവഗർത്ത"ങ്ങളിൽ അവിടുത്തെ ബലിമരം ഇന്നും അനുസ്യൂതം ഉയർത്തപ്പെടുന്നു!—ചുറ്റികയും ആണിയുമേന്തി അങ്ങയെ ക്രൂശിക്കുവാൻ ഞങ്ങൾ തയ്യാറായി നില്ക്കുകയാണ്!! ആ തിരുശ്ശിരസ്സിൽ അടിച്ചിറക്കുവാൻ മുൾക്കിരീടങ്ങൾ പണിയുകയാണ് ഞങ്ങളുടെ ജോലി!!—ആ ഹൃദയത്തിൽ കുത്തിയിറക്കുവാൻ നീണ്ട കുന്തങ്ങളുമായി ഞങ്ങൾ അണിനിരക്കുന്നു!!... ...എന്നിട്ടും അങ്ങു കൂപ്പുകൈയോടെ പിതൃസന്നിധിയിൽനിന്നു കേഴുന്നു: "പിതാവേ! ഇവരോടു ക്ഷമിക്കേണമേ! എന്തുകൊണ്ടെന്നാൽ തങ്ങളിച്ചെയ്യുന്നതെന്താണെന്ന് ഇവർക്കറിഞ്ഞുകൂടാ!!"

അനുനിമിഷം അംബരവീഥിയിലേക്ക് ഈ അലിഖിതസന്ദേശം ഉയരുന്നില്ലായിരുന്നെങ്കിൽ എത്രപണ്ടേ ഞങ്ങൾ ശിക്ഷിക്കപ്പെട്ടേനെ! എത്ര നരകങ്ങൾ ഈ സുന്ദരോദ്യാനത്തിൽത്തന്നെ ദൃശ്യമായേനെ!...

എന്നിട്ടും ആ കരാളമായ കുരിശിൻചുവട്ടിൽ അല്പമൊന്നു നില്ക്കുവാൻ ഞങ്ങൾക്കു സമയമില്ല—പശ്ചാത്താപത്തിന്റെ ഒരു ബാഷ്പബിന്ദുവെങ്കിലും ആ പാദോപധാനത്തിൽ അർപ്പിക്കുവാൻ ഞങ്ങൾ തയ്യാറില്ല. കൃതഘ്നത! നിലയറ്റ കൃതഘ്നത!!

അതാ! മണിനാദം! കാൽവരിയിലെ കരൾ കവരുന്ന ബലിയർപ്പണം! ഭ്രാതാക്കളേ, ഒന്നങ്ങോട്ടു നടന്നുചെല്ലുവിൻ— ഹൃദയത്തിന്റെ നേരിയ ഭിത്തികൾ തട്ടിത്തകർക്കുന്നതാണ് ആ മരമണിനാദം. അതാ പിന്നെയും അതു മുഴങ്ങുന്നു! ആ വഴിത്താരയിലേക്ക് ഒന്നു വേഗം നീങ്ങുവിൻ!

കാൽവരിക്കുന്നിൽ ദിവ്യ ബലിവസ്തു ഉയർന്നുകഴിഞ്ഞു. അതാ പഴയനിയമത്തിലെ രക്തപങ്കിലമായ ബലി നിയമങ്ങളുടെ മരണ മണിനാദം!!... ...

* * *

കുരിശേ! കാൽവരിയിലെ കനകമയ ബലിപീഠമേ! നമസ്കാരം!—മണ്ണും വിണ്ണും കൂട്ടിയിണക്കിയ മഹോന്നത വിജയധ്വജമേ, നമസ്കാരം! വാനലോകകവാടത്തിലേക്കുള്ള ചൂണ്ടുപലകയായി വിരാജിക്കുന്ന വിശ്വോത്തര വിമലതയേ! നമസ്കാരം!!!


## സിർക്കോ ആരാം തേൽ

No. 1. ശിരോരോഗങ്ങളെ നീക്കി തലയ്ക്കു സുഖത്തെ കൊടുക്കുന്നതിനു അത്യുത്തമം.

No. 2. തലമുടിക്കു വളർച്ചയും പുഷ്ടിയും നൽകുന്നതു്.

| | | 8 ഔ: | 12 ഔ: | 16 ഔ: |
|---|---|---|---|---|
| വില | No. 1. ക. | 3—12—0 | 5—4—0 | 7—0—0 |
| | No. 2. | 4—0—0 | 5—8—0 | 7—4—0 |

എം. ജെ. മാത്യു വൈദ്യൻ, മടുക്കക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി


## പുതിയ സെക്രട്ടറി

ഹോളി ഓഫീസ് തിരുസംഘത്തിന്റെ പുതിയ സെക്രട്ടറിയായി കാർഡിനൽ പിസ്സാർഡൊ നിയമിതനായിരിക്കുന്നു.

### അപവാദത്തിനു
## ശിക്ഷ

കാർഡിനൽ പച്ചെല്ലി മാർപ്പാപ്പ ആയശേഷം പച്ചെല്ലി കുടുംബത്തിന്റെ സ്വത്തു വർദ്ധിച്ചു എന്ന സൂചന നല്കിക്കൊണ്ട് "ഓമ്നിബൂസ്" എന്ന പത്രത്തിൽ ഒരു ലേഖനമെഴുതിയ ടാർകവിനിയൊ മല്ലിയാറിനൊ എന്നയാൾക്കും പത്രത്തിന്റെ ഉടമസ്ഥനും ഒരു കൊല്ലംവീതം തടവുശിക്ഷ നല്കിക്കൊണ്ട് ടൂറിനിലെ കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു.

## 5 ലക്ഷം പവൻ

ആഫ്രിക്കായിലെ മിഷൻപ്രവർത്തനങ്ങൾക്കായി കഴിഞ്ഞവർഷത്തിൽ പോർത്തുഗീസ് ഗവമ്മെന്റ് 5 ലക്ഷം പവൻ ചെലവഴിച്ചിരിക്കുന്നു.

### ദൈവവിളി പരിരക്ഷിക്കാൻ
## സ്വാതന്ത്ര്യം

മാതാപിതാക്കന്മാരെക്കാൾ കൂടുതലായി ദൈവത്തെ അനുസരിക്കണമെന്ന കാരണത്താൽ മക്കളുടെ "ദൈവവിളി"ക്കു മാതാപിതാക്കന്മാർ പ്രതിബന്ധം വരുത്താൻ പാടില്ലെന്ന് ബ്യൂനോസ് അയേഴ്സിലെ കോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. 18 വയസ്സായ ഒരു ബാലൻ വൈദികവിദ്യാലയത്തിൽ പ്രവേശിച്ചതു സംബന്ധിച്ചാണ് ഈ വിധിപ്രസ്താവമുണ്ടായതു്.

## 75ശതമാനം ഗ്രാന്റ്

ഹോളണ്ടിലെ നിമെജൻകത്തോലിക്കാ സർവ്വകലാശാലയോടനുബന്ധമായി വൈദ്യബിരുദങ്ങൾ നൽകുന്നതിനുള്ള ഒരു വിഭാഗവും (Medical faculty) ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കയാണ്. അതിനുവേണ്ടി പണിചെയ്യാൻ പോകുന്ന കെട്ടിടത്തിനു വരുന്ന ചെലവിന്റെ 75ശതമാനവും ഗവമ്മെന്റ് ഗ്രാന്റായി നൽകുന്നതായിരിക്കും.


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulm



### ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം
## ഓറിയന്റ് സെൻട്രൽ ബാങ്ക് ക്ലിപ്തം
### ഹെഡാഫീസ് — കോട്ടയം

പുരോഗമനവിവരണം

| ആണ്ട് | നിക്ഷിപ്ത മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവർത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസമ്പർ | 136410 | 1007884 | 1155996 | 2½ ശതമാനം |
| 1946 " | 170190 | 1908826 | 2219103 | 4 " |
| 1947 " | 244900 | 2463443 | 2923000 | 4 " |
| 1948 " | 271800 | 2779917 | 3393468 | 4 " |
| 1949 " | 304000 | 3641486 | 4143000 | 4 " |
| 1950 " | 313470 | 5425000 | 7300000 | — |